# സീമാറ്റ്–കേരള

## വാർഷിക റിപ്പോർട്ട്
## 2019-2020

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് - കേരള**

**ചെയർമാൻ**

പ്രൊഫ. സി. രവീന്ദ്രനാഥ്
ബഹു.പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി

**വൈസ് ചെയർമാൻ**

എ. ഷാജഹാൻ ഐ.എ.എസ്.
സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്

**ഡയറക്ടർ**

ഡോ. എം. എ ലാൽ

## ഡയറക്ടറുടെ എഴുത്തുമേശയിൽ നിന്ന്
## അഭിമാനപൂർവ്വം...

കേവല പരിശീലനങ്ങളുടെ നൈരന്തര്യ കേന്ദ്രം എന്നതിനപ്പുറം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് വിജയവീഥി ഒരുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന ഏജൻസികളിൽ ഒന്നെന്ന് സീമാറ്റ്-കേരള എണ്ണപ്പെട്ട വർഷമാണ് 2019-20. എഡ്യൂക്കേഷണൽ മാനേജ്മെന്റ് എന്ന വിശാലാശയത്തെ അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളാനും ഗവേഷണ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും യാഥാർത്ഥ്യങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രയോഗക്ഷമമായ പാഠങ്ങളാക്കി പരിശീലനാർത്ഥികൾക്ക് പകർന്നു നൽകാനും കഴിയുന്നതാണ് ട്രെയിനിംഗ് സ്ഥാപനമെന്ന നിലയിൽ സീമാറ്റ്-കേരളയുടെ പ്രസക്തി.

പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾക്കുള്ള പരിശീലനപരിപാടികൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നീ രണ്ട് ധാരകളിലായി ഇൻസ്റ്റിറ്റ്യൂട്ട് പുനഃരാവിഷ്ക്കരിച്ചിരുന്നു. റിപ്പോർട്ട് വർഷം 86 പരിശീലന പരിപാടികളാണ് സീമാറ്റ്-കേരള സംഘടിപ്പിച്ചത്. എൽ.പി./യു.പി. സ്കൂളുകളിലെയും ഹൈസ്ക്കൂളുകളിലെയും പ്രഥമാദ്ധ്യാപകർക്ക് CEP ധാരയിൽപെടുത്തി പരിശീലനം നൽകിയപ്പോൾ ഹയർ സെക്ക ഡറി സ്കൂൾ പ്രിൻസിപ്പൽമാർ, എ.ഇ.ഒ.മാർ, ഡി.ഇ.ഒ.മാർ, മറ്റ് വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയ വിഭാഗങ്ങൾക്ക് LEP പരിശീലനമാണ് നൽകിയത്. പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് LEP നൽകിത്തുടങ്ങിയതും 2019-20 ൽ ആണ്. ഡയറ്റ് പ്രിൻസിപ്പൽമാർക്ക് ലെവൽ 1 ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം (FDP) നൽകാൻ കഴിഞ്ഞതാണ് മറ്റൊരു നേട്ടം.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷന്റെ (NIEPA) കീഴിലുള്ള നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പിന്റെ (NCSL) മാതൃകയിൽ സ്കൂൾ ലീഡർഷിപ്പ് അക്കാദമിക-കേരള (SLA-K) ആരംഭിക്കാൻ കഴിഞ്ഞതും റിപ്പോർട്ട് വർഷം പിന്നിട്ട നാഴികക്കല്ലാണ്. 2020 ഫെബ്രുവരി 18 ന് ബഹു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. SLA-K ന്റെ പ്രവർത്തനമാർഗരേഖ തയ്യാറാക്കാനായതും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG) രൂപീകരിക്കാൻ കഴിഞ്ഞതും അക്കാദമിയുടെ കീഴിൽ എഡ്യൂക്കേഷണൽ ലീഡർഷിപ്പ് എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണ പരമ്പരയ്ക്ക് തുടക്കമിടാൻ സാധിച്ചതും 2019-20 ലെ നേട്ടങ്ങളാണ്. ഉദ്ഘാടന പ്രഭാഷണം നടത്തിയത് NIEPA വൈസ് ചാൻസലറായ ഡോ. എൻ.വി. വർഗ്ഗീസ് ആയിരുന്നു. മികച്ച സ്കൂൾ ലീഡർഷിപ്പ് മോഡലുകൾ കണ്ടെത്തി അംഗീകാരം നൽകാനുള്ള ശ്രമത്തിനും റിപ്പോർട്ട് വർഷം തുടക്കമിട്ടു.

ദേശീയ കരട് വിദ്യാഭ്യാസനയം 2019 അധികരിച്ച് ദ്വിദിന കോൺഫറൻസ് നടത്തി, ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും വിമർശനങ്ങളും ആശയങ്ങളും സർക്കാരിന് സമർപ്പിക്കാൻ കഴിഞ്ഞത്, 2018-19 ൽ സംഘടിപ്പിച്ച പരിശീലനപരിപാടികളുടെ ഡോക്യുമെന്റേഷനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചത്, സീമാറ്റ്-കേരളയുടെ മുൻകാല പ്രവർത്തനങ്ങൾ വിശകലനം ചെയ്യാനും ഭാവി പരിപാടികകളുടെ രൂപരേഖ തയ്യാറാക്കാനും ബ്രെയിൻ സ്റ്റോമിംഗ് സിംപോസിയം സംഘടിപ്പിച്ചത് എന്നിങ്ങനെ എടുത്തു പറയാൻ നേട്ടങ്ങൾ വേറെയുമുണ്ട്.

ദീർഘിപ്പിക്കുന്നില്ല, എഡ്യൂക്കേഷണൽ മാനേജ്മെന്റ് രംഗത്തെ പ്രമുഖ ഗവേഷണ-പരിശീലന കേന്ദ്രമായ സീമാറ്റ്-കേരളയുടെ 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട്, ഭരണ റിപ്പോർട്ട്, ഓഡിറ്റഡ് അക്കൗണ്ട്സ് എന്നിവയടങ്ങുന്ന ഈ ലഘു സമാഹാരം സർക്കാരിന്റെയും മുഴുവൻ ഭാഗഭാക്കുകളുടെയും അഭ്യുദയകാംക്ഷികളുടെയും പൊതുസമൂഹത്തിന്റെയും മുൻപിൽ സഹർഷം, സവിനയം സമർപ്പിക്കുകയാണ്.

തിരുവനന്തപുരം
07/01/2020

**ഡോ. എം.എ. ലാൽ**
**ഡയറക്ടർ**

## ഉള്ളടക്കം


| ഭാഗം – 1<br>വാർഷിക റിപ്പോർട്ട് | | പേജ് |
|---|---|---|
| അദ്ധ്യായം - 1 | ആമുഖം | 1 - 2 |
| അദ്ധ്യായം - 2 | സീമാറ്റ്-കേരള - ഭരണ സംവിധാനവും ഉദ്യോഗസ്ഥവിന്യാസവും | 3 – 5 |
| അദ്ധ്യായം - 3 | സീമാറ്റ്-കേരള - ഉദ്ദേശ്യലക്ഷ്യങ്ങൾ | 6 |
| അദ്ധ്യായം - 4 | സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും | 7 – 9 |
| അദ്ധ്യായം - 5 | പരിശീലനപരിപാടികളുടെ പ്രധാന വിഷയങ്ങൾ | 10 – 11 |
| അദ്ധ്യായം - 6 | 2019-20 ൽ സംഘടിപ്പിച്ച പരിശീലന പരിപാടികൾ | 12 – 20 |
| അദ്ധ്യായം - 7 | കരട് ദേശീയ വിദ്യാഭ്യാസ നയം - 2019 | 21 – 24 |
| അദ്ധ്യായം - 8 | ഫലപ്രാപ്തി പഠനം | 25 – 26 |
| അദ്ധ്യായം - 9 | അക്കാദമിക് ജേർണലും ഗവേഷണവും | 27 – 28 |
| അദ്ധ്യായം - 10 | പരിപാടികൾ ഒറ്റനോട്ടത്തിൽ | 29 – 36 |
| അദ്ധ്യായം - 11 | സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള (SLA-K) | 37 - 43 |
| ഭാഗം – 2<br>ഭരണ റിപ്പോർട്ട് | | 45 - 48 |
| ഭാഗം – 3<br>ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും | | 49 - 67 |
| **അനുബന്ധങ്ങൾ**<br>അനുബന്ധം 1 - കരട് ദേശീയ വിദ്യാഭ്യാസ നയം - ദ്വിദിന കോൺഫറൻസിന്റെ റിപ്പോർട്ട്<br>അനുബന്ധം 2 - ഫലപ്രാപ്തി പഠന റിപ്പോർട്ട് | | |

# ഭാഗം – 1

# വാർഷിക റിപ്പോർട്ട്

## അദ്ധ്യായം – 1

## ആമുഖം

വിദ്യാഭ്യാസ ആസൂത്രണ-ഭരണ മേഖലകളിൽ സമഗ്രവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിന് ദേശീയതലത്തിൽ NIEPA യും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ) സംസ്ഥാനങ്ങളിൽ സീമാറ്റുകളും (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്) ആരംഭിക്കണമെന്ന ശുപാർശ 1986 ലെ ന്യൂ എഡ്യൂക്കേഷൻ പോളിസി ഡോക്യുമെന്റിൽ ഉണ്ടായിരുന്നു. ഈ ശുപാർശയുടെ ചുവടുപിടിച്ച്, പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2004 മാർച്ച് മുതൽ പ്രവർത്തനം ആരംഭിച്ച സ്വയംഭരണ സ്ഥാപനമാണ് സീമാറ്റ്-കേരള. 1955 ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുളള ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയ ഏജൻസിയായ NIEPA യുടെ മാതൃകയിലാണ് രൂപീകരിച്ചിരിക്കുന്നത്. 2005 ജൂലൈ 21 ൽ പ്രവർത്തനമാരംഭിച്ച സീമാറ്റ്-കേരള, 2011 ഫെബ്രുവരി 11 മുതൽ തിരുവനന്തപുരം അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂളിന് സമീപം പുതുതായി പണിപൂർത്തിയാക്കിയ മന്ദിരസമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധ വിഭാഗങ്ങൾക്കും ഭരണനിർവഹണ കാര്യങ്ങളിൽ വിദഗ്ദ്ധപരിശീലനം നൽകി വിദ്യാഭ്യാസരംഗത്തെ ചലനാത്മകവും പുരോഗമനാത്മകവുമാക്കി മികവിലേയ്ക്കുയർത്തുകയാണ് സീമാറ്റ്-കേരളയുടെ ലക്ഷ്യം. വിദ്യാഭ്യാസാസൂത്രണത്തിനും നിർവഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും, സൂക്ഷ്മാസൂത്രണവും, ഗവേഷണവും കൈപ്പുസ്തകങ്ങൾ അടക്കമുളളവ പ്രസിദ്ധീകരിച്ചുകൊണ്ട് സീമാറ്റ്-കേരള വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങളിലും പങ്കുചേരുന്നു.

വിദ്യാഭ്യാസാസൂത്രണത്തെയും നിർവഹണത്തെയും വികേന്ദ്രീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമായി വികാസം പ്രാപിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്ക് സീമാറ്റ്-കേരള ചുവടുവയ്ക്കുകയാണ്. ഈ ലക്ഷ്യ- ദൗത്യത്തിലേയ്ക്ക് ചിട്ടയായ ആസൂത്രണത്തിലൂടെയും ആശയരൂപീകരണ പ്രയത്നത്തിലൂടെയും എത്തിച്ചേരാനുളള പദ്ധതികളും പരിപാടികളുമാണ് സീമാറ്റ്-കേരള വിഭാവനം ചെയ്യുന്നത്.

സംസ്ഥാന പൊതുവിദ്യാഭ്യാസ മേഖലയിലെ നേതൃസ്ഥാനീയരായ ഉദ്യോഗസ്ഥർക്ക് മികവുറ്റ പരിശീലനം നൽകുന്നതിനൊപ്പം പരിശീലന പരിപാടികൾക്കാവശ്യമായ ആശയങ്ങളും വിഷയങ്ങളും ഗവേഷണ പ്രവർത്തനത്തിലൂടെ ഉരുത്തിരിച്ചെടുക്കുക, വിദ്യാഭ്യാസാ

സൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവരശേഖരണം നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ മാനേജ്മെന്റ് നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക എന്നിവയും സീമാറ്റ് -കേരളയുടെ പ്രധാന ഉത്തരവാദിത്തങ്ങളാണ്.

### അദ്ധ്യായം – 2

## സീമാറ്റ്-കേരള – ഭരണ സംവിധാനം

ദ്വിതല ഭരണ സംവിധാനമാണ് സീമാറ്റ്-കേരളയുടേത്. ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ പൊതുസമിതിയും മന്ത്രി തന്നെ ചെയർമാനായ 12 അംഗ നിർവ്വാഹകസമിതിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്.

### പൊതുസമിതി (General Council)

| | | | |
|---|---|---|---|
| 1 | പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു. പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 5 | സെക്രട്ടറി, പ്ലാനിംങ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 6 | വൈസ് ചാൻസലർ/ഡീൻ ഓഫ് എഡ്യുക്കേഷൻ, കേരള യൂണിവേഴ്സിറ്റി | - | മെമ്പർ |
| 7 | മെമ്പർ (എഡ്യുക്കേഷൻ), സംസ്ഥാന ആസൂത്രണ ബോർഡ് | - | മെമ്പർ |
| 8 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 9 | കേന്ദ്ര മാനവവിഭവശേഷിവകുപ്പിലെ ഒരു പ്രതിനിധി | - | മെമ്പർ |
| 10 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് അഡ്മിനിസ്ട്രേഷനിലെ ഒരു പ്രതിനിധി | - | മെമ്പർ |
| 11 | ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യുക്കേഷൻ | - | മെമ്പർ |
| 12 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 13 | ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | - | മെമ്പർ |
| 14 | ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | - | മെമ്പർ |
| 15 | പ്രൊഫ. എ. സുഹൃത്കുമാർ, അസോസിയേറ്റ് പ്രൊഫസർ, ഗവ. ലോ കോളേജ്, തിരുവനന്തപുരം | - | മെമ്പർ |
| 16 | ഡോ. പി. ഷീബ, അസോസിയേറ്റ് പ്രൊഫസർ, എസ്.എൻ. ട്രെയിനിംങ് കോളേജ്, നെടുങ്ങണ്ട | - | മെമ്പർ |
| 17 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 18 | ശ്രീ. എം. മെഹബൂബ്, സൗഹൃദം, വേളൂർ പി.ഒ., അത്തോളി, കോഴിക്കോട് | - | മെമ്പർ |
| 19 | ഡോ. രാഹുൽ വി.ആർ. അസിസ്റ്റന്റ് പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം | - | മെമ്പർ |
| 20 | ശ്രീ. കെ.സി. ഹരികൃഷ്ണൻ, ഗവ. യു.പി. സ്കൂൾ, ചാല, തിരുവനന്തപുരം | - | മെമ്പർ |
| 21 | ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി, തിരുവനന്തപുരം | - | മെമ്പർ |
| 22 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | - | മെമ്പർ |
| 23 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |

## നിർവാഹകസമിതി (Executive Committee)

| | | | |
|---|---|---|---|
| 1 | പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു. പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | സെക്രട്ടറി, പ്ലാനിംങ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 5 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 6 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 7 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് അഡ്മിനിസ്ട്രേഷനിലെ പ്രതിനിധി | - | മെമ്പർ |
| 8 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 9 | ഡോ. രാഹുൽ വി.ആർ. അസിസ്റ്റന്റ് പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം | - | മെമ്പർ |
| 10 | ശ്രീ. കെ.സി. ഹരികൃഷ്ണൻ, ഗവ. യു.പി. സ്കൂൾ, ചാല, തിരുവനന്തപുരം | - | മെമ്പർ |
| 11 | ശ്രീ. എം. മെഹബൂബ്, സൗഹൃദം, വേളൂർ പി.ഒ., അത്തോളി, കോഴിക്കോട് | - | മെമ്പർ |
| 12 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |

## റിപ്പോർട്ട് കാലയളവിലെ ഡയറക്ടർ

**ഡോ. എം.എ. ലാൽ**

# സീമാറ്റ്-കേരള - ഉദ്യോഗസ്ഥ വിന്യാസം



**അദ്ധ്യായം – 3**

## സീമാറ്റ്– കേരള – ഉദ്ദേശലക്ഷ്യങ്ങൾ

- ✓ വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും മികവിന്റെ കേന്ദ്രമാകുക.
- ✓ ആസൂത്രണ നിർവഹണത്തിന്റെ ഗുണമേൻമ ഉയർത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണ മാനേജ്മെന്റിൽ ഗവേഷണങ്ങൾ നടത്തുകയും അവ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ✓ മറ്റ് സംസ്ഥാന സർക്കാരുകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം വേണ്ട വിദഗ്ധ അഭിപ്രായം നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായും ആസൂത്രണവുമായും ബന്ധപ്പെട്ട ആശയങ്ങളുടെയും വിവരങ്ങളുടെയും ശുദ്ധീകരണശാലയായി പ്രവർത്തിക്കുക.
- ✓ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തുക.
- ✓ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി ലേഖനങ്ങളും മാഗസിനുകളും, ജേർണലുകളും പ്രസിദ്ധീകരിക്കുക.
- ✓ വിദ്യാഭ്യാസ നവീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയുംഅധ്യാപകരുടെയും മറ്റുസ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം സീമാറ്റ്-കേരളയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- ✓ നൂതനമായ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റും ആസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണപദ്ധതികൾ നടത്തുക.
- ✓ സാങ്കേതികവിഭവങ്ങളുടെ പരമാവധി ഉപഭോഗത്തിനായി മറ്റു സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഉപദേശം നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട മേഖലയിൽ സെമിനാറുകളും ശില്പശാലകളും സമ്മേളനങ്ങളും സിംപോസിയങ്ങളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പ്രീ-സർവീസ്, ഇൻ-സർവീസ് കോഴ്സുകൾ സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസ മേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് ബോധവൽക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസ മേഖലയിലെ ആസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.

## അദ്ധ്യായം – 4

# സീമാറ്റ്– കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും

## സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകൾ

സീമാറ്റ്-കേരളയുടെ പ്രവർത്തനങ്ങൾ 5 വകുപ്പുകൾക്ക് കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് മുന്നോട്ട് കൊണ്ടു പോകുന്നത്.

- **പോളിസി പ്ലാനിംങ്, മോണിറ്ററിംങ് ആന്റ് ഇവാല്യുവേഷൻ വിഭാഗം**

വിദ്യാഭ്യാസ മേഖലയിൽ പുതുതായി ഉരുത്തിരിയുന്ന ആശയങ്ങളെപ്പറ്റിയും വിഷയങ്ങളെപ്പറ്റിയും കാഴ്ചപ്പാടുകളെപ്പറ്റിയും പഠനം നടത്തുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും പ്രാഥമികമായ ഊന്നൽ നൽകിക്കൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ നയരൂപീകരണം എങ്ങനെയാണ് സാധ്യമാകുന്നത്, അതിന്റെ ഉരുത്തിരിയൽ എങ്ങനെയാണ് എന്നതിനെക്കുറിച്ചും ഈ വിഭാഗം പഠിക്കുന്നു. നയരൂപീകരണത്തെക്കുറിച്ചും മാനേജ്മെന്റ് പരിശീലനങ്ങളെപ്പറ്റിയുമുള്ള വിലയിരുത്തലുകൾ നടത്തി. വിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട വിവിധതരം പരിശീലനങ്ങൾ, ശില്പശാലകൾ, ചർച്ചകൾ തുടങ്ങിയ പരിപാടികൾ സീമാറ്റ്-കേരള സംഘടിപ്പിക്കുന്നത് ഈ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ്. അത്തരം വിലയിരുത്തലുകൾ നടത്തുന്നതിനുള്ള സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ട് സീമാറ്റ്-കേരളയുടെ ആത്യന്തിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്, മറ്റു വിഭാഗങ്ങളോടൊപ്പം ചേർന്നുകൊണ്ട് നിരന്തരം പരിശ്രമിക്കുക എന്നതാണ് വിഭാഗത്തിന്റെ ലക്ഷ്യം.

- **മാനേജ്മെന്റ് ട്രെയിനിംങ് വിഭാഗം**

വിദ്യാഭ്യാസ മേധാവികൾക്കും ഭരണതലത്തിൽ നേതൃത്വം നൽകുന്നവർക്കും വിദ്യാഭ്യാസ നിർവ്വഹണത്തിൽ പരിശീലനം നൽകാനുള്ള ചുമതല ഈ വിഭാഗത്തിനാണ്. സ്വാഭാവികമായും വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ആസൂത്രണം ചെയ്യുന്നതും സംഘടിപ്പിക്കുന്നതും മാനേജ്മെന്റ് ട്രെയിനിംഗ് വിഭാഗമാണ്. സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാനാവശ്യമായ പരിശീലനമാണ് വിവിധ വിഭാഗങ്ങളിൽപെടുന്ന മേധാവികൾക്ക് നൽകിവരുന്നത്. ഇതുമായി ബന്ധപ്പെട്ട ആസൂത്രണം, നിർവ്വഹണം, മൊഡ്യൂൾ തയ്യാറാക്കൽ തുടങ്ങിയവ സാധ്യമാക്കാനാവശ്യമായ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതലയും ഈ വിഭാഗത്തിനുണ്ട്. കൂടാതെ ലക്ഷ്യസാക്ഷാത്കാരത്തിന്, ആവശ്യഘട്ടങ്ങളിൽ, സെമിനാറുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്താറുമുണ്ട്.

- **റിസർച്ച്, എഡ്യുക്കേഷണൽ ഇന്നവേഷൻ, കൺസൾട്ടൻസി ആന്റ് ഡോക്യുമെന്റേഷൻ വിഭാഗം**

വിദ്യാഭ്യാസാസൂത്രണത്തിലും നിർവഹണത്തിലും സഹായകമായ മികച്ച ഗവേഷണങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന വിഭാഗമാണിത്. വിദ്യാഭ്യാസ രംഗത്ത് നേതൃസ്ഥാനം വഹിക്കുന്നവരുടെ നേതൃഗുണങ്ങളും നിർവഹണശേഷിയും വർധിപ്പിക്കുന്നതിനുള്ള സീമാറ്റ്-കേരളയുടെ ശ്രമത്തിന് ഊർജ്ജംപകരുന്നത് ഈ വിഭാഗമാണ്.ഗുണനിലവാരമുള്ള ഗവേഷണങ്ങൾ നടത്തുന്നതിലും പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നതിലും വിഭാഗം ബദ്ധശ്രദ്ധമാണ്. വിദ്യാഭ്യാസരംഗത്ത് മികച്ച ഗവേഷണങ്ങൾ നടത്തി, നവീനാശയങ്ങൾ ഉരുത്തിരിച്ചെടുത്താലെ ഗുണനിലവാര വർദ്ധന സാദ്ധ്യമാകൂ. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഭാവിയിൽ സംശയനിവാരണത്തിനായി അവ ലഭ്യമാക്കേണ്ടതും പരമപ്രധാനമായ കാര്യങ്ങളാണ്. ലൈബ്രറി, ഡേറ്റാബെയ്സ് മുതലായ അനുബന്ധ സേവനങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്.

- **എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗം**

വിദ്യാഭ്യാസ മാനേജ്മെന്റ് വിവരസംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡാറ്റാശേഖരം തയ്യാറാക്കുന്നതിനാവശ്യമായ ഗവേഷണം നടത്തുക, ഡേറ്റാവിശകലനം നടത്തി നയരൂപീകരണത്തിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. അതുപോലെ കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിവരവിശകലന പ്രവർത്തനത്തിലും ഈ വിഭാഗം ഭാഗഭാക്കാകുന്നു. സീമാറ്റ്-കേരള അന്തർദേശീയതലത്തിൽ പ്രസിദ്ധമായ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിന് നിരന്തരം ശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കുന്നതും എഡ്യൂക്കേഷൻ പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗമാണ്. ഡേറ്റാ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ തുറകളിൽ ശില്പശാലകളും പരിശീലനപരിപാടികളും സംഘടിപ്പിക്കുക, ഈ മേഖലയിൽ അത്യാധുനിക ഗവേഷണങ്ങൾ നടത്തുക എന്നിവയും ഈ വകുപ്പിന്റെ കർത്തവ്യങ്ങളിൽപ്പെടുന്നു.

- **അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്**

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഓരോ അധ്യയനവർഷത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ നിർണായക പങ്കുവഹിക്കുന്ന വിഭാഗമാണിത്. മികച്ച ആസൂത്രണവും മാനേജ്മെന്റും സ്കൂളുകളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. അതിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തികൾക്കും മറ്റു ഗുണഭോക്താക്കൾക്കും തൊഴിൽപരമായ പരിശീലനവും മാർഗനിർദേശവും നൽകേണ്ടിവരും. അതിനാൽ ഈ വിഭാഗം വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളിലൂടെ പ്ലാനിങ്ങിനെയും മാനേജ്മെന്റിനെയും സംബന്ധിക്കുന്ന പരിശീലനം

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേധാവികൾക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിവരുന്നു. ഗവേഷണമടക്കമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ പരിശീലനപരിപാടികൾ കാലോചിതമായി പരിഷ്കരിക്കേണ്ടതും ഈ വകുപ്പിന്റെ ചുമതലയാണ്.

## ടാർഗറ്റ് ഗ്രൂപ്പ്

പൊതുവിദ്യാഭ്യാസവകുപ്പിൻ കീഴിലുള്ള മുഴുവൻ ജില്ലാ, ഉപജില്ലാ തലത്തിലുള്ള സ്ഥാപനമേധാവികളും അഡ്മിനിസ്ട്രേറ്റീവ്/അക്കാദമിക് അംഗങ്ങളുമാണ് സീമാറ്റ്-കേരള നടത്തുന്ന വിവിധ മാനേജ്മെന്റ്/ലീഡർഷിപ്പ് പരിപാടികളുടെ ഗുണഭോക്താക്കൾ. ഇതു കൂടാതെ വിദ്യാഭ്യാസവകുപ്പിലെ നേതൃത്വനിരയിലുള്ള എല്ലാ അഡ്മിനിസ്ട്രേറ്റീവ്/ അക്കാദമിക് അംഗങ്ങൾക്കും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് പരിശീലനം നൽകി വരുന്നു. ഡയറ്റ് ഫാക്കൽറ്റിക്കുവേണ്ടി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമുകൾ (FDPs) സംഘടിപ്പിക്കുന്നതും സീമാറ്റ്-കേരളയാണ്.

## അദ്ധ്യായം – 5

# പരിശീലന പരിപാടികളുടെ പ്രധാന വിഷയങ്ങൾ

### പരിശീലനപരിപാടികളുടെ പ്രധാന വിഷയങ്ങൾ

2017-ൽ അതുവരെ സീമാറ്റ്-കേരള നടത്തിവന്നിരുന്ന മാനേജ്മെന്റ് പരിശീലന പരിപാടികളുടെ വിലയിരുത്തൽ നടത്തി അവയെ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിങ്ങനെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിക്കുകയും താഴെപ്പറയുന്ന വിഷയങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവികൾക്കും പരിശീലനം നൽകാൻ ധാരണയാകുകയും ചെയ്തു.

**1. പൊതുവിഷയങ്ങൾ**

1. നേതൃത്വപാടവം
2. തീരുമാനമെടുക്കുന്നതിലുള്ള വൈദഗ്ധ്യം
3. യോഗ/മെഡിറ്റേഷൻ/മൈന്റ് ഫുൾനെസ്
4. ടൈം മാനേജ്മെന്റ്
5. ഓഫീസ് മാനേജ്മെന്റ്
6. കമ്മ്യൂണിക്കേഷനിലുള്ള വൈദഗ്ധ്യം
7. ദുരന്തനിവാരണ വൈദഗ്ധ്യം
8. സ്ഥാപനമേധാവി എന്ന നിലയിൽ വിവിധ മേഖലകളിലുള്ള ശേഷി വർധിപ്പിക്കൽ

**2. അക്കാദമിക മാനേജ്മെന്റ്**

1. പരീക്ഷകളും വിലയിരുത്തലും
2. നിർദേശങ്ങളും മേൽനോട്ടവും
3. സ്കൂൾ/ക്ലാസ്റൂം നിരീക്ഷണം
4. സ്വയംവിലയിരുത്തലും നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും പരിശീലനം

**3. വിദ്യാഭ്യാസാധിഷ്ഠിത വിഷയങ്ങൾ**

1. കേരളവിദ്യാഭ്യാസനയവും അതിലെ വ്യവസ്ഥകളും
2. കേരളവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടുകൾ
3. വിദ്യാഭ്യാസനയങ്ങളുടെ വിലയിരുത്തൽ
4. വിദ്യാഭ്യാസപ്രവണതകളുടെ അവലോകനം
5. SSA/RMSA/KIETപരിപാടികളുടെ നിർവഹണവും വിലയിരുത്തലും
6. പ്രത്യേക പരിഗണനആവശ്യമുള്ള കുട്ടികൾ/വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികൾ
7. വിദ്യാഭ്യാസമേഖലയിലെ നൂതനാശയങ്ങൾ

മേൽ രൂപരേഖയുടെ അടിസ്ഥാനത്തിൽ, സെഷനുകൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർ ഓരോ സെഷന്റെയും ഉള്ളടക്കം നിശ്ചയിച്ച് സീമാറ്റ്-കേരളയ്ക്ക് നൽകിവരുന്നു.

**4.പ്രത്യേകവിഷയങ്ങൾ**

1. കേരള സർവീസ് റൂൾസ്
2. കേരള സ്റ്റേറ്റ്സ് സബോർഡിനേറ്റ് സർവീസ് വകുപ്പുകൾ
3. കേരള ഫിനാൻഷ്യൽ കോഡ്
4. ട്രഷറി കോഡ്
5. സെക്രട്ടറിയേറ്റ് മാനുവൽ
6. റൂൾസ് ഓഫ് ബിസിനസ്
7. ജില്ലാ ഓഫീസ് മാനുവൽ
8. പദ്ധതിനിർവഹണത്തിനുള്ള മാനുവൽ
9. ബജറ്റ് തയ്യാറാക്കൽ
10. ഭരണാനുമതിക്കുള്ള നടപടിക്രമം
11. സാങ്കേതികാനുമതിക്കുള്ള നടപടിക്രമം
12. പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളും വ്യവഹാരങ്ങളും
13. വിവരാവകാശ നിയമം, കോടതി വ്യവഹാരങ്ങൾ

## അദ്ധ്യായം – 6

# 2019 – 20ൽ സംഘടിപ്പിച്ച പരിശീലന പരിപാടികൾ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളോടൊപ്പം ചേർന്നുകൊണ്ട് വിദ്യാഭ്യാസ ആസൂത്രണ പ്രക്രിയയിൽ സീമാറ്റ്-കേരള നടത്തുന്ന പുരോഗമനപരമായ ഇടപെടലുകൾ നയരൂപീകരണത്തിൽ സർക്കാരിന് സഹായകമാകുന്നു. വിദ്യാഭ്യാസ ജില്ലാ-ഉപജില്ലാ ഓഫീസർമാർ, സംസ്ഥാനത്തെ എൽ.പി./യു.പി., ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കൻഡറി പ്രിൻസിപ്പൽമാർ, വൊക്കേഷണൽ ഹയർ സെക്കൻഡറി കരിയർമാസ്റ്റർമാർ തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവരാണ് സീമാറ്റ്-കേരള സംഘടിപ്പിക്കുന്ന മാനേജ്മെന്റ് പരിശീലനങ്ങളുടെ ഗുണഭോക്താക്കൾ. 2005 ൽ സീമാറ്റ്-കേരള സ്ഥാപിതമായതുമുതൽ 80000 ത്തിലേറെ പേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ അക്കാദമിക-ഔദ്യോഗിക തലത്തിൽ മാത്രമല്ല വ്യക്തി ജീവിതത്തിലും പരിശീലനാർത്ഥികളെ ഉന്നതനിലവാരത്തിൽ എത്തിച്ചുവരുന്നു. തങ്ങളുടെ അധികാരപരിധിയിൽപെടുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും, നിയന്ത്രിക്കാനും അവലോകനം ചെയ്യാനും സഹായകമായ അറിവും ഉൾക്കാഴ്ചയും സീമാറ്റ്-കേരള പരിശീലിപ്പിച്ചവർക്ക് ലഭിക്കുന്നുവെന്ന് ഫലപ്രാപ്തി പഠനങ്ങളിൽ വെളിവായിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മാർഗദീപമായി മാറിയ പല കൈപുസ്തകങ്ങളും രേഖകളും ഗവേഷണത്തിലൂടെ തയ്യാറാക്കി നൽകാനും സീമാറ്റ്-കേരളയ്ക്ക് സാധിക്കുന്നു. ഗുണമേന്മയുള്ള പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക എന്നതാണ് സീമാറ്റ്-കേരളയുടെ പ്രധാന ലക്ഷ്യം. 2019-2020 ൽവിവിധ വിഭാഗങ്ങളിൽപെടുന്ന 2606 പേർക്കാണ് സീമാറ്റ്-കേരളയുടെ മാനേജ്മെന്റ് പരിശീലനം ലഭിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP)

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂൾ പ്രഥമാധ്യാപകർക്കായി ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 15 ബാച്ചുകളിലായി സംഘടിപ്പിക്കുകയുണ്ടായി. അതിന് തുടർച്ചയായി പുതുതായി നിയമനംലഭിച്ച പ്രഥമാധ്യാപകർക്ക് 2019 സെപ്തംബർ 18 മുതൽ 28 വരെ 4 ബാച്ചുകളിലായി CEP സംഘടിപ്പിച്ചു. മുൻ പരിശീലനങ്ങൾക്ക് ഉപയോഗിച്ച മൊഡ്യൂളുകളും പരിശീലന സെഷനുകളും തന്നെയായിരുന്നു ഈ പരിശീലന പരിപാടികൾക്കും ഉപയുക്തമാക്കിയത്. ദ്വിദിന റസിഡൻഷ്യൽ പ്രോഗ്രാമായി സീമാറ്റ്-കേരളയിൽ വച്ചാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്. 138 പരിശീലനാർത്ഥികൾ ഇ

തിൽ പങ്കെടുത്തു. പരിശീലനം മികച്ചതും ഫലപ്രദവുമായിരുന്നുവെന്ന് പരിശീലനാർത്ഥി കൾക്കിടയിൽ നടത്തിയ ഫലപ്രാപ്തി പഠനത്തിൽ വെളിവായി.




**2. എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന ലെവൽ-2 കപ്പാസിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം (CEP)**

സീമാറ്റ്-കേരളയുടെ ലെവൽ 1 പരിശീലനം പൂർത്തിയാക്കിയ എൽ.പി./യു.പി. പ്രഥ മാധ്യാപകരുടെ ലെവൽ-2 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2019 ഒക്ടോബർ 14 മു തൽ ഡിസംബർ 6 വരെ ശ്രീകാര്യം മരിയാറാണി സെന്ററിൽ വച്ച് ത്രിദിന റസിഡൻഷ്യൽ പ്രോഗ്രാമുകളായി സംഘടിപ്പിച്ചു. 800ഓളം പ്രഥമാധ്യാപകർ 19 ബാച്ചുകളിലായി പരിശീലന ത്തിൽ പങ്കെടുത്തു.

ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ആരംഭിച്ച ലെവൽ 2 പ്രോഗ്രാമിൽ ലെവൽ 1 CEP യുടെ വിലയിരുത്തൽ, പ്രോബ്ലം സോൾവിംഗ് & ഡിസിഷൻ മേക്കിംഗ്, ഡിസിപ്ലിനറി പ്രൊ സീജ്യർ, സമഗ്ര, യോഗ (പരിശീലനത്തിന്റെ രണ്ടും മൂന്നും ദിവസങ്ങളിൽ രാവിലെ), ഫി നാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, KER, RTI, ലീഗൽ അവയർനെസ്, ഇന്ററാക്ഷൻ വിത്ത് എമിനന്റ് പേഴ്സൺ, അക്കാദമിക് മോണിറ്ററിംഗ്, ഐഡന്റിഫിക്കേഷൻ ഓഫ് ലേണിംഗ് ഗ്യാപ്സ്, ആക്ഷൻപ്ലാൻ തുടങ്ങിയ സെഷനുകളാണ് ഉൾപ്പെടുത്തിയിരു ന്നത്.

സീമാറ്റ്-കേരളയുടെ ആർ.പി.പൂളിലെ പരിശീലകരായ ശ്രീ.മനോജ് മേലേടത്ത്(late), ശ്രീ.കെ.കെ. രാഘവൻ, ശ്രീ.എം. തമ്പാൻ, ശ്രീ. മൊയ്തുണ്ണി, ശ്രീ. വിനോദ്കുമാർ ദാമോദർ, ഡോ. കൃഷ്ണകുമാർ, ശ്രീ. സജു, ശ്രീമതി. ശ്രീജാദേവി, ശ്രീമതി. അകാംഷ ഗുപ്ത, ശ്രീ. ആദർശ്, ശ്രീ. അനിൽകുമാർ, ശ്രീ. നിസാമുദ്ദീൻ, ശ്രീ.സൈനുദ്ദീൻ പട്ടാമ്പി, ശ്രീ.റഹ്മത്തുള്ള, ശ്രീ. അബ്ദുൾ അസീസ്, ഫാ. പി.ഡി. തോമസ്, ശ്രീ. ജോബി, ശ്രീ. സി.എം. ബാലകൃഷ്

ണൻ, ഡോ.വി.പരമേശ്വരൻ, ഡോ.രാമചന്ദ്രൻ, ഡോ. രാജേന്ദ്രൻ തുടങ്ങിയവരാണ് വിവിധ സെഷനുകൾ കൈകാര്യം ചെയ്തത്.




ഇന്ററാക്ഷൻ വിത്ത് എമിനന്റ് പേഴ്സൺ എന്ന സെഷനിൽ ഡോ. എ.പി. കുട്ടികൃഷ്ണൻ (ഡയറക്ടർ, എസ്.എസ്.കെ.), ഡോ. ജെ. പ്രസാദ് (ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.), ഡോ. സി. രാമകൃഷ്ണൻ (പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം), ശ്രീ. ചെറിയാൻ ഫിലിപ്പ് (നവകേരള മിഷൻ കോ-ഓർഡിനേറ്റർ) ശ്രീ. രാഹുൽ ഐ.ആർ.എസ്. (ഡയറക്ടർ, റോഡ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപറേഷൻ) തുടങ്ങിയവർ വിശിഷ്ടാതിഥികളായെത്തി.

മൂന്ന് ദിവസങ്ങളായി നടന്ന CEP ലെവൽ 2 സംഘാടന മികവുകൊണ്ടും സെഷനുകളുടെ പ്രാധാന്യം കൊണ്ടും മികച്ചതായിരുന്നുവെന്ന് ഫലപ്രാപ്തി പഠനത്തിൽ പരിശീലനാർത്ഥികൾ അഭിപ്രായപ്പെട്ടു.

### 3. ഹൈസ്ക്കൂൾ പ്രഥമാധ്യാപകർക്കുളള ത്രിദിന ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP)

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കായി സീമാറ്റ്-കേരള സംഘടിപ്പിച്ച ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് 10 ബാച്ചുകളാണ് ഉണ്ടായിരുന്നത്. ഇതിന് തുടർച്ചയായി പുതുതായി സ്ഥാനക്കയറ്റം ലഭിച്ച പ്രഥമാധ്യാപകർക്ക് 2019 ഒക്ടോബർ 3 മുതൽ 11 വരെ രണ്ട് ബാച്ചുകളിലായി 78 പേരെ ഉൾപ്പെടുത്തി ത്രിദിന റസിഡൻഷ്യൽ പ്രോഗ്രാമുകളും സംഘടിപ്പിച്ചു. കോവളം, കെ.ജെ.ജെ.എം. അനിമേഷൻ സെന്ററിൽ വച്ചായിരുന്നു പരിശീലനങ്ങൾ നടന്നത്. ഹൈസ്ക്കൂൾ പ്രഥമാധ്യാപകരുടെ ആദ്യ പരിശീലനത്തിന് ഉപയോഗിച്ച മൊഡ്യൂളും

സെഷനുകളുമാണ് ഈ ബാച്ചുകൾക്കും ഉപയോഗിച്ചത്. പരിശീലനം മികച്ച നിലവാരം പുലർത്തിയെന്ന് ഫലപ്രാപ്തി പഠനം വിലയിരുത്തി.




**4. ഹൈസ്ക്കൂൾ പ്രഥമാധ്യാപകർക്കുളള ത്രിദിന ലെവൽ-2 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP)**

സീമാറ്റ്-കേരളയുടെ ലെവൽ-1 പരിശീലനം പൂർത്തിയാക്കിയ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കായുള്ള ത്രിദിന റസിഡൻഷ്യൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2019 ഒക്ടോബർ 17 മുതൽ 19 വരെ ശ്രീകാര്യം മരിയാറാണി സെന്ററിൽ നടന്നു. 12 ബാച്ചുകളായി നടത്താൻ ഉദ്ദേശിച്ചിരുന്ന പരിശീലനത്തിന്റെ ഒരു ബാച്ച് മാത്രമേ റിപ്പോർട്ട് വർഷം പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ.




ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ആരംഭിച്ച ലെവൽ 2 പ്രോഗ്രാമിൽ, ലെവൽ 1 CEP യുടെ വിലയിരുത്തൽ, പ്രോബ്ലം സോൾവിംഗ് & ഡിസിഷൻ മേക്കിംഗ്, ഡിസിപ്ലിനറി പ്രൊസീജ്യർ, സമഗ്ര, യോഗ (പരിശീലനത്തിന്റെ രണ്ടും മൂന്നും ദിവസങ്ങളിൽ രാവിലെ), ലീഡർഷിപ്പ് & ടീം ബിൽഡിംഗ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, KER, RTI, ലീഗൽ

അവയർനെസ്, ഇന്ററാക്ഷൻ വിത്ത് എമിനന്റ് പേഴ്സൺ, അക്കാദമിക് മോണിറ്ററിംഗ്, ഐഡന്റിഫിക്കേഷൻ ഓഫ് ലേണിംഗ് ഗ്യാപ്സ്, ആക്ഷൻപ്ലാൻ തുടങ്ങിയ വിവിധ സെഷനുകളാണ് ഉൾപ്പെടുത്തിയിരുന്നത്.

സീമാറ്റ്-കേരളയുടെ ആർ.പി. പൂളിലെ പരിശീലകരായ ശ്രീ. മനോജ് മേലേടത്ത് (late), ശ്രീ. കെ.കെ. രാഘവൻ, ശ്രീ. സൈനുദ്ദീൻ പട്ടാമ്പി, ഡോ. കൃഷ്ണകുമാർ, ശ്രീ. ബാബു, ശ്രീമതി. അകാംഷ ഗുപ്ത, ഡോ. പ്രവീൺ പരമേശ്വർ, ശ്രീ. അബ്ദുൾ അസീസ്, ശ്രീ. റഹ ത്തുള്ള, ഫാ. പി.ഡി. തോമസ്, ശ്രീ. എം. തമ്പാൻ, ശ്രീ. സി.എം. ബാലകൃഷ്ണൻ, ഡോ. വി. പരമേശ്വരൻ, ശ്രീ. ഗോപൻ ജെ.എസ്. തുടങ്ങിയവരാണ് സെഷനുകൾ കൈകാര്യം ചെ യ്തത്.

ഇന്ററാക്ഷൻ വിത്ത് എമിനന്റ് പേഴ്സൺ എന്ന സെഷനിൽ ഡോ. ജെ. പ്രസാദ് (ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.) ആണ് വിശിഷ്ടാതിഥിയായെത്തിയത്.

## 5. ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർക്കുള്ള ത്രിദിന ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP)

2018-19 സാമ്പത്തിക വർഷം ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർക്കായി സീമാറ്റ്-കേരള ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) സംഘടിപ്പിച്ചു. 15 ബാച്ചുകളിലായി നടന്ന പരിശീലനങ്ങളുടെ തുടർച്ചയായി പുതുതായി നിയമിതരായ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെ ഉൾപ്പെടുത്തി 4 ബാച്ചുകളിലായി 2020 ജനുവരി 20 മുതൽ ഫെബ്രുവരി 1 വരെ ത്രിദിന റസിഡൻഷ്യൽ പ്രോഗ്രാമായി സീമാറ്റ്-കേരളയിൽ വെച്ചാണ് പരിശീലനം നൽകിയത്. 120 ഓളം പ്രിൻസിപ്പൽമാരാണ് പരിശീലനത്തിൽപങ്കെടുത്തത്.

ഐസ് ബ്രേക്കിംഗ്, സെൽഫ് അവയർനെസ്, അണ്ടർസ്റ്റാന്റിംഗ് അഡോളസന്റ് ബിഹേവിയർ, മാനേജിംഗ് അഡോളസെന്റ് ബിഹേവിയർ, സ്ക്രീനിംഗ് ഓഫ് മെന്റൽ ഹെൽത്ത് ഇഷ്യൂസ്, യോഗ, ഇഫക്ടീവ് യൂസ് ഓഫ് ടെക്നോളജി, ടൈം മാനേജ്മെന്റ് ആന്റ് പ്ലാനിംഗ്, ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ ആന്റ് റിലേഷൻഷിപ്പ്, ലീഗൽ അവയർനെസ്, യൂസ് ഓഫ് IT ഇൻ ഹൈടെക് ക്ലാസ് റൂം, ലീഡർഷിപ്പ് സ്കിൽസ് ആന്റ് ടീം ബിൽഡിംഗ്, ഇന്നവേറ്റീവ് പ്രാക്ടീസസ്, പ്ലാൻ ഓഫ് ആക്ഷൻ തുടങ്ങിയ സെഷനുകളായിരുന്നു മൂന്ന് ദിവസമായി നൽകിയത്.

ഡോ. ആർ.പ്രകാശ്, ശ്രീ. മനോജ് മേലേടത്ത് (late), ഡോ. ഷിബു എസ്., ഡോ. ജയപ്രകാശ്, ശ്രീ. ദിൽഷാദ് ബിൻ അഷ്റഫ്, ഡോ.ഉണ്ണികൃഷ്ണൻ, ഡോ. കിരൺ കുമാർ, ശ്രീ. സഹീർ, ശ്രീ. ആദർശ്, ശ്രീ. ശ്രീജിത്ത്, ശ്രീ. അബ്ദുൾ ജലീൽ, ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ, ഡോ.വി.രഘു, ഫാ. പി.ഡി. തോമസ്, ശ്രീമതി. ശ്രീജാദേവി, ശ്രീ. വിനോദ് കുമാർ ദാമോദർ, ശ്രീ. എം. തമ്പാൻ, ശ്രീ. എം. ഹക്കിം, ശ്രീ. അബ്ദുൾ നാസർ യു.കെ., ശ്രീ. സി.എം. ബാലകൃഷ്ണൻ, ഡോ.വി.പരമേശ്വരൻ, ശ്രീ. ബെന്നി പി.ജെ.,

ശ്രീ. അഷറഫ് കെ.പി., ശ്രീ. രഞ്ജിത് രവി തുടങ്ങിയ പ്രഗത്ഭരായ പരിശീലകർ സെഷനുകൾക്ക് നേതൃത്വം നൽകി.

സെഷനുകൾ മികച്ച നിലവാരം പുലർത്തിയതായി ഫലപ്രാപ്തി പഠനത്തിൽ വെളിവായി.




**6. പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനുവേണ്ടിയുളള ദ്വിദിന ലെവൽ-1 റസിഡൻഷ്യൽ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP)**

പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനുവേണ്ടി സീമാറ്റ്-കേരള സംഘടിപ്പിച്ച ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം 2019 ജൂലൈ 23 മുതൽ ആഗസ്റ്റ് 6 വരെ സീമാറ്റ്-കേരളയിൽ വച്ച് ദ്വിദിന റസിഡൻഷ്യൽ പരിപാടിയായി നടത്തുകയുണ്ടായി. 112 ഉദ്യോഗസ്ഥരാണ് മൂന്ന് ബാച്ചായി നടന്ന LEP യിൽ പങ്കെടുത്തത്.

ഐസ്ബ്രേക്കിംഗ്, സെൽഫ് അവയർനെസ്, റിലേഷൻഷിപ്പ് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് ആന്റ് പ്ലാനിംഗ്, ലീഡർഷിപ്പ് സ്കിൽ ആന്റ് ടീം ബിൽഡിംഗ്, യോഗ, ഫിനാൻസ് മാനേജ്മെന്റ്, KER, KSR,ഇൻട്രൊഡക്ഷൻസ് ടു അക്കാഡമിക് ഫംഗ്ഷൻസ്, ആക്ഷൻപ്ലാൻ തടുങ്ങിയ സെഷനുകളാണ് ദ്വിദിന പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

ഈ സെഷനുകൾക്ക് ഡോ.ആർ.പ്രകാശ്, ഡോ. ഷിബു കെ., ശ്രീ. മനോജ് മേലേടത്ത് (late), ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ, ശ്രീമതി. ആകാംഷ ഗുപ്ത, ശ്രീ. തുളസീധരൻ പിളള, ശ്രീ. അർക്കൻസ്, ശ്രീ. സൈനുദ്ദീൻ പട്ടാമ്പി, ശ്രീ. റ്റി.എഫ്. ജോയി, ശ്രീ. രാഘവൻ കെ.കെ., ശ്രീ. സി.എം. ബാലകൃഷ്ണൻ, ഡോ. വി. പരമേശ്വരൻ തുടങ്ങിയവർ നേതൃത്വം നൽകി.




## 7. വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ത്രിദിന ലെവൽ-1 റസിഡൻഷ്യൽ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP)

സീമാറ്റ്-കേരളയുടെ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ത്രിദിന ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം 2019 സെപ്തംബർ 24 മുതൽ 26 വരെ ശ്രീകാര്യം മരിയാറാണി സെന്ററിൽ വച്ച് നടന്നു. പൊതു വിദ്യാഭ്യാസ വകുപ്പിലെ ആർ.ഡി.ഡി. മാർ, എ.ഡി. മാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡി.പി.ഒ. മാർ തുടങ്ങിയവർക്കാണ് ഈ പരിശീലനം ലഭ്യമാക്കിയത്. 37 പരിശീലനാർത്ഥികളാണ് ഈ ത്രിദിന LEPയിലൂടെ പരിശീലനം നേടിയത്.

ഐസ്ബ്രേക്കിംഗ്, സെൽഫ് അവയർനെസ്, റിലേഷൻഷിപ്പ് മാനേജ്മെന്റ്, ലീഡർഷിപ്പ് ആന്റ് ടീം ബിൽഡിംഗ്, ഡിസിപ്ലിനറി പ്രൊസീജ്യർ, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് ആന്റ് ഡ്രാഫ്റ്റിംഗ് റിപ്പോർട്ട്, കോർട്ട് കേസസ്, ട്രാൻസ്ഫോർമിംഗ് ഡയറ്റ് ആസ് സെന്റർ ഓഫ് എക്സലൻസ്, കറണ്ട് ട്രെൻഡ്സ് ഇൻ ഇവാല്യുവേഷൻ, ഡെവലപ്പിംഗ് മോഡൽസ് ഇൻ അസസ്മെന്റ് പ്രാക്ടീസസ്, റിസർച്ച് ഇന്നവേഷൻ ആന്റ് ട്രൈ ഔട്ട്, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം, യോഗ, പർച്ചേസ് ആന്റ് ഓഡിറ്റ്, KSR/KSSR അക്കാദമിക് മോണിറ്ററിംഗ് തുടങ്ങിയ സുപ്രധാന വിഷയങ്ങളെ ആസ്പദമാക്കിയ സെഷനുകളാണ് ത്രിദിന LEP യിൽ ഉൾപ്പെടുത്തിയിരുന്നത്.




ഡോ. ആർ.പ്രകാശ്, ഡോ. എസ്. വിനോദ്കുമാർ, ഡോ.കൃഷ്ണകുമാർ, ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ, ശ്രീ.വിനോദ്കുമാർ ദാമോദർ, ശ്രീമതി. അകാംഷ ഗുപ്ത, ശ്രീ. ജി. ജ്യോതിചൂഢൻ, ശ്രീ. സി.എം. ബാലകൃഷ്ണൻ, ഡോ. എം.വി. നാരായണനുണ്ണി, ശ്രീമതി. ഷിജി വി, ശ്രീ. കെ. പ്രഭാകരൻ, ശ്രീ. വി.കെ. പ്രകാശൻ, ഡോ. സി. രാമകൃഷ്ണൻ, ശ്രീ. ആദർശ്, ശ്രീ. കെ.വി. അനിൽകുമാർ, ശ്രീ. സൈനുദ്ദീൻ പട്ടാമ്പി തുടങ്ങിയവരായിരുന്നു വിവിധ സെഷനുകൾ കൈകാര്യം ചെയ്തത്. പരിശീലനത്തിന്റെ ഇവാലുവേഷൻ ആന്റ് ഫീഡ്ബാക്ക് സെഷനിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ജീവൻബാബു ഐ.എ.എസ്. സന്നിഹിതനായിരുന്നു. പരിശീലന സെഷനുകൾ ഏറെ മികച്ചവയായിരുന്നുവെന്ന അഭിപ്രായമാണ് പരിശീലനാർത്ഥികളിൽ നിന്ന് ലഭ്യമായത്.

## 8. ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് വിദ്യാഭ്യാസ മാനേജ്മെന്റിൽ നൽകിയ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം (FDP)

ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾക്കായി സീമാറ്റ്-കേരള നടത്തിയ ത്രിദിന റസിഡൻഷ്യൽ FDP2019 നവംബർ 20 മുതൽ 2020 ജനുവരി 30 വരെകോവളം, കെ.ജെ.ജെ.എം. അനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിശീലനത്തിൽ 180 ഓളം പരിശീലനാർത്ഥികൾ പങ്കെടുത്തു. വിവിധ ഡയറ്റുകളിലെ വ്യത്യസ്ത ഫാക്കൽറ്റി അംഗങ്ങൾക്ക് വിദ്യാഭ്യാസ മാനേജ്മെന്റിൽ പൊതുവായും വിഷയ കേന്ദ്രീകൃതമായും പരിശീലനം നൽകി. CMDE, DRU, PSTE, WE, IFIC, P&M എന്നീ വിഭാഗങ്ങളിലുള്ള സീനിയർ ലക്ചറർമാരും, ലക്ചറർമാരും പങ്കെടുത്തു.

ഡയറ്റിന്റെ വിഷൻ & മിഷൻ, അക്കാദമിക് മാസ്റ്റർപ്ലാൻ, സമഗ്ര, ഗൂഗിൾ ഡ്രൈവ്, ഗൂഗിൾ ഡോക്യുമെന്റ് F-ഗാലറി എന്നീ സാങ്കേതിക വിദ്യ ഉൾപ്പെടുത്തികൊണ്ടുള്ള സെഷനുകളും, സ്ട്രെസ് മാനേജ്മെന്റ്, നാഷണൽ പോളിസി ഓൺ എഡ്യൂക്കേഷൻ, പ്രോസസ് ഡോക്യുമെന്റേഷൻ, റിഫ്ളക്ഷൻ, ബുക്ക് റിവ്യൂ, അക്കാദമിക് സപ്പോർട്ട്, അക്കാദമിക് മോണിറ്ററിംഗ് തുടങ്ങിയവയുമായിരുന്നു പരിശീലന പരിപാടിയിലെ സെഷനുകൾ.



പരിശീലനാർത്ഥികളുമായി ബഹു. പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സംവദിക്കുന്നു

ആദ്യ രണ്ടു ദിവസത്തെ സെഷനുകൾ ഡയറ്റുകളെ ആസ്പദമാക്കിയുള്ള വിദ്യാഭ്യാസ മാനേജ്മെന്റിനെ അധികരിച്ചായിരുന്നെങ്കിൽ, പരിശീലന പരിപാടിയുടെ മൂന്നാം ദിവസത്തെ സെഷനുകളിൽ ഫാക്കൽറ്റി അധിഷ്ഠിതമായ വിദ്യാഭ്യാസ മാനേജ്മെന്റിനാണ് ഊന്നൽ നൽകിയത്.

ശ്രീ. ഗോപകുമാർ ജി.പി., ശ്രീ. സി.എം. ബാലകൃഷ്ണൻ, ശ്രീ. കെ.ആർ. വിശ്വംഭരൻ, ഡോ. രാജേന്ദ്രൻ, ഡോ. വി. പരമേശ്വരൻ, ശ്രീ. സജു, ശ്രീമതി. അകാംഷ ഗുപ്ത, ശ്രീ. പ്രകാശൻ വി.കെ., ഡോ. അബ്ബാസ് അലി, ശ്രീ. സദനരാജൻ, ശ്രീമതി. ശ്രീജാദേവി, ഡോ. സി. രാമകൃഷ്ണൻ, ശ്രീ. ഗോപൻ ജെ.എസ്., ശ്രീ. റ്റി.എഫ്. ജോയി, ശ്രീ. സന്തോഷ് കുമാർ കെ.കെ., ലോഹിതാക്ഷൻ, അബ്ദുന്നാസർ യു.കെ., ശ്രീ. വി.റ്റി. ജയറാം, ഡോ.കെ.പി. ഗോപിനാഥൻ തുടങ്ങിയ പരിശീലകരായിരുന്നു വിവിധ സെഷനുകൾ കൈകാര്യം ചെയ്തത്. ഫലപ്രാപ്തി പഠനത്തിലൂടെ പരിശീലനം മികച്ച നിലവാരം പുലർത്തി എന്ന പ്രതികരണമാണ് ലഭ്യമായത്.

## അദ്ധ്യായം – 7

## കരട് ദേശീയ വിദ്യാഭ്യാസ നയം – 2019

ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ദേശീയ വിദ്യാഭ്യാസ കമ്മീഷൻ 2019 മെയ് 31 ന് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിച്ചു. രാജ്യത്തിന്റെ വിദ്യാഭ്യാസഗതി നിർണ്ണയിക്കുന്ന ഈ കരട് രേഖ സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്രസർക്കാർ ക്ഷണിച്ചിരുന്നു. ഈ പശ്ചാതലത്തിലാണ് നയരേഖയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനും ക്രോഡീ കരിക്കുന്നതിനുമായി സീമാറ്റ്-കേരള ദ്വിദിന ശില്പശാല സംഘടിപ്പിച്ചത്. നയരേഖയെ ആധാരമാക്കി മാധ്യമങ്ങളും അക്കാദമിക് സമൂഹവും കാര്യമായ ചർച്ചകൾ ക്കുമുതിരുന്നതിനു മുൻപുതന്നെ സമസ്ത മേഖലയിലുള്ളവരുടെയും അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി ആദ്യമായി കേരളത്തിൽ ഒരു പൊതുചർച്ച സംഘടിപ്പിച്ചത് സീമാറ്റ്-കേരളയായിരുന്നിരിക്കണം. കേരളത്തിലെ വിദ്യാഭ്യാസ ചിന്തകരും, പ്രവർത്തകരും, അധ്യാപകരും, അധ്യാപകസംഘടനാ നേതാക്കളുമാണ് 2019 ജൂലൈ 8,9 തീയതികളിൽ സംഘടിപ്പിച്ച പൊതുചർച്ചയിൽ പങ്കെടുത്തത്.

കാലാകാലങ്ങളായുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ കേരളം പൊതുവിദ്യാഭ്യാസ മേഖലയിൽ നേടിയെടുത്ത പുരോഗതിയെ പുതിയ നിർദ്ദേശങ്ങൾ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തുകയായിരുന്നു കോൺഫറൻസിന്റെ മുഖ്യ ലക്ഷ്യം.

### വിലയിരുത്തലിനുവേണ്ടി സ്വീകരിച്ച സൂചകങ്ങൾ

1. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1968 ലും നാഷണൽ പോളിസി ഓൺ എഡ്യൂക്കേഷന്റെ അടിസ്ഥാനത്തിൽ 1986 ലും ദേശീയ വിദ്യാഭ്യാസ നയങ്ങൾ പ്രഖ്യാപിക്കപ്പെടുകയുണ്ടായി. ആചാര്യ രാമമൂർത്തിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി 1986 ലെ ദേശീയ വിദ്യാഭ്യാസ നയം പരിഷ്കരിക്കുകയും പ്രോഗ്രാം ഓഫ് ആക്ഷൻ അംഗീകരിക്കുകയും ചെയ്തു. പിന്നീട് 2015 ൽ പുതിയ നയരേഖ തയ്യാറാക്കാനുള്ള ശ്രമം ആരംഭിക്കുകയും 2019 ൽ കരട് ചർച്ചയ്ക്കായി ലഭ്യമാക്കുകയും ചെയ്തു. എന്തുകൊണ്ടാണ് ഒരു പുതിയ നയരേഖ ഈ ഘട്ടത്തിൽ ആവശ്യമായി വന്നത് എന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ടോ ?
2. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ അന്തസത്ത പ്രതിഫലിപ്പിക്കുന്ന അതിന്റെ ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്ന ലക്ഷ്യങ്ങളോട് കരട് രേഖ എത്രമാത്രം നീതിപുലർത്തുന്നു?

3. കഴിഞ്ഞ കാലങ്ങളിലെ വിദ്യാഭ്യാസ നയരേഖകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട് ? കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെ ? വീഴ്ചകളും പരിമിതികളും എവിടെ എങ്ങനെ നേരിട്ടു ? പരിമിതികളുടെ ഉത്തരവാദിത്വം ആർക്ക്? പരിമിതികൾ എങ്ങനെ മറികടക്കാം എന്നതിന് കരട് നയത്തിൽ നിർദ്ദേശങ്ങൾ ഉണ്ടോ ?
4. സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞിട്ടും 30 കോടി നിരക്ഷരർ എന്തുകൊണ്ട് നമ്മുടെ രാജ്യത്ത് ഇപ്പോഴും നിലനിൽക്കുന്നു ? 6.5 കോടിയോളം സ്കൂൾ പ്രായത്തിലുള്ള കുട്ടികൾ സ്കൂളിന് പുറത്താണെന്ന് ഈ നയരേഖയിലടക്കം പറഞ്ഞിരിക്കുന്നു. അവ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളുണ്ടോ ?
5. സ്കൂൾ വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ പങ്ക് കൃത്യമായി നിർവചിച്ചിട്ടുണ്ടോ ? ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസമടക്കമുള്ള സേവനമേഖലയിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങുന്ന സമീപനത്തോട് നയരേഖ എങ്ങനെ പ്രതികരിക്കുന്നു ?
6. നമ്മുടെ രാജ്യത്തിന്റെ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്.രാജ്യത്തെ വൈവിധ്യങ്ങൾ അംഗീകരിച്ചുകൊണ്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യത്തിൽ രേഖ എന്ത് സമീപനമാണ് കൈക്കൊണ്ടിരിക്കുന്നത് ?
7. രാജ്യത്ത് വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന സാമൂഹിക അസമത്വം, വിഭക്തചിന്ത, വിവേചനം, പാർശ്വവൽക്കരണം, സ്വകാര്യവൽക്കരണം, കച്ചവടവൽക്കരണം എന്നിവ സംബന്ധിച്ച് കരട് രേഖ എന്ത് നിലപാടാണ് കൈകൊണ്ടിരിക്കുന്നത് ?
8. പൊതുവിദ്യാഭ്യാസത്തെ കുറിച്ച് കരട് നയം എന്താണ് പറയുന്നത് ?
9. വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന് ഈ കരട്രേഖ എത്രമാത്രം സഹായകരമായിട്ടുണ്ട് ? ഇക്കാര്യത്തിൽ കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ?
10. അക്കാദമിക കാര്യങ്ങളിൽ NCF (National Curriculam Framework) 2005 മുന്നോട്ട് വച്ച കാഴ്ചപ്പാടുകളോട് ഈ രേഖ എങ്ങനെയാണ് പ്രതികരിക്കുന്നത് ?
11. കോത്താരി കമ്മീഷൻ മുന്നോട്ടുവച്ച സ്കൂൾ കോംപ്ലക്സും 2019 കരട് വിദ്യാഭ്യാസ രേഖ മുന്നോട്ട് വയ്ക്കുന്ന സ്കൂൾ കോംപ്ലക്സും പരസ്പരപൂരകങ്ങളാണോ ? കോമൺ സ്കൂൾ സമ്പ്രദായം ശക്തിപ്പെടുമോ ദുർബലപ്പെടുമോ ?
12. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ നയരേഖ മുന്നോട്ട് വച്ചിട്ടുള്ള 5+3+3+4 എന്ന ഘടനാമാറ്റം വിദ്യാഭ്യാസരംഗത്ത് വരുത്തുവാൻ ഇടയുള്ള പരിവർത്തനങ്ങൾ എന്തൊക്കെ?
13. ഉന്നതവിദ്യാഭ്യാസരംഗത്തെക്കുറിച്ചുള്ള രേഖയിലെ പരാമർശങ്ങൾ പൊതുവിദ്യാഭ്യാസമേഖലയെ എങ്ങനെ സ്വാധീനിക്കും ?

14. അധ്യാപകയോഗ്യത, പരിശീലനം, നിയമനം തുടങ്ങിയവ സംബന്ധിച്ച നിലപാടുകൾ എന്ത് ?
15. മൂല്യനിർണ്ണയം സംബന്ധിച്ച് നിർദ്ദേശങ്ങൾ എത്രത്തോളം ഫലപ്രദവും പുരോഗമനാത്മകവുമാണ് ?
16. എസ്.എം.സി.ക്ക് നൽകുന്ന പ്രാധാന്യം എന്താണ് ?
17. കരട് വിദ്യാഭ്യാസ രേഖയിൽ പ്രതിപാദിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാം?
18. വിദ്യാഭ്യാസമേഖലയ്ക്കായിനയരേഖ മുന്നോട്ട് വയ്ക്കുന്ന സാമ്പത്തിക നിലപാട് എന്താണ്?
19. കേരളത്തിൽനടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന, പൊതുവിദ്യാഭ്യാസയജ്ഞത്തെ നയരേഖയിലെ നിർദ്ദേശങ്ങൾ എങ്ങനെയാണ് ബാധിക്കുക ?

ദ്വിദിന കോൺഫറൻസിന്റെ ഓരോ ദിവസങ്ങളിലും 4 സെഷനുകൾ വീതമാണ് ഉണ്ടായിരുന്നത്. സീമാറ്റ്-കേരള ഡയറക്ടർ ഡോ.എം.എ.ലാലിന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച കോൺഫറൻസിന്റെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ശ്രീ.എ.ഷാജഹാൻ ഐ.എ.എസ് നിർവ്വഹിച്ചു. ഉദ്ഘാടന സെഷന്റെ അദ്ധ്യക്ഷൻ എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.ജെ.പ്രസാദ് ആയിരുന്നു. വിദ്യാഭ്യാസ വിദഗ്ധ സമിതി ചെയർമാൻ ഡോ.എം.എ.ഖാദർ എന്നിവർ സെഷനിൽ സംസാരിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലെ വിദ്യാഭ്യാസ വിദഗ്ദ്ധനായ ഡോ.സി.രാമകൃഷ്ണൻ മോഡറേറ്ററായിരുന്ന രണ്ടാമത്തെ സെഷനിൽ സംസാരിച്ചത് വിദ്യാഭ്യാസ വിചക്ഷണനായ ശ്രീ.ഒ.എം.ശങ്കരൻ, ചരിത്രകാരനും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ.കെ.എൻ.ഗണേഷ്, കേരള സർവ്വകലാശാല ബയോ ഇൻഫർമാറ്റിക് വകുപ്പ് മേധാവി പ്രൊഫ.അച്യുത്ശങ്കർ എസ്.നായർ, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിലെ ഡോ.അമൃത്കുമാർ, വിദ്യാഭ്യാസ പ്രവർത്തകരായ ഡോ.വി.ശിവദാസൻ, ഡോ.ജി.വി.ഹരി എന്നിവരായിരുന്നു.

മൂന്നാമത്തെ സെഷന്റെ മോഡറേറ്റർ മുൻ എം.പി. യും വിദ്യാഭ്യാസ വിചക്ഷണനുമായ ശ്രീ.സി.പി.നാരായണനായിരുന്നു. പ്രസ്തുത സെഷനിൽ വിവിധ അധ്യാപക സംഘടനാ പ്രതിനിധികളായ ശ്രീ.കെ.സി.ഹരികൃഷ്ണൻ, ശ്രീ.എൻ.ശ്രീകുമാർ, ശ്രീ.എം.സലാഹുദ്ദീൻ, ശ്രീ.വി.കെ.മൂസ, ശ്രീ.സദാനന്ദൻ മാസ്റ്റർ, ശ്രീ.റ്റി.വി.വിജയൻ, ശ്രീ.ഡി.ജെ.സാം, ശ്രീ.എം.തമീമുദ്ദീൻ, ശ്രീ.ജെയിംസ് കുര്യൻ തുടങ്ങിയവർ സംസാരിച്ചു.

കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർമാനായ ഡോ.പി.കെ.മൈക്കൾ തരകൻ മോഡറേറ്ററായ നാലാമത്തെ സെഷനിൽ സംസാരിച്ചത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ.ജീവൻബാബു ഐ.എ.എസ്, എസ്.എസ്.കെ ഡയറക്ടർ ഡോ.എ.പി.കുട്ടികൃഷ്ണൻ, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽമെമ്പർ സെക്രട്ടറി പ്രൊഫ. രാജൻ വർഗ്ഗീസ്, കൈറ്റ് എക്സി. ഡയറക്ടർ ശ്രീ.അൻവർ സാദത്ത്, കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല, എസ്.ഐ.ഇ.റ്റി ഡയറക്ടർ

ശ്രീ.അബുരാജ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലെ ഡോ.രതീഷ് കാളിയാടൻ, എസ്.സി.ഇ.ആർ.ടി റിസർച്ച് ഓഫീസർ ഡോ.എം.പി.നാരായണൻ ഉണ്ണി എന്നിവരായിരുന്നു.

സമാപന സമ്മേളനത്തിലെ മുഖ്യാതിഥി നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ശ്രീ.ചെറിയാൻ ഫിലിപ്പായിരുന്നു.

കോൺഫറൻസിന്റെ റിപ്പോർട്ട് അനുബന്ധം - 1 ആയി നൽകിയിട്ടുണ്ട്.



## അദ്ധ്യായം – 8

# ഫലപ്രാപ്തി പഠനം

സീമാറ്റ്-കേരള സംഘടിപ്പിച്ച ഒന്നാം ലെവൽ ശാക്തീകരണപരിപാടികളുടെ ഫലപ്രാപ്തി എത്രമാത്രമുണ്ടെന്നും തുടർന്നുള്ള ലെവലുകളിൽ (ലെവൽ-2, ലെവൽ-3) എൽ.പി/യു.പി, എച്ച്.എസ്. പ്രഥമാധ്യാപകർ, പ്രിൻസിപ്പൽമാർ (എച്ച്.എസ്.എസ്) വിദ്യാഭ്യാസഓഫീസർമാർ എന്നിവർക്ക് എതൊക്കെ മേഖലകളിലാണ് പരിശീലനം നൽകേണ്ടതെന്നും ശാസ്ത്രീയമായി പഠിക്കുന്നതിനു വേണ്ടിയാണ് ഫലപ്രാപ്തി പഠനം നടത്തിയത്.

**പഠനത്തിന്റെ രീതിശാസ്ത്രം**

പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കായി നല്കുന്ന ലെവൽ-2 ശാക്തീകരണ പരിപാടിയുടെ മുന്നോടിയായിട്ടാണ് പഠനം നടത്തിയത്.

**ലക്ഷ്യം**

പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്റി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കായി നല്കിയ ലെവൽ-1 ശാക്തീകരണ പരിപാടിയുടെ ഫലപ്രാപ്തി കണ്ടെത്തുക. ലെവൽ-2 ശാക്തീകരണ പരിപാടിയുടെ ശാക്തീകരണാവശ്യങ്ങൾ കണ്ടെത്തുക.

**ഉദ്ദേശ്യങ്ങൾ**

- ലെവൽ-1 ശാക്തീകരണ പരിപാടിയുടെ ഉദ്ദേശ്യ സാക്ഷാത്ക്കരണത്തെക്കുറിച്ച് പങ്കാളികളുടെ അഭിപ്രായം അറിയുക.
- ശാക്തീകരണ പരിപാടിയിലുടെ സ്വാംശീകരിച്ച ധാരണകൾ, കഴിവുകൾ എന്നിവ പരിശീലനം സിദ്ധിച്ചവർ തങ്ങളുടെ പ്രവർത്തനമേഖലയിൽ എത്രമാത്രം പ്രയോജനപ്പെടുത്തുന്നുവെന്ന് കണ്ടെത്തുക.
- സ്ഥാപനത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ ഇടപെടൽമൂലം മേഖലയിൽ ഉണ്ടായിട്ടുള്ള മികവ് കണ്ടെത്തുക.
- അക്കാദമിക മാസ്റ്റർപ്ലാൻ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്നു കണ്ടെത്തുക.
- ടാലന്റ് ലാബ്, ജൈവവൈവിധ്യപാർക്ക് തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നു കണ്ടെത്തുക.

- ലെവൽ–1 ശാക്തീകരണ പരിപാടികളിൽ ഉൾപ്പെടുത്തിയ വിഷയമേഖലകളിൽ ഇനിയും കൂടുതൽ ധാരണ ആവശ്യമാണെന്ന് കരുതുന്ന മേഖലകൾ കണ്ടെത്തുക.
- ലെവൽ–2 ശാക്തീകരണ പരിപാടികളിൽ പുതുതായി ഉൾപ്പെടുത്തേണ്ട വിഷയമേഖലകൾ കണ്ടെത്തുക.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നാലു ജില്ലകളാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. ഈ നാലു ജില്ലയിൽ ഓരോന്നിൽ നിന്നും ലെവൽ–1 ശാക്തീകരണപരിപാടിയിൽ പങ്കെടുത്ത 4 പ്രൈമറി പ്രഥമാധ്യാപകർ, 3 ഹൈസ്കൂൾ പ്രഥമാധ്യാപകർ, 2 ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, 2 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിങ്ങനെ 12 പേർ വീതം ആകെ 48 പേരിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചത്.

ഫലപ്രാപ്തി പഠന റിപ്പോർട്ട് അനുബന്ധം –2 ആയി നൽകിയിട്ടുണ്ട്.

## അദ്ധ്യായം – 9

# അക്കാദമിക് ജേർണലും ഗവേഷണവും

### അക്കാദമിക് ജേർണൽ

ഒരു അക്കാദമിക ജേർണൽ പ്രസിദ്ധീകരിക്കാനുള്ള സീമാറ്റ്-കേരളയുടെ ശ്രമം അന്തിമഘട്ടത്തിലാണ്. ജേർണലിന്റെ Editorial Executive Committee രൂപീകരിക്കുകയും ജേർണൽ എങ്ങനെ പുറത്തിറക്കാം എന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയും ചെയ്തിരുന്നു. ആദ്യ യോഗത്തിൽ ജേർണലിന്റെ ഉള്ളടക്കം, തലക്കെട്ട്, രജിസ്ട്രേഷൻ മുതലായവയെക്കുറിച്ച് വിശദമായ ചർച്ച നടന്നു. 5 പ്രധാന ടൈറ്റിലുകളെങ്കിലും RNIയ്ക്ക് രജിസ്ട്രേഷനായി സമർപ്പിക്കാമെന്ന് തീരുമാനിച്ചതിന്റെ ഭാഗമായി"Edument – Journal of Educational Planning and Management", "Edumanage – Journal of Educational Planning and Management", "Educere – Journal of Educational Managment", "Edulead – SIEMAT-Kerala a Journal of Educational Planning and Management", "Eduplan – Journal of Educational Planning and Management"എന്നീ ടൈറ്റിലുകൾ RNI യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ജേർണലിന്റെ ഉള്ളടക്കം എന്തായിരിക്കണമെന്നും പേപ്പറുകൾ ഏതു വിധേന സ്വീകരിക്കണമെന്നതിനെക്കുറിച്ചുമുള്ള വിശദമായ ചർച്ച നടത്തുകയും ടൈറ്റിൽ രജിസ്ട്രേഷൻ RNIവെബ്സൈറ്റ് മുഖാന്തിരം നടത്തുകയും, അപേക്ഷയുടെ പകർപ്പ് ഡിസ്ട്രിക്ട് കളക്ടർക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ 2019 ഏപ്രിൽ 11-ാം തീയതി കളക്ടറേറ്റിൽ നിന്ന് RNIയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് രേഖാമൂലം കളടക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ജേർണലിലേയ്ക്ക് ആവശ്യമായ ലേഖനങ്ങൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുകയാണ് വേണ്ടതെന്ന എഡിറ്റോറിയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ജേർണലിലേയ്ക്ക് പേപ്പറുകൾ (manuscripts) ക്ഷണിച്ചുകൊണ്ട് തയ്യാറാക്കിയ കത്ത് വിവിധ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അയച്ചു. ആദ്യ രണ്ട് ലക്കങ്ങളിലേയ്ക്ക് ആവശ്യമായ ലേഖനങ്ങൾ ഇതിനകം ലഭിച്ചു കഴിഞ്ഞു. ടൈറ്റിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ ജേർണൽ പ്രസിദ്ധീകരിച്ചു തുടങ്ങും.

### കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികളുടെ ഫലപ്രാപ്തി പഠനം - റിസർച്ച് പ്രോജക്ട്

കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികളുടെ ഫലപ്രാപ്തി പഠനത്തിനോടനുബന്ധിച്ചുള്ള ആദ്യവർക്ക്ഷോപ്പ് 2019 സെപ്തംബർ 4-ാം തീയതി സീമാറ്റ്-കേരളയിൽ വച്ച് നടന്നു. ഈ വർക്ക്ഷോപ്പിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ക്ലാസ് മോണിറ്ററിംഗ് എന്ന മേഖലയിൽ പഠനം നടത്തുവാനും, 'A Study on Effectiveness of Academic Prorammes under

Centrally Sponsored Schemes in the Schools of Kerala with Special Reference to Class Monitoring' എന്നത് തലക്കെട്ട് ആക്കുവാനും തീരുമാനിച്ചു.

എന്നാൽ പിന്നീട് നടന്ന പ്ലാനിംഗ് വർക്ക്ഷോപ്പ്, റിസർച്ച് പ്രോജക്ടിന്റെ മേഖല ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ആക്കി മാറ്റണമെന്നാണ് തീരുമാനിച്ചത്. ഈ മേഖലയിൽ മറ്റ് ഗവേഷണങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല എന്നതായിരുന്നു ഇത്തരമൊരു മേഖലാമാറ്റം ശുപാർശ ചെയ്യപ്പെടാനുള്ള കാരണം. തുടർന്ന്, 'An Assesment Study on the Distribution, Usage and Effectiveness/Impact of Assistive Equipments Provided to Differently Abled Students through Centrally Sponsored Schemes – Samagra Shiksha Kerala' എന്ന തലക്കെട്ടിൽ പഠനം നടത്തുവാൻ തീരുമാനിച്ചു. 2019 ഡിസംബർ 23-ാം തീയതി നടന്ന വർക്ക്ഷോപ്പിലാണ് മുൻപ് പറഞ്ഞ തീരുമാനങ്ങൾ കൈക്കൊള്ളപ്പെട്ടത്.

പിന്നീട് രണ്ടുദിവസത്തെ പ്ലാനിംഗ് വർക്ക്ഷോപ്പ് 2020 ജനുവരി 16,17 തീയതികളിൽ സീമാറ്റ്-കേരളയിൽ വച്ച് നടക്കുകയും, വിവര ശേഖരത്തിനുവേണ്ടിയുള്ള ചോദ്യാവലി, ഇന്റർവ്യൂ ഷെഡ്യൂൾ തുടങ്ങിയവ തയ്യാറാക്കുകയും ചെയ്തു.

2020 ജനുവരി 29-ാം തീയതി ചേർന്ന വർക്ക്ഷോപ്പ് തയ്യാറാക്കിയ ടൂളുകൾ അന്തിമരൂപത്തിലാക്കി. സ്ഥാപന മേധാവി, അധ്യാപകർ, കൂട്ടുകാർ എന്നിവരിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. വിവരശേഖരണത്തിനായി കേരള യൂണിവേഴ്സിറ്റിയിലെ വിവിധ വകുപ്പുകളിൽനിന്നും ഗവേഷണത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ വേണ്ടി അപേക്ഷ ക്ഷണിച്ചു. തത്പരരായ നിരവധി വിദ്യാർത്ഥികളിൽ നിന്ന് ഇതിനായി അപേക്ഷകൾ ലഭിച്ചുവെങ്കിലും കോവിഡ് സാഹചര്യത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

## അദ്ധ്യായം – 10

# പരിപാടികൾ ഒറ്റനോട്ടത്തിൽ

| 2019-20 സാമ്പത്തികവർഷത്തെ പരിപാടികൾ | | |
|---|---|---|
| ക്രമ നം. | പ്രോഗ്രാം | സ്ഥലം, തീയതി |
| 1 | എൽ.ഇ.പി. & സി.ഇ.പി. യുടെ ദ്വിദിന റസിഡൻഷ്യൽ ഡോക്യുമെന്റേഷൻ ശില്പശാല (ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ & വിദ്യാഭ്യാസ ഓഫീസർമാർ) | സീമാറ്റ്-കേരള 2019 മെയ് 14 & 15 |
| 2 | എൽ.ഇ.പി. & സി.ഇ.പി. യുടെ ഡോക്യുമെന്റേഷനായി ദ്വിദിന റസിഡൻഷ്യൽ ശില്പശാല (എൽ.പി./യു.പി. &ഹൈസ്ക്കൂൾ എച്ച്.എം.) | സീമാറ്റ്-കേരള 2019 മെയ് 16 & 17 |
| 3 | ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കായി സീമാറ്റ്-കേരള തയ്യാറാക്കിയ ഹാൻഡ്ബുക്ക് അവലോകനം ചെയ്യാനും ശുപാർശകൾ നൽകാനുമുള്ള ഏകദിന ശില്പശാല | സീമാറ്റ്-കേരള 2019 മെയ് 18 |
| 4 | ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കായി സീമാറ്റ്-കേരള തയ്യാറാക്കിയ ഹാൻഡ്ബുക്ക് അവലോകനം ചെയ്യാനും ശുപാർശകൾ നൽകാനുമുള്ള ഏകദിന ശില്പശാല | സീമാറ്റ്-കേരള 2019 മെയ് 29 |
| 5 | എൽ.ഇ.പി. & സി.ഇ.പി. യുടെ ഡോക്യുമെന്റേഷനായി ദ്വിദിന റസിഡൻഷ്യൽ ശില്പശാല (ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ & വിദ്യാഭ്യാസ ഓഫീസർമാർ) | സീമാറ്റ്-കേരള 2019 ജൂൺ14 & 15 |
| 6 | എൽ.ഇ.പി. & സി.ഇ.പി. യുടെ ഡോക്യുമെന്റേഷനായി ദ്വിദിന റസിഡൻഷ്യൽ ശില്പശാല. (എൽ.പി./യു.പി. & ഹൈസ്ക്കൂൾ) | സീമാറ്റ്-കേരള 2019 ജൂൺ 19 & 20 |
| 7 | മിനിസ്റ്റീരിയൽ സ്റ്റാഫിനുള്ള സി.ഇ.പി. യുടെ ദ്വിദിന റസിഡൻഷ്യൽ പ്ലാനിംഗ്, മൊഡ്യൂൾ തയ്യാറാക്കൽ ശില്പശാല | സീമാറ്റ്-കേരള 2019 ജൂൺ 26& 27 |
| 8 | ആർ.ഡി.ഡി., എ.ഡി., ഡി.ഡി.ഇ., ഡയറ്റ് പ്രിൻസിപ്പൽ, മിഷൻ കോ-ഓർഡിനേറ്റർ എന്നിവരുടെ എൽ.ഇ.പി.യുമായി ബന്ധപ്പെട്ടുള്ള ആസൂത്രണവും മൊഡ്യൂൾ തയ്യാറാക്കലും ശില്പശാല | സീമാറ്റ്-കേരള 2019 ജൂൺ 28 |
| 9 | വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള LEPയുടെ ഡോക്യുമെന്റേഷനായി രണ്ട് ദിവസത്തെ റസിഡൻഷ്യൽ ശില്പശാല | സീമാറ്റ്-കേരള 2019 ജൂൺ 28 & 29 |
| 10 | ലെവൽ -1 LEPയുമായി ബന്ധപ്പെട്ട് സീമാറ്റ്-കേരള നിയോഗിച്ച വിദഗ്ദ്ധ സംഘത്തിന്റെ ഫല പ്രാപ്തി പഠനം | 2019 ജൂലായ് 5 – 20 |

| | | |
|---|---|---|
| 11 | കരട് ദേശീയ വിദ്യാഭ്യാസ നയം 2019 ലെ ദ്വിദിന റെസിഡൻഷ്യൽ കോൺഫറൻസ് | സീമാറ്റ്-കേരള 2019 ജൂലായ് 8 & 9 |
| 12 | ദേശീയ കരട് വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ടുള്ള ഏക ദിന ഡോക്യുമെന്റേഷൻ ശില്പശാല | സീമാറ്റ്-കേരള 2019 ജൂലായ് 15 |
| 13 | 2019-20 അക്കാദമികവർഷത്തിൽ സീമാറ്റ്-കേരള സംഘടിപ്പിക്കുന്ന സി.ഇ.പി/എൽ.ഇ.പി എന്നീ പരിപാടിയിലെ റിസോഴ്സ് പേഴ്സൺമാർക്കുള്ള ഏകദിന ശില്പശാല | സീമാറ്റ്-കേരള 2019 ജൂലായ് 16 |
| 14 | പൊതുവിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനായി നടത്തുന്ന ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമിലേക്കുള്ള പൊതു സെഷനുകൾക്കായുള്ള ഏകദിന പ്ലാനിംഗ് ശില്പശാല | സീമാറ്റ്-കേരള 2019 ജൂലായ് 22 |
| 15 | പൊതുവിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനായുള്ള ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമിലേക്കുള്ള അക്കാദമക് സെഷനുകൾക്കായുള്ള ഏകദിന പ്ലാനിംഗ് ശില്പശാല | 2019 ജൂലായ് 23 |
| 16 | പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനായുള്ള ദ്വിദിന റസിഡൻഷ്യൽ എൽ.ഇ.പി. ലെവൽ I (ബാച്ച് I) | സീമാറ്റ്-കേരള 2019 ജൂലായ് 23&24 |
| 17 | എൽപി/യുപി സ്കൂൾ മേധാവികൾക്കായുള്ള പരിശീലനത്തിന്റെ ഡോക്യുമെന്റേഷനുകൾ | സീമാറ്റ്-കേരള 2019 ജൂലായ് 29&30 |
| 18 | പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസവകുപ്പ്, ആരോഗ്യവകുപ്പ്, കൃഷിവകുപ്പ് എന്നിവയുടെ ഏകദിന സംയുക്ത യോഗം | സീമാറ്റ്-കേരള 2019 ജൂലായ് 29 |
| 19 | പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനുള്ള ദ്വിദിന റസിഡൻഷ്യൽ എൽ.ഇ.പി. ലെവൽ I (ബാച്ച് II) | സീമാറ്റ്-കേരള 2019 ആഗസ്റ്റ് 3&4 |
| 20 | പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിനുള്ള ദ്വിദിന റസിഡൻഷ്യൽ എൽ.ഇ.പി. ലെവൽ I (ബാച്ച് III) | സീമാറ്റ്-കേരള 2019 ആഗസ്റ്റ് 5&6 |
| 21 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കുമുള്ള പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കൽ അന്തിമഘട്ട ശില്പശാല | സീമാറ്റ്-കേരള 2019 ആഗസ്റ്റ് 21&22 |
| 22 | ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കുമുള്ള എൽ.ഇ.പി. യുമായി ബന്ധപ്പെട്ട ഡോക്യുമെന്റേഷന്റെ ദ്വിദിന ശില്പശാല | സീമാറ്റ്-കേരള 2019 ആഗസ്റ്റ് 27 |
| 23 | ഗവേഷണപദ്ധതിയുമായി ബന്ധപ്പെട്ട് ഏകദിന കൺസൽട്ടേഷൻ ശില്പശാല | സീമാറ്റ്-കേരള 2019 സെപ്തംബർ 5 |
| 24 | റിസോഴ്സ് ഗ്രൂപ്പ് (SRG) വിശകലനവും മൊഡ്യൂളും എൽ.ഇ.പി., സി.ഇ.പി. എന്നിവയുടെ അന്തിമരൂപീകരണവുമായി ബന്ധപ്പെട്ട ഏകദിന ശിൽപശാല | സീമാറ്റ്-കേരള 2019 സെപ്തംബർ 6 |

| | | |
|---|---|---|
| 25 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന റസി ഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XVI) | സീമാറ്റ്-കേരള 2019 സെപ്തംബർ 18 & 19 |
| 26 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XVII) | സീമാറ്റ്-കേരള 2019 സെപ്തംബർ 23 & 24 |
| 27 | ഡി.ഡി.ഇ., എ.ഡി., ആർ.ഡി.ഡി., ഡയറ്റ് പ്രിൻസിപ്പൽമാർ എന്നീ വിദ്യാഭ്യാസ ഓഫീസർമാർക്കായുള്ള ത്രിദിന റസിഡൻഷ്യൽ പരിശീലനം | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 സെപ്തംബർ 24,25 & 26 |
| 28 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XVIII) | സീമാറ്റ്-കേരള 2019 സെപ്തംബർ 25 & 26 |
| 29 | LEPയുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി പ്രിൻസി പ്പൽമാർക്കുള്ള ദ്വിദിന ഡോക്യുമെന്റേഷൻ ശില്പശാല | സീമാറ്റ്-കേരള 2019 സെപ്തംബർ 26 & 27 |
| 30 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XIX) | സീമാറ്റ്-കേരള 2019 സെപ്തംബർ 27 & 28 |
| 31 | ദുരന്ത നിവാരണ പരിശീലനവുമായി ബന്ധപ്പെട്ട ഏകദിന ഉന്നതതല ചർച്ച | സീമാറ്റ്-കേരള 2019 സെപ്തംബർ 30 |
| 32 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XI) | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 ഒക്ടോബർ 3,4,5 |
| 33 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ I (ബാച്ച് XII) | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 ഒക്ടോബർ 9,10,11 |
| 34 | എൽ.പി. / യു.പി. സ്കൂൾ പ്രഥമാധ്യാപകരുടെ പരിശീലന പരിപാടിയുടെ മൊഡ്യൂൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ദ്വിദിന ശില്പശാല | സീമാറ്റ്-കേരള 2019 ഒക്ടോബർ 10 & 11 |
| 35 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് I) | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 14,15 & 16 |
| 36 | DIETഫാക്കൽറ്റികൾക്കായുള്ള മാനേജ്മെന്റ് പരിശീലനത്തി നായി മൊഡ്യൂൾ തയ്യാറാക്കൽ- ദ്വിദിന റസിഡൻഷ്യൽ ശില്പശാല | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 15 & 16 |
| 37 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് I) | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 17,18 & 19 |

| | | |
|---|---|---|
| 38 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് II) | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 22,23& 24 |
| 39 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് III)) | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 23, 24 & 25 |
| 40 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് IV) | മരിയാ റാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 24,25& 26 |
| 41 | DIETഫാക്കൽറ്റിക്കായുള്ള ഡവലപ്മെന്റ് പ്രോഗ്രാമിനായുള്ള മൊഡ്യൂൾ തയ്യാറാക്കൽ ദ്വിദിന റസിഡൻഷ്യൽ ശില്പശാല | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 ഒക്ടോബർ 29& 30 |
| 42 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് VII) | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 ഒക്ടോബർ 30, 31 &നവംബർ 1 |
| 43 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് V) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 ഒക്ടോബർ 31, നവംബർ 1 & 2 |
| 44 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് VI) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 4, 5 & 6 |
| 45 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് VIII) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 5, 6 & 7 |
| 46 | DIETഫാക്കൽറ്റിക്കായുള്ള ഡവലപ്മെന്റ് പ്രോഗ്രാമിനായുള്ള മൊഡ്യൂൾ തയ്യാറാക്കൽ ദ്വിദിന റസിഡൻഷ്യൽ ശില്പശാല | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 നവംബർ 6 & 7 |
| 47 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് IX) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 6,7 & 8 |
| 48 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് X) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 11,12 & 13 |

| | | |
|---|---|---|
| 49 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് XI) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 12, 13 & 14 |
| 50 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് XII) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 13,14 & 15 |
| 51 | എൽ.പി. /യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന റസിഡൻഷ്യൽ സി.ഇ.പി. ലെവൽ II (ബാച്ച് XIII) | മരിയാറാണി സെന്റർ ശ്രീകാര്യം 2019 നവംബർ 14,15 & 16 |
| 52 | DIETഫാക്കൽറ്റിക്കായുള്ള ഡവലപ്മെന്റ് പ്രോഗ്രാമിനായുള്ള മൊഡ്യൂൾ തയ്യാറാക്കൽ ദ്വിദിന റസിഡൻഷ്യൽ ശില്പശാല | കെ.ജെ.ജെ.എം. അനിമേഷൻ സെന്റർ, കോവളം 2019 നവംബർ 13 & 14 |
| To | **Grant in aid-Opening Balance** | - | By | HS Training for Principals (Total 4 Batches) | |
| " | Grant in Aid | 20,00,000 | | Batch-16 | 1,14,430 |
| | | | | Batch-17 | 1,53,752 |
| | | | | Batch-18 | 1,54,716 |
| | | | | Batch-19 | 1,69,470 |
| | | | | **Grant in aid-Closing Balance** | 14,07,632 |
| | **Total** | **20,00,000** | | **Total** | **20,00,000** |

Place: Trivandrum

Date: 22-09-2020

For SIEMAT

Director

Vide our report of even date.

For Manu & Co.

FRN014678S

Chartered Accountants

Manu V R MCom., FCA

M.No. 529736

MANU & Co. TRIVANDRUM CHARTERED ACCOUNTANTS

**STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING**

Central High School Campus, Attakulangara, Trivandrum.

**Statement showing Utilisation of Grant received from VHSE for the Year ended 31st March 2020**

| | Receipts | Amount(Rs.) | | Payments | Amount(Rs.) |
|---|---|---|---|---|---|
| To | Grant in aid | 26,017 | By | **Closing Balance:** | 26,017 |
| | | | | | - |
| | **Total** | **26,017** | | **Total** | **26,017** |

Place: Trivandrum

Date: 22-09-2020

For SIEMAT

Director

Vide our report of even date.

For Manu & Co.

FRN014678S

Chartered Accountants

Manu V R MCom., FCA

M.No. 529736

MANU & Co. TRIVANDRUM CHARTERED ACCOUNTANTS

**STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING**

Central High School Campus, Attakulangara, Trivandrum.

**Statement showing Utilisation of Grant received from NIEPA for the Year ended 31st March 2020**

| | Receipts | Amount(Rs.) | | Payments | Amount(Rs.) |
|---|---|---|---|---|---|
| To | Grant in aid from National Institute of Educational Planning and Administration | 3,00,000 | By | **Closing Balance:** | 3,00,000 |
| | | | | | - |
| | **Total** | **3,00,000** | | **Total** | **3,00,000** |

Place: Trivandrum

Date: 22-09-2020

For SIEMAT

Director

Vide our report of even date.

For Manu & Co.

FRN014678S

Chartered Accountants

Manu V R MCom., FCA

M.No. 529736

MANU & Co. TRIVANDRUM CHARTERED ACCOUNTANTS

# അനുബന്ധങ്ങൾ

സീമാറ്റ്–കേരള

# കരട് ദേശീയ വിദ്യാഭ്യാസനയം – 2019 : പൊതുവിദ്യാഭ്യാസ നിർദ്ദേശങ്ങൾ

ചർച്ച

**8, 9 ജൂലൈ 2019**

**സീമാറ്റ്–കേരള, തിരുവനന്തപുരം**

**State Institute of Educational Management and Training-Kerala**
**(SIEMAT-KERALA)**
M.G Road, East Fort, Thiruvananthapuram, Kerala-695036
Ph: 0471-2460343, 2461169
Email: director.siemat@kerala.gov.in  Web: siemat.kerala.gov.in

**State Institute of Educational Management and Training-Kerala (SIEMAT-KERALA)**

M.G Road, East Fort,
Thiruvananthapuram,
Kerala-695036

Ph: 0471-2460343, 2461169

Email:
director.siemat@kerala.gov.in
Web: siemat.kerala.gov.in

# കരട് ദേശീയ വിദ്യാഭ്യാസനയം – 2019 : പൊതുവിദ്യാഭ്യാസ നിർദ്ദേശങ്ങൾ



*സമ്മേളനത്തിന്റെ നാലാം സെഷന് മുന്നോടിയായി സീമാറ്റ്-കേരള ഡയറക്ടർ ഡോ. എം. എ ലാൽ ആമുഖ പ്രഭാഷണം നടത്തുന്നു*



## ആമുഖം

ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ദേശീയ വിദ്യാഭ്യാസ കമ്മീഷൻ 2019 മെയ് 31 ന് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിച്ചു.

ഈ കരട് നയരേഖ ദേശവ്യാപകമായ ചർച്ചയ്ക്ക് വേണ്ടി മന്ത്രാലയം പുറത്തിറക്കിയ പശ്ചാത്തലത്തിലാണ് സീമാറ്റ് കേരള കരട് വിദ്യാഭ്യാസ നയരേഖ 2019 നെ സംബന്ധിച്ച പൊതുവിദ്യാഭ്യാസ നിർദ്ദേശങ്ങൾ ക്രോഡീകരിയ്ക്കുന്നതിനായി ദ്വിദിന ശില്പശാല സംഘടിപ്പിച്ചത്.

കരട് നയരേഖയെ സംബന്ധിച്ച് മാധ്യമങ്ങളും അക്കാദമിക് സമൂഹവും കാര്യമായ ചർച്ചയ്ക്കൊന്നും തുടക്കം കുറിച്ചിട്ടില്ല. ഈ ഘട്ടത്തിലാണ് രാ ജ്യത്തിന്റെ വിദ്യാഭ്യാസ ഗതി നിർണയിക്കുന്നതിന് സമസ്ത മേഖലയിലുള്ളവരുടെയും അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി കേരളത്തിൽ ആദ്യമായി ഈ രംഗത്ത് ഒരു പൊതു ചർച്ച സംഘടിപ്പിച്ചത് സീമാറ്റ് കേരളയായിരിക്കും.

കേരളത്തിലെ വിദ്യാഭ്യാസ ചിന്തകരും, വിദ്യാഭ്യാസ പ്രവർത്തകരും, വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപകരും അധ്യാപക സംഘടനാ നേതാക്കളുമാണ് 2019 ജൂലൈ 8, 9 തീയതികളിൽ സംഘടിപ്പിച്ച പൊതുചർച്ചയിൽ പങ്കെടുത്തത്. രണ്ടു ദിവസങ്ങളിൽ നാലു സെഷനുകളായി നടന്ന ചർച്ച രാജ്യത്തിന്റെ വിദ്യാഭ്യാസ ദിശാബോധത്തിന് കരുത്തു പകരുന്നവയാണ്. ഗൗരവമായി നടന്ന ചർച്ചകൾ വിദ്യാഭ്യാസ നയരേഖയുടെ കരട് സമഗ്രമായി വിലയിരുത്തലിന് സഹായകമായി.

പൊതുവിദ്യാഭ്യാസ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ചർച്ചയിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ പൊതു സമക്ഷം ഏറെ ആദരവോടെ സമർപ്പിക്കുകയും ചെയ്യുന്നു.

**ഡോ.എം.എ.ലാൽ**
ഡയറക്ടർ

## സെഷനുകളും പങ്കെടുത്തവരും

**സെഷൻ 1**

സ്വാഗതം : **ഡോ.എം.എ.ലാൽ**
*(ഡയറക്ടർ, സീമാറ്റ്-കേരള)*

അധ്യക്ഷൻ : **ഡോ.ജെ.പ്രസാദ്**
*ഡയറക്ടർ, എസ്.സി.ഇ.ആർ.ടി)*

ഉത്ഘാടനം : **ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്**
*(സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്)*

**സംസാരിക്കുന്നവർ**

: **ഡോ.എം.എ.ഖാദർ**
*(ചെയർമാൻ, വിദ്യാഭ്യാസ വിദഗ്ധ സമിതി)*

: **പ്രൊഫ.രാജൻ ഗുരുക്കൾ.പി.എം**
*(വൈസ് ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ)*

: **ഡോ.ബി.ഇക്ബാൽ**
*(കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗം)*

**സെഷൻ 2**

മോഡറേറ്റർ : **ഡോ.സി.രാമകൃഷ്ണൻ**
*(വിദ്യാഭ്യാസ വിദഗ്ധൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം)*

**സംസാരിക്കുന്നവർ**

: **ശ്രീ.ഒ.എം.ശങ്കരൻ**
*(വിദ്യാഭ്യാസ വിചക്ഷണൻ)*

: **ഡോ.കെ.എൻ.ഗണേഷ്**
*(ചരിത്രകാരൻ, വിദ്യാഭ്യാസ വിചക്ഷണൻ)*

: **പ്രൊഫ.അച്യുത് ശങ്കർ.എസ്.നായർ**
*(ബയോ ഇൻഫർമാറ്റിക് വകുപ്പ് മേധാവി, കേരള സർവ്വകലാശാല)*

: **ഡോ.അമൃത്കുമാർ** *(സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കാസർഗോഡ്)*

: **ഡോ.വി.ശിവദാസൻ** *(വിദ്യാഭ്യാസ പ്രവർത്തകൻ)*

: **ഡോ.ജി.വി.ഹരി** *(വിദ്യാഭ്യാസ പ്രവർത്തകൻ)*

**സെഷൻ 3**

മോഡറേറ്റർ : **ശ്രീ.സി.പി.നാരായണൻ**
*(മുൻ എം.പി, വിദ്യാഭ്യാസ വിചക്ഷണൻ)*

**സംസാരിക്കുന്നവർ**

: **ശ്രീ.കെ.സി.ഹരികൃഷ്ണൻ**
*(ഭരണസമിതി അംഗം, സീമാറ്റ്-കേരള, ജനറൽ സെക്രട്ടറി, കെ.സ്.ടി.എ)*

: **ശ്രീ.എൻ.ശ്രീകുമാർ**
*(ജനറൽ സെക്രട്ടറി, എ.കെ.എസ്.ടി.യു)*

: **ശ്രീ.എം.സലാഹുദ്ദീൻ**
*(ജനറൽ സെക്രട്ടറി, കെ.പി.എസ്.ടി.എ)*

| | | |
|---|---|---|
| | : | **ശ്രീ.വി.കെ.മൂസ**<br>*(ജനറൽ സെക്രട്ടറി, കെ.എസ്.ടി.യു)* |
| | : | **ശ്രീ.സദാനന്ദൻ മാസ്റ്റർ**<br>*(പ്രസിഡന്റ്, എൻ.ടി.യു)* |
| | : | **ശ്രീ.റ്റി.വി.വിജയൻ**<br>*(പ്രസിഡന്റ്, കെ.പി.ടി.എ)* |
| | : | **ശ്രീ.ഡി.ജെ.സാം**<br>*(ജനറൽ സെക്രട്ടറി, കെ.എസ്.ടി.സി)* |
| | : | **ശ്രീ.എം.തമീമുദ്ദീൻ**<br>*(ജനറൽ സെക്രട്ടറി, കെ.എ.എം.എ)* |
| | : | **ശ്രീ.ജെയിംസ് കുര്യൻ**<br>*(പ്രസിഡന്റ്, കെ.എസ്.ടി.എഫ്)* |

**രണ്ടാം ദിവസം**
**സെഷൻ 4**

| | | |
|---|---|---|
| മോഡറേറ്റർ | : | **ഡോ.പി.കെ.മൈക്കൾ തരകൻ**<br>*(ചെയർമാൻ, കേരള ചരിത്ര ഗവേഷണ കൗൺസിൽ)* |

**സംസാരിക്കുന്നവർ**

| | | |
|---|---|---|
| | : | **ശ്രീ.ജീവൻബാബു ഐ.എ.എസ്**<br>*(പൊതുവിദ്യാഭ്യാസ ഡയറക്ടർ)* |
| | : | **ഡോ.എ.പി.കുട്ടികൃഷ്ണൻ**<br>*(ഡയറക്ടർ, എസ്.എസ്.കെ)* |
| | : | **പ്രൊഫ.രാജൻ വർഗ്ഗീസ്**<br>*(മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ)* |
| | : | **ശ്രീ.അൻവർ സാദത്ത്**<br>*(എക്സി. ഡയറക്ടർ, കൈറ്റ്)* |
| | : | **ഡോ.പി.എസ്.ശ്രീകല**<br>*(ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ)* |
| | : | **ശ്രീ.അബുരാജ്**<br>*(ഡയറക്ടർ, എസ്.ഐ.ഇ.റ്റി)* |
| | : | **ഡോ.രതീഷ് കാളിയാടൻ**<br>*(പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം)* |
| | : | **ഡോ.എം.പി.നാരായണൻ ഉണ്ണി**<br>*(റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി)* |
| **2.30 pm** | : | **സമാപന സമ്മേളനം** |
| അധ്യക്ഷൻ | : | **ശ്രീ.ചെറിയാൻ ഫിലിപ്പ്**<br>*(കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി)* |
| മുഖ്യാതിഥി | : | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>*(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)* |

## പങ്കെടുത്തവരുടെ പേരും മേൽവിലാസവും

1. ശ്രീ. ശ്രീകുമാർ
   ബി.ആർ.സി ട്രെയ്നർ
2. ശ്രീ.മൻസൂർ
   ബി.ആർ.സി ട്രെയ്നർ
3. ശ്രീ.ജയകുമാർ
   ടീച്ചർ ട്രെയ്നർ
4. ശ്രീ. രാജീവ്
   ടീച്ചർ ട്രെയ്നർ
5. ശ്രീ.മനോജ് കുമാർ. സി
   ഡി.ഡി.ഇ, തിരുവനന്തപുരം
6. ശ്രീമതി.ഷീല റ്റി
   ഡി.ഡി.ഇ, കൊല്ലം
7. ശ്രീമതി. പി.എ ശാന്തമ്മ
   ഡി.ഡി.ഇ, പത്തനംതിട്ട
8. ശ്രീമതി അജി കുമാരി
   ഡി.ഡി.ഇ, കോട്ടയം
9. ശ്രീമതി. ധന്യ. ആർ. കുമാർ
   ഡി.ഡി.ഇ, ആലപ്പുഴ
10. ശ്രീമതി. ഗീത. എൻ.
    ഡി.ഡി.ഇ, ഇടുക്കി
11. ശ്രീമതി. മിനി. വി.പി
    ഡി.ഡി.ഇ, എറണാകുളം
12. ശ്രീമതി. കുസുമം. കെ.എസ്
    ഡി.ഡി.ഇ, തൃശ്ശൂർ
13. ശ്രീമതി.പ്രസന്നകുമാരി. പി.യു
    ഡി.ഡി.ഇ, പാലക്കാട്
14. ശ്രീ.പി.കൃഷ്ണൻ
    ഡി.ഡി.ഇ, മലപ്പുറം
15. ശ്രീ.ഇബ്രാഹീം തോന്നിക്കര
    ഡി.ഡി.ഇ, വയനാട്
16. ശ്രീമതി. നിർമ്മല ദേവി. റ്റി.പി
    ഡി.ഡി.ഇ, കണ്ണൂർ
17. ശ്രീ.ജോണി ജേക്കബ്
    പ്രിൻസിപ്പൽ, ഡയറ്റ്,
    തിരുവനന്തപുരം
18. ശ്രീ. ലീല കൃഷ്ണൻ നായർ
    പ്രിൻസിപ്പൽ, ഡയറ്റ്, കൊല്ലം
19. ശ്രീ.അനീഷ് കുമാർ. റ്റി.ബി
    പ്രിൻസിപ്പൽ, ഡയറ്റ്, പത്തനംതിട്ട
20. ശ്രീ.ഇമ്മാനുവൽ റ്റി. ആന്റണി
    പ്രിൻസിപ്പൽ, ഡയറ്റ്, കോട്ടയം
21. ശ്രീ.കെ.ആർ. വ്ശ്വംബരൻ
    പ്രിൻസിപ്പൽ, ഡയറ്റ്, ആലപ്പുഴ
22. ശ്രീമതി.ധന്യ.പി.വാസു
    ലക്ചറർ, ഡയറ്റ്, ഇടുക്കി
23. ശ്രീ.എം. മധുസൂധനൻ
    സീനിയർ ലക്ചറർ, ഡയറ്റ്,
    എറണാകുളം
24. ശ്രീമതി. മനോരമ.എ
    സീനിയർ ലക്ചറർ, ഡയറ്റ്, തൃശ്ശൂർ
25. ശ്രീ .കെ.ബി പത്മനാഭൻ
    പ്രിൻസിപ്പൽ, ഡയറ്റ്, കോഴിക്കോട്
26. ശ്രീ.സെബാസ്റ്റ്യൻ കെ.എം
    പ്രിൻസിപ്പൽ, (ഇൻചാർജ്ജ്) ഡയറ്റ്,
    വയനാട്
27. ഡോ.എം.ബാലൻ
    സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ
28. ശ്രീ. രാമചന്ദ്രൻ നായർ..കെ
    പ്രിൻസിപ്പൽ (ഇൻചാർജ്ജ്)
    ഡയറ്റ്, കാസർഗോഡ്
29. ശ്രീ. കുര്യൻ.എ ജോൺ
    എ.ഡി, കൊല്ലം
30. ശ്രീ.മുരളീധരൻ കെ.കെ
    പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ്
    മാവേലിക്കര
31. ശ്രീമതി. ലിജി.ജോസഫ്
    എ.ഡി, എറണാകുളം
32. ശ്രീമതി ലീനാ രവിദാസ്
    എ.ഡി, തൃശ്ശൂർ
33. ശ്രീ.ഉബൈദുള്ള
    എ.ഡി, മലപ്പുറം
34. ശ്രീ.ശെൽവമണി
    എ.ഡി, വടകര
35. ശ്രീ. വിനോദികുമാർ.പി.റ്റി
    എ.ഡി, പയ്യന്നൂർ
36. ശ്രീമതി. നായാരണി.ഇ.എസ്
    ആർ.ഡി.ഡി തിരുവനന്തപുരം-കൊല്ലം

37. ശ്രീ. സതീഷ്കുമാർ.എ
സീനിയർ ക്ലാർക്ക്
ആർ.ഡി.ഡി ഓഫീസ്
പത്തനംതിട്ട-ആലപ്പുഴ
38. ശ്രീമതി.ബീനുകുമാരി കെ.സി
ആർ.ഡി.ഡി, കോട്ടയം-ഇടുക്കി
39. ശ്രീമതി. ശകുന്തള. കെ
ആർ.ഡി.ഡി,
എറണാകുളം-തൃശ്ശൂർ
40. ശ്രീ. ഗോകുൽ കൃഷ്ണൻ
ആർ.ഡി.ഡി
കോഴിക്കോട്-വയനാട്
41. ശ്രീ.ശിവൻ.പി.എൻ
ആർ.ഡി.ഡി
കണ്ണൂർ-കാസർഗോഡ്
42. ശ്രീമതി.ശ്രീകല.കെ.എസ്
പ്രോജക്റ്റ് ഓഫീസർ
ഡി.ജി.ഇ
43. ശ്രീ.ആർ.എസ്.ഷിബു
എ.ഡി.പി.ഐ
ഡി.ജി.ഇ
44. ശ്രീമതി. ദീപ മാർട്ടിൻ
ഡി.ഡി.ഇ, (ക്യൂ.ഐ.പി)
ഡിജി.ഇ
45. ശ്രീമതി.മിനി.ഇ.ആർ
എ.ഡി (കരിക്കുലം)
ഡി.ജി.ഇ
46. ശ്രീ.എം.സുഗതൻ
ഡി.ഡി.ഇ, (ക്യൂ.ഐ.പി)
ഡി.ജി.ഇ
47. ശ്രീമതി.എസ്.ഷീബ
ഡി.ഡി, വി.എച്ച്.എസ്.സി
48. ഡോ.മധുസൂധനൻ. സി
മെമ്പർ, മിഷൻ മോണിറ്ററിംഗ്
ടീം
49. ശ്രീ. രഞ്ജിത്ത്. സി.എസ്
വികസന ഉപദേഷ്ടാവ്
കേരള സർക്കാർ
50. ശ്രീമതി.ജെസി ജോസഫ്
എ.ഡി. പി.ഐ (റിട്ട.)
ഡി.ജി.ഇ

51. ഡോ.പി.കെ.ജയരാജൻ
കൺസൽട്ടന്റ്, എസ്.എസ്..കെ
53. ഡോ. പ്രമോദ്.പി
സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ
എസ്.എസ്..കെ
54. ശ്രീ.അമൽ റോയി
സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ
എസ്.എസ്..കെ
55. ഡോ.റ്റി.പി.കലാധരൻ
കൺസൽട്ടന്റ്, എസ്.എസ്..കെ
56 ശ്രീ.ശിവദാസൻ
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, മലപ്പുറം
57. ശ്രീ.എൻ.ഹക്കീം
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, കൊല്ലം
58. ശ്രീ.എം.തമ്പാൻ
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, കോഴിക്കോട്
59. ശ്രീ.സി.എം.ബാലകൃഷ്ണൻ
പ്രിൻസിപ്പൽ (റിട്ട.) ഡയറ്റ്
കാസർഗോഡ്
60. ശ്രീ.റ്റി.എഫ്.ജോയി
സീനിയർ ലക്ചറർ
ഡയറ്റ്, വയനാട്
61 ശ്രീ.എം.ഒ.സുനിൽ കുമാർ
സീനിയർ ലക്ചറർ
ഡയറ്റ്, കോട്ടയം
62. ശ്രീ.ഹരികുമാർ.കെ.ജെ
പ്രസിഡന്റ്, കെ.എസ്.റ്റി.എ
63. ശ്രീ.ഒ.കെ. ജയകൃഷ്ണൻ
പ്രസിഡന്റ്, എ.കെ.എസ്.റ്റി.യു
64. ശ്രീ. അബ്ദുള്ള വാരൂർ
സെക്രട്ടറി, കെ.എസ്.റ്റി. യു
65. ശ്രീ.റ്റി.അനൂപ് കുമാർ
ജനറൽ സെക്രട്ടറി, എൻ.റ്റി.യു
66. ശ്രീ.ആർ.എസ്.സുനിൽകുമാർ
ട്രഷറർ, കെ.പി.റ്റി.എ
67. ഡോ.റോയി.ബി.ജോൺ
മെമ്പർ, കരിക്കുലം കമ്മിറ്റി

68. ശ്രീ.മുഹമ്മദാലി പി.എം
ട്രഷറർ, കെ.എസ്.റ്റി.എഫ്
69. ശ്രീ. കെ.സി.രാജൻ
അസോസിയേറ്റ് ജനറൽ സെക്രട്ടറി
കെ.പി.എസ്.റ്റി.എ
70. ശ്രീ. എം. തമീമുദ്ദീൻ
ജനറൽ സെക്രട്ടറി, കെ.എ.എം.എ
71.. ഡോ.കെ.എൻ.മധുസൂധനൻ പിള്ള
ഇ.സി മെമ്പർ,
കേന്ദ്രസർവകലാശാല
72. ഡോ.കെ.സി.അജ.കുമാർ
എഴുത്തുകാരൻ
73. ശ്രീ.സുനിൽ.പി
ഇ.കെ.വി.എം, ഗവൺമെന്റ്
കോളേജ്
നീലേശ്വരം
74. ഡോ. രാഹുൽ. വി. ആർ
അസിസ്റ്റന്റ് പ്രൊഫസർ
ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ
എഡ്യൂക്കേഷൻ, തിരുവനന്തപുരം

## സെഷൻ - 1



*സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്. സംസാരിക്കുന്നു*

***സ്വാഗതം*** *: ഡോ.എം.എ.ലാൽ, ഡയറക്ടർ, സീമാറ്റ്-കേരള*

***അധ്യക്ഷൻ*** *: ഡോ.ജെ.പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി*

***ഉദ്ഘാടനം*** *: ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്*

***ആശംസകൾ*** *: ഡോ.എം.എ.ഖാദർ, ചെയർമാൻ, വിദ്യാഭ്യാസ വിദഗ്ധ സമിതി*

*:ഡോ.കെ.എൻ.ഗണേഷ്, ചരിത്രകാരൻ, വിദ്യാഭ്യാസ പ്രവർത്തകൻ*

പ്രൗഢമായ സദസിന് സ്വാഗതം ആശംസിച്ചുകൊണ്ട് സീമാറ്റ് ഡയറക്ടർ ഡോ.എം.എ.ലാൽ ദേശീയ വിദ്യാഭ്യാസ നയം 2019 കരട് വിലയിരുത്തലിനും അഭിപ്രായ രൂപീകരണത്തിനും കൃത്യമായ ദിശാനിർണയം നടത്തി.

സ്വാഗത പ്രസംഗത്തിലേക്ക് .......

ഐ.എസ്.ആർ.ഒ മുൻ മേധാവി ഡോ.കെ.കസ്തൂരിരംഗൻ അധ്യക്ഷനായുള്ള സമിതി ദേശീയ വിദ്യാഭ്യാസ നയം കരട് 2019 കേന്ദ്രഗവൺമെന്റിന് കഴിഞ്ഞ മേയ് 31 ന് സമർപ്പിച്ചു. ഈ കരട് നയം സാമൂഹിക ചർച്ചയ്ക്കായി മാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയിരിക്കുന്നു. 23 അധ്യായനങ്ങളിലായി 484 പേജ് വരുന്ന ഈ കരട് രേഖ ഇതുവരെ കാര്യമായ അക്കാദമിക ചർച്ചകൾക്ക് വിധേയമാക്കിയിട്ടില്ല. അതിനുള്ള ഒരു ശ്രമമാണ് സീമാറ്റ്-കേരള തുടങ്ങി വയ്ക്കുന്നത്. രാജ്യത്തിന്റെ വിദ്യാഭ്യാസത്തിന്റെ ഗതി നിശ്ചയിക്കുന്ന രേഖ സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിരിക്കുകയാണ്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ കേരളം

നേടിയെടുത്ത പുരോഗതിയെ ഈ കരട് നിർദ്ദേശങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു ? തുടർ ചർച്ചകൾ ഉണ്ടാകണം.

വിലയിരുത്തലിലേയ്ക്ക് നയിക്കുന്ന പ്രധാന സൂചകങ്ങൾ

1. കോത്താരി കമ്മീഷന്റെ അടിസ്ഥാനത്തിൽ 1968 ലും തുടർന്ന് 1986 ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി ഓൺ എഡ്യൂക്കേഷൻ എന്ന പേരിൽ രണ്ടാമത്തെ ദേശീയ വിദ്യാഭ്യാസ നയവും പ്രഖ്യാപിക്കുകയുണ്ടായി. ആചാര്യ രാമമൂർത്തിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി 1986 ലെ ദേശീയ വിദ്യാഭ്യാസ നയം പരിഷ്കരിക്കുകയും പ്രോഗ്രാം ഓഫ് ആക്ഷൻ അംഗീകരിക്കുകയും ചെയ്തു. പിന്നീട് 2015 ൽ പുതിയ നയരേഖ തയ്യാറാക്കാനുള്ള ശ്രമം ആരംഭിക്കുകയും 2019 ൽ കരട് ചർച്ചയ്ക്കായി ലഭ്യമാക്കുകയും ചെയ്തു. എന്തുകൊണ്ടാണ് ഒരു പുതിയ നയരേഖ ആവശ്യമായി വന്നത് എന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ടോ ?
2. ഇന്ത്യൻ ഭരണഘടനയുടെ അന്തസത്ത പ്രതിഫലിപ്പിക്കുന്ന അതിന്റെ ആമുഖത്തിൽ പറയുന്ന 'നമ്മൾ ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം ഉറപ്പ് വരുത്തുന്നതിനും സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്യുന്നു'- എന്ന ഭരണഘടനാ ലക്ഷ്യങ്ങളോട് ദേശീയ വിദ്യാഭ്യാസ നയം 2019 എത്രത്തോളം നീതി പുലർത്തുന്നു ?
3. കഴിഞ്ഞ ദേശീയ വിദ്യാഭ്യാസ നയരേഖകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട് ? നേടിയ നേട്ടങ്ങൾ എന്തൊക്കെ ? വീഴ്ചകളും പരിമിതികളും എവിടെ നേരിട്ടു ? പരിമിതികളുടെ ഉത്തരവാദിത്വം ആർക്ക് ? പരിമിതികൾ എങ്ങനെ മറികടക്കാം എന്നതിന് കരട് നയത്തിൽ നിർദ്ദേശങ്ങൾ ഉണ്ടോ ? അവ ഒരു ജനാധിപത്യ രാഷ്ട്രത്തിന് ചേരുന്ന തരത്തിൽ ഉചിതമായ നിർദ്ദേശങ്ങളാണോ ?
4. സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞിട്ടും 30 കോടി നിരക്ഷരർ എന്തുകൊണ്ട് നമ്മുടെ നാട്ടിൽ ഇപ്പോഴും നിലനിൽക്കുന്നു ? 6.5 കോടിയോളം സ്കൂൾ പ്രായത്തിലുള്ള കുട്ടികൾ സ്കൂളിന് പുറത്താണെന്ന് ഈ നയരേഖയിലടക്കം പറയേണ്ടിവരുന്നു. അവ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളുണ്ടോ ?
5. സ്കൂൾ വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെ പങ്ക് കൃത്യമായി നിർവചിച്ചിട്ടുണ്ടോ ? ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസമടക്കമുള്ള സേവനമേഖലയിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങുക എന്ന സമീപനത്തോട് നയരേഖ എങ്ങനെ പ്രതികരിക്കുന്നു ?
6. ഇന്ത്യ ഒരു ഫെഡറൽ രാജ്യമാണ്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. ഇന്ത്യയിലെ വൈവിധ്യങ്ങൾ അംഗീകരിച്ചുകൊണ്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന കാര്യത്തിൽ രേഖ എന്ത് സമീപനമാണ് കൈകൊണ്ടിരിക്കുന്നത് ?
7. ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന സാമൂഹിക അസമത്വം, വിഭക്തചിന്ത, വിവേചനം, പാർശ്വവൽക്കരണം, സ്വകാര്യവൽക്കരണം, കച്ചവടവൽക്കരണം എന്നിവ സംബന്ധിച്ച് കരട് രേഖ എന്ത് നിലപാടാണ് കൈകൊണ്ടിരിക്കുന്നത് ?
8. പൊതുവിദ്യാഭ്യാസത്തെ കുറിച്ച് കരട് നയം എന്താണ് പറയുന്നത് ?
9. വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നത് സംബന്ധിച്ച് എന്ത് നിലപാടാണ് സ്വീകരിക്കുന്നത് ?
10. അക്കാദമിക കാര്യങ്ങളിൽ NCF 2005 മുന്നോട്ട് വച്ച കാഴ്ചപ്പാടുകളോട് എങ്ങനെയാണ് പ്രതികരിക്കുന്നത് ?

11. കോത്താരി കമ്മീഷൻ മുന്നോട്ടുവച്ച സ്കൂൾ കോംപ്ലക്സും 2019 കരട് വിദ്യാഭ്യാസ രേഖ മുന്നോട്ട് വയ്ക്കുന്ന സ്കൂൾ കോംപ്ലക്സും പരസ്പരപൂരകങ്ങളാണോ ? കോമൺ സ്കൂൾ സമ്പ്രദായം ശക്തിപ്പെടുമോ ദുർബലപ്പെടുമോ ?
12. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ചിട്ടുള്ള 5+3+3+4 എന്ന ഘടനാമാറ്റം വിദ്യാഭ്യാസരംഗത്ത് വരുത്താൻ ഇടയുള്ള പരിവർത്തനങ്ങൾ എന്തൊക്കെ ?
13. ഉന്നതവിദ്യാഭ്യസരംഗത്തെക്കുറിച്ചുള്ള പരാമർശങ്ങൾ പൊതുവിദ്യാഭ്യാസമേഖലയെ എങ്ങനെ സ്വാധീനിക്കും ?
14. അധ്യാപകയോഗ്യത, പരിശീലനം, നിയമനം തുടങ്ങിയവ സംബന്ധിച്ച നിലപാടുകൾ എന്ത് ?
15. മൂല്യനിർണ്ണയം സംബന്ധിച്ച് നിർദ്ദേശങ്ങൾ എത്രത്തോളം ഫലപ്രദമാണ് ?
16. എസ്.എം.സി.ക്ക് നൽകുന്ന പ്രാധാന്യം എന്താണ് ?
17. കരട് വിദ്യാഭ്യാസ നയത്തിൽ സൂചിപ്പിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാം ?
18. വിദ്യാഭ്യാസമേഖലയ്ക്കായുള്ള സാമ്പത്തികം സംബന്ധിച്ച നിലപാടുകൾ എന്തെല്ലാമാണ്. ഇത് പൊതുസമ്പദ്വ്യവസ്ഥയുടെ ഭാഗമാകുന്നത് എങ്ങനെയാണ് ?
19. കേരളം നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന, ലോകം മുഴുവൻ മാതൃകയാക്കാൻ ആഗ്രഹിക്കുന്നതുമായ സമഗ്രവിദ്യാഭ്യാസ സംവിധാനം സംസ്ഥാനത്ത് പുരോഗമിക്കുമ്പോൾ കരട് നയത്തിലെ നിർദ്ദേശങ്ങൾ എത്രത്തോളം പ്രസക്തമാകും ഇവിടെ ?

ഇവയെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങി മുഴുവൻ പേരെയും പങ്കെടുപ്പിക്കണമായിരുന്നു. പക്ഷെ പരിമിതികൾ ഏറെ. ഗുണപരമായ മാറ്റം നിർദ്ദേശിക്കേണ്ടതുണ്ട്. ആവശ്യകത ബോധ്യപ്പെടേണ്ടതുണ്ട്. അതിനായുള്ള തുടർ ചർച്ചകൾ നടക്കണം. പൊതുവിദ്യാഭ്യാസ ചർച്ചകൾക്ക് സീമാറ്റ് തുടക്കം കുറിക്കുകയാണ്. രണ്ട് ദിവസങ്ങളിലായി നാല് സെഷനുകൾ ലഭ്യമായ മുഴുവൻ വിദ്യാഭ്യാസ പ്രവർത്തകരെയും പങ്കെടുപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഒന്നാം സെഷനിൽ പങ്കെടുക്കുന്നവരെ പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു.

ഉദ്ഘാടനം ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്, പൊതുവിദ്യാഭ്യാസ സെക്രട്ടറി

കരട് ദേശീയ വിദ്യാഭ്യാസനയത്തിന്റെ അക്കാദമിക ചർച്ചയാണ് സീമാറ്റ് ലക്ഷ്യമിടുന്നത്. മനുഷ്യൻ ആശയവിനിമയത്തിനായി ഭാഷ ഉപയോഗിച്ചു തുടങ്ങിയിട്ട് ഏഴായിരം വർഷങ്ങളേ ആയിട്ടുള്ളൂ. നദീതട സംസ്കാരത്തിൽ തുടങ്ങി വിജ്ഞാനവിസ്ഫോടനത്തിന്റെ തലത്തിൽ എത്തിനിൽക്കുകയാണ് നാം. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. വിവിധ സംസ്കാരങ്ങളാണ് ഇവിടെ ഉള്ളത്. അവരുടെ ആവശ്യങ്ങൾ സാക്ഷാത്കരിക്കുകയാണ് വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നത്. നാല് കോടി എഴുപത് ലക്ഷം കുട്ടികൾ ഒന്നാം ക്ലാസിൽ നിന്നും പത്താം ക്ലാസിൽ എത്തുന്നില്ല. സാക്ഷരത എഴുപത് ശതമാനം മാത്രമാണ് ഉള്ളത്. 30 കോടി ജനങ്ങൾ സാക്ഷരതരല്ല.

ഒരു മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചവരാണ് കേന്ദ്രം ഭരിക്കുന്നത്. അതിനും നാല് വർഷം മുമ്പ് മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിൽ മത്സരിച്ച് ജയിച്ച ഒരു സർക്കാരാണ് കേരളത്തിലുള്ളത്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസം മൗലികഅവകാശമാണ്. വിദ്യാഭ്യാസ അവകാശത്തിൽ 6 മുതൽ 14 വരെ വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം ഉറപ്പ് നൽകുന്നു. NEP 2019 3 മുതൽ 18 വരെ RTE ദീർഘിപ്പിക്കുന്നു. നിലവിലുളളതിനെ fine tune ചെയ്യലല്ല മറിച്ച് ഒരു ക്ലീൻ സ്ലേറ്റായി തുടക്കമിടുകയെന്നതാണ് NEP 2019 അധ്യക്ഷൻ ഡോ.കസ്തൂരിരംഗൻ അവകാശപ്പെടുന്നത്. NEP 2019 ൽ വിദ്യാഭ്യാസത്തെ 4 മേഖലകളായി തിരിക്കുന്നു.

1. School Education – 3 മുതൽ 18 വയസ്സുവരെയുള്ള - 2 മുതൽ +2 വരെ വിദ്യാഭ്യാസം
2. Higher Education
3. Additional Focus Area
4. Transforming Educational Sector

NEP 2019 ൽ ഒരു ഇന്ത്യ കേന്ദ്രീകൃതമായ വിദ്യാഭ്യാസ സമ്പ്രദായമാണ് നിർദ്ദേശിക്കുന്നത് - ഇത് ശരിയാണോ അല്ലയോ എന്ന് പരിശോധിക്കണം. ഇന്ത്യയെ ലോകത്തിന്റെ വിദ്യാഭ്യാസത്തിന്റെ കേന്ദ്രം ആക്കി മാറ്റുക എന്നതും ലക്ഷ്യമിടുന്നു. ഇതിന് അനുപൂരകമായിട്ടായിരിക്കണം ഇന്ത്യയിലെ വിദ്യാഭ്യാസം. NEP 2019 കൃത്യമായ ടൈം ലൈൻ നിർദ്ദേശിച്ചിട്ടുണ്ട്.

- സർക്കാരിന്റെ 100 ദിവസത്തിനുള്ളിൽ ECCE -പ്രീസ്കൂൾ പുനക്രമീകരണം പൂർത്തിയാക്കും.
- 100 ദിവസത്തിനുള്ളിൽ രാഷ്ട്രീയ ശിക്ഷാആയോഗ് നിലവിൽ വരും.
- കേന്ദ്രമാനവവിഭവശേഷി മന്ത്രാലയം എന്നതിന് പകരം വിദ്യാഭ്യാസ മന്ത്രാലയം പുനസ്ഥാപിക്കപ്പെടും - ഇതിന്റെ അനുയോജ്യത ചർച്ച ചെയ്യണം.

2020 - അഫിലിയേറ്റഡ് കോളേജുകൾ ഉണ്ടാകാൻ പാടില്ല.

2021 - മിഷൻ നളന്ദ നിലവിൽ വരും.

2022 - ടീച്ചർ ഇവാലുവേഷൻ നിലവിൽ വരും.

2023 - എല്ലാ വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലഭ്യമാക്കും.

2023 - സ്കൂൾ കോംപ്ലക്സ് നിലവിൽ വരും.

2024 - എല്ലാ യൂണിവേഴ്സിറ്റികളിലും 4 വർഷ ടീച്ചർ പ്രിപ്പറേഷൻ പ്രോഗ്രാം ആരംഭിക്കും.

2024 നും 29 നും ഇടയിൽ RSA റെഗുലേറ്റിംഗ് മെക്കാനിസം നിലവിൽ വരണം.

2025 - എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ ലഭ്യത ഉറപ്പാക്കണം.

2025 - 50 % കുട്ടികൾക്കെങ്കിലും വൊക്കേഷണൽ പരിശീലനം പൂർത്തിയാക്കണം.

2029 - എല്ലാ കോളേജുകളും ടീച്ചർ പ്രിപ്പറേഷൻ പ്രോഗ്രാം ആരംഭിക്കണം.

2030 - എല്ലാ അധ്യാപകർക്കും ഇന്റഗ്രേറ്റഡ് 4 വർഷ ബി.എഡ് ബിരുദം ഉറപ്പാക്കണം.

2032 - അക്രഡിറ്റഡ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമെ ഉണ്ടാകുകയുള്ളൂ.

- ECCE നിലവിൽ വനിതാശിശുവികസനമന്ത്രാലയത്തിൽ നിന്ന് മാറ്റി വിദ്യാഭ്യാസവകുപ്പിലേയ്ക്ക് മാറ്റണം - ഭരണപരമായ കാര്യമാണിത്.
- NEP 2019 ലെ ഘടനാമാറ്റങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുകയാണ്.
- CNSN കുട്ടികളെക്കുറിച്ചും അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരെക്കുറിച്ചും NEP 2019 ൽ പരാമർശം കുറവാണ്.
- ഭാഷാപഠനവുമായി ബന്ധപ്പെട്ട് നൽകുന്ന പരാമർശം വിമർശനവിധേയമാണ്.
- കേന്ദ്രീകൃതമൂല്യനിർണ്ണയം കൂടുതൽ സങ്കീർണത ഉണ്ടാക്കും.
- അധ്യാപകസംവരണം വിദ്യാർത്ഥി സംവരണം തുടങ്ങിയ ഭരണപരമായ കാര്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഒന്നുമില്ല.

ഒരു ദേശീയ വിദ്യാഭ്യാസ നയത്തിൽ എങ്ങനെയാവണം സമൂഹത്തെ നവീകരിക്കേണ്ടത് എന്ന നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്. തുടർ ചർച്ചകൾ അത്തരം നിർദ്ദേശങ്ങൾ രൂപീകരിക്കാൻ സഹായമാ

കുന്നതാകട്ടെ എന്ന ആശംസയോടെ കരട് ദേശീയ നയം 2019 ചർച്ച ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

**ഡോ.ജെ.പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി**

വളരെ വിപുലമായ വിഷയമാണിത്. ജി.എസ്.ആർ റിപ്പോർട്ട്, എം.എച്ച്.ആർ.ഡി റിപ്പോർട്ട് എന്നിവയുടെ കൺസോളിഡേഷൻ റിപ്പോർട്ടാണ് ഡോ.കസ്തൂരി രംഗൻ റിപ്പോർട്ട്. NEP 2019 ഭാവി ഭാരതത്തെ സ്വാധീനിക്കുന്ന റിപ്പോർട്ടാണ്. ഒരു പുതിയ റിപ്പോർട്ട് ഉണ്ടാക്കുമ്പോൾ ഇതിന് മുമ്പ് ഉണ്ടായിട്ടുളള റിപ്പോർട്ടുകളുടെ ഗുണദോഷവശങ്ങൾ ചർച്ച ചെയ്യാറുണ്ട്. പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതുണ്ട്. 1986 ലെ NEP ക്ക് ഒരു പ്രവർത്തന പദ്ധതി രൂപീകരിക്കാൻ 6 വർഷം വേണ്ടി വന്നു. NEP 2019 ൽ വിദ്യാഭ്യാസരംഗത്ത് കേന്ദ്രഗവൺമെന്റിന്റെ ഒരു സ്വതന്ത്രവൽക്കരണമാണ് വിഭാവന ചെയ്തിട്ടുളളത്. 3 തരത്തിലുളള സ്വയംഭരണത്തെ കുറിച്ച് പരാമർശിക്കുന്നു.

- Academic autonomy
- Financial autonomy
- Administrative automony

റിപ്പോർട്ടിലെ റീസണബിൾ ഫണ്ടിലെ റീസണബിൾ എന്നത് സ്വകാര്യ യൂണിവേഴ്സിറ്റികൾ തീരുമാനിക്കും. 3 തരം യൂണിവേഴ്സിറ്റികൾ വിഭാവന ചെയ്യുന്നു.

- Teaching Universities
- Research Universities
- Colleges
- സ്കൂൾ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കപ്പെടുന്നു. നിയന്ത്രണത്തിന് NCTE മാത്രമാണ് ഉണ്ടായിരുന്നത്. ഇത് മാറുന്നു. പ്രധാനമന്ത്രി അധ്യക്ഷനാകുന്ന സമിതി രൂപീകരിക്കപ്പെടുന്നു.
- ഭരണഘടനാ മൂല്യങ്ങളുടെ പരാമർശമേ ഇല്ല. മാനുഷിക മൂല്യമില്ല. ജനാധിപത്യ പരാമർശമില്ല.
- ഭാരതീയ മൂല്യങ്ങൾ എന്ന് പറയുന്നതിലൂടെ വേദപാഠശാലകളും ഗുരുകുല വിദ്യാഭ്യാസവും മടങ്ങി വരുന്നു.
- നളന്ദ, തക്ഷശില മാതൃകകൾ ആത്യന്തിക മാതൃകകൾ ആകുന്നു.
- വിദ്യാഭാരതിയാണ് ഏറ്റവും നല്ല മാതൃക - ഇതാരാണ് നടത്തുന്നത് എന്ന് അറിയാമല്ലോ ?
- CSR ഫണ്ട് സ്വകാര്യമേഖലയിലേക്ക് വൻതോതിൽ ഒഴുകും - അംഗീകാരം ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് പോകും.
- നിലവിലെ പ്രീസ്കൂൾ നടത്തിപ്പ് വിവിധ വകുപ്പുകളാണ്. ഇതെല്ലാം വിദ്യാഭ്യാസവകുപ്പിന് കീഴിലാക്കുക ഭരണപരമായ വിഷയമാണ്.
- 5+3+3+4 ഘട്ടങ്ങൾ വ്യാപകമായി ആശയകുഴപ്പം ഉണ്ടാക്കും.
- സ്കൂൾ കോംപ്ലക്സ്-കോളേജ് കോംപ്ലക്സ് എന്നിവ പരീക്ഷിച്ച് നോക്കിയ തന്ത്രങ്ങളാണ്. കോത്താരി കമ്മീഷൻ വിഭാവന ചെയ്യുന്ന കോംപ്ലക്സ് അല്ല ഇവിടെ പരാമർശിക്കുന്നത്.
- എസ്.എം.സി (സ്കൂൾ കോംപ്ലക്സ് മാനേജ്മെന്റ് കമ്മിറ്റി) യുടെ പെർഫോമൻസ് അപ്രിസൽ ഗുരുതര പ്രശ്നങ്ങൾക്ക് വഴിവക്കും.
- പ്രസിദ്ധ കേശവാനന്ദ ഭാരതിവിധി പ്രകാരം 2/3 ഭൂമി പക്ഷം ഉണ്ടായാൽ പോലും ഭരണഘടനയുടെ പ്രിമബിൽ മാറ്റാൻ പാടില്ല. ഭരണഘടനയുടെ അന്തസത്ത പാലിക്കപ്പെടണം. ഈ റിപ്പോർട്ടിൽ ഭരണഘടനാ മൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നു.
- വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ നിന്നും സെൻട്രൽ ലിസ്റ്റിലേക്ക് മാറ്റപ്പെടും.
- അറിവ് ആയുധമല്ല - മൂലധനമായി മാറും.

- Knowledge Society കൾ പ്രത്യേക Edu Zone ആയി മാറ്റപ്പെടും. സ്റ്റേറ്റിന് നിയന്ത്രണ മില്ലാതാകും. Special Education Zone Special Economic Zone പരസ്പരം കൈപിടിച്ചുകൊണ്ട് സ്വതന്ത്രമായി വിടുന്നു.
- വിദ്യാഭ്യാസത്തിന്റെ സ്വതന്ത്രവൽക്കരണത്തിലൂടെ മൂന്നു കാര്യങ്ങൾക്ക് ശ്രമിക്കുന്നു.
- ഭാരതീയവൽക്കരണം
- ആത്മീയവൽക്കരണം
- ദേശീയവൽക്കരണം

അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ കമ്പനിവൽക്കരണവും NEP 2019 ലക്ഷ്യമിടുന്നു.

- വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനത്തിന് പങ്കില്ലാതാകുന്നു. ചുരുക്കത്തിൽ കോർപ്പറേറ്റുകൾക്കുവേണ്ട) കോർപ്പറേറ്റുകൾ തയ്യാറാക്കിയ നയരേഖ. എല്ലാ വിഭാഗത്തേയും അപകടപ്പെടുത്തുന്ന ഒരു റിപ്പോർട്ടാണ് NEP 2019 എന്ന ഓർമപ്പെടുത്തോടെ അധ്യക്ഷപ്രസംഗം അവസാനിച്ചു.

**ഡോ.എം.എ.ഖാദർ**

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ നിലവിൽ വന്നിട്ടുണ്ട്. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ മുതൽ ഒടുവിൽ കസ്തൂരിരംഗൻ റിപ്പോർട്ടുവരെ. ഇതിന് മുൻപ് രൂപീകരിക്കപ്പെട്ട കമ്മിഷൻ റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഒരു കമ്മീഷൻ റിപ്പോർട്ടും പൂർണമായി നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

1. Political
2. Burocracy

മുൻ റിപ്പോർട്ടുകളിലും Universalisation എന്ന പദം ഉപയോഗിച്ചിരുന്നില്ല എങ്കിലും സമഗ്രശിക്ഷയടക്കം - 2 മുതൽ +2 വരെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു.

- RTE extend ചെയ്യുന്നത് വ്യക്തിപരമായി സ്വാഗതം ചെയ്യുന്നു. പ്രീ-സ്കൂളിലെത്തുന്ന കുട്ടികളുടെ retention ഉറപ്പാക്കാൻ ഇത് സഹായിക്കും.
- ഈ സമയത്ത് Observation ശേഷി ഉറപ്പിച്ചാൽ തുടർന്ന മറ്റു ശേഷികളിലേയ്ക്ക പോകുന്നത് എളുപ്പമാകും.
- കൊഴിഞ്ഞുപോക്ക് കേരളത്തിൽ സാധാരണമല്ലെങ്കിലും മറ്റു സംസ്ഥാനങ്ങളിൽ സാധാരണയാണ്.
- പ്രീ സ്കൂളിലെ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് കൃത്യമായ പരിശീലണം ഉണ്ടാകണം.
- NEP 2019- ലെ നിർദ്ദേശങ്ങൾ School discrimination ഉണ്ടാക്കുമെന്ന കാര്യത്തിലും Institutional discrimination ന്റെ കാര്യത്തിലും സംശയമില്ല.
- NEP 2019 ഏറ്റവും ശക്തമായും കേന്ദ്രീകൃത ഏകാധിപത്യവൽക്കരണമാണ് മുന്നോട്ടുവയ്ക്കുന്നത്.
- ഇത് അസമത്വത്തെ വ്യാപിപ്പിക്കും
- പാഠപുസ്തകനിർമ്മിതിയിലടക്കം കേന്ദ്രീകൃത സ്വഭാവം നിലനിർത്തുമ്പോൾ ഓരോ സംസ്ഥാനത്തിന്റെയും വിദ്യാഭ്യാസ ആവശ്യങ്ങൾ വ്യത്യസ്തമാണെന്നിരിക്കേ രാജ്യത്തിന്റെ ഫെഡറൽ മൂല്യങ്ങൾ തച്ചുടക്കപ്പെടും.
- Critical thinking, Social responsibility എന്നൊക്കെ പരാമർശിക്കുന്നുണ്ടെങ്കിലും ഒരിടത്തും ഭരണഘടനയിലെ അടിസ്ഥാനമൂല്യങ്ങളെക്കുറിച്ചോ മതനിരപേക്ഷയെക്കുറിച്ചോ പരാമർശമില്ല.

- കോത്താരികമ്മിഷനിൽ നിന്ന് വ്യത്യസ്തമായി - ൽ സ്കൂൾ കോംപ്ലക്സ് നടപ്പാക്കുകയാണെങ്കിൽ ചില വിദ്യാലയങ്ങൾ മാത്രം സംരക്ഷിക്കപ്പെടുകയും മറ്റുള്ളവ അടച്ചുപൂട്ടപ്പെടുകയും ചെയ്തുപോകും. ഇത് inequality യ്ക്ക് വഴിവയ്ക്കും.
- ഓൺലൈൻ കോഴ്സുകളും പരീക്ഷകളും നടപ്പിലാകുന്നതോടെ അധ്യാപക വർഗം തന്നെ ഇല്ലാതാകും. ഒപ്പം സാമൂഹ്യ ജ്ഞാന നിർമ്മിതിയിലേർപ്പെടാതെ കുട്ടികൾ കേവലം അറിവു ഗുളിക അരച്ചു കുടിക്കുന്ന ഉപകരണങ്ങളായി മാറും. ഇത്തരം online പരീക്ഷകൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ പഠനം സമ്പത്തുള്ളവർക്ക് മാത്രമായി മാറും.
- നാലുവർഷം ബി.എഡ് ബിരുദം, +2 കഴിഞ്ഞവർക്ക് മാത്രമാകുമ്പോൾ നിലവിലുള്ള തയപ്പെടും. കഴിഞ്ഞ ഒരാൾക്കും അധ്യാപന വൃത്തിയിലേയ്ക്ക് കോഴ്സ് തെരഞ്ഞെടുക്കാൻ കഴിയില്ല.

**ഡോ. കെ.എൻ. ഗണേഷ്**

ബഹു സാംസ്ക്കാരിക - ബഹു സാമൂഹിക വൈവിധ്യമുള്ള 135 കോടി ജനങ്ങളുള്ള നാടാണ് ഭാരതം. വിദ്യാഭ്യാസ നയങ്ങളിൽ മാറ്റം വരുത്താൻ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്.

- ഗവൺമെന്റുകൾ മാറുന്നതിനനുസരിച്ച് വിദ്യാഭ്യാസ നയങ്ങൾ മാറേണ്ടതുണ്ടോ?
- കൃത്യമായ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാകേണ്ടേ?
- NEP 2019 - ൽ ഒരു സ്വയം വിമർശക വിലയിരുത്തൽ കാണുന്നില്ല പകരം ഇതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളെയും നിരാകരിക്കുന്ന (dismis) ചെയ്യലാണ്.
- NEP 1986 -ൽ എല്ലാവർക്കും വിദ്യാഭ്യാസം എന്നത് പരാജയപ്പെട്ടു. എന്താകാം കാരണം ബഹു സ്വരത അംഗീകരിക്കാത്തതാകാം കാരണം.
- വിദ്യാഭ്യാസ പരിപാടികളുടെ വിജയം അതിന്റെ ജനാധിപത്യ സ്വഭാവം കൊണ്ടാണ്.

ഉദാ: ത്രിഭാഷാ പദ്ധതി തമിഴ്നാട് എതിർത്തു കേവലം 3 ഭാഷാപഠിക്കലാണോ?

അതോ Culture-ന് വേണ്ടി ഭാഷ പഠിപ്പിക്കലാണോ?

ECCE – play way method എന്നത് നേരത്തേ ചർച്ച ചെയ്തിരുന്നതാണ് NEP -19 - ലെ പരാമർശത്തിന് കൂടുതൽ വ്യക്തതവേണം

- School Complex - ചർച്ച ചെയ്ത സംസ്ഥാനമാണ് കേരളം എന്താണ് ഇതിന്റെ ജനാധിപത്യസ്വഭാവം
- Cultural regulatory Authority യ്ക്ക് നിയന്ത്രണം വരുത്താനുള്ള ഒരു ലക്ഷ്യമായി മാറും.
- 5+3+3+4 – RTE ആക്ടിനെതിരാണ്
- 6 മുതൽ 14 വയസ്സുക്കാർക്ക് ഇന്റേർണൽ എക്സാം ആകാം, പബ്ലിക് എക്സാം നടത്തുന്നത് ആരോഗ്യകരമാണോ ?.
- എല്ലാ കുട്ടികൾക്കും തൊഴിൽ പരിജയം ഉണ്ടാകണം .
- വൊക്കേഷണൽ ട്രെയിനിങ് യൂണിവേഴ്സലൈസ് ചെയ്യണം .
- സ്പെഷ്യൽ എഡ്യൂക്കേഷൻ സോൺ നിലവിലുള്ള ഇൻക്ലൂസീവ് എഡ്യൂക്കേഷന് നേർ വിപരീതമാണ്.

- സാങ്കേതിക വിദ്യ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്. അധ്യാപികയെ പാർശ്വവൽക്കരിക്കാനുള്ള ഉപാധിയായി മാററുത് സാങ്കേതിക വിദ്യ.
- സ്കൂൾ തലത്തിൽ അക്രഡിറ്റേഷൻ വേണമോ ?, യൂണിവേഴ്സലൈസേഷനും അക്രഡിറ്റേഷനും പരസ്പര വിരുദ്ധമാണ് .
- സെൻട്രലൈസ്ഡ് എഡ്യൂക്കേഷൻ എതിർക്കപ്പെടേണ്ടതാണ്
- അടിസ്ഥാന മാനദണ്ഡങ്ങളായ മതേതരത്വം, ജനാധിപത്യം എന്നിവ ഇല്ല എന്ന് പരസ്യമായി സമ്മതിച്ചിരിക്കുന്നു NEP 2019
- ഓട്ടോണോമി സാമൂഹിക നീതി നിരാകരണത്തിനു വഴി വയ്ക്കും. റിസർവേഷൻ അപ്രസക്തമാകും
- നാല് വർഷ ഡിഗ്രി, ബിഎഡ് സ്വാഗതാർഹം പക്ഷെ തുടർപഠനത്തിന് സാധ്യത എത്രത്തോളം ?
- റെഗുലേറ്റിംഗ് അതോറിറ്റി അഴിമതിക്ക് വഴി വയ്ക്കും.

**ക്രോഡീകരണം**

ഒന്നാമത്തെ സെഷൻ ഡോ. പ്രസാദ് ക്രോഡീകരിച്ചു .

NEP 2019 കരട് നിർദ്ദേശം അനുസരിച്ചു നടപ്പാക്കുകയാണെങ്കിൽ ഗുണമേന്മ വിദ്യാഭ്യാസം എല്ലാവര്ക്കും കിട്ടാതാകും എന്ന് ഓർമിപ്പിച്ചുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങളും ആശങ്കകളും പങ്കുവച്ച മുഴുവൻ പേർക്കും നന്ദി പ്രകാശിപ്പിച്ചു

## സെഷൻ – 2



*സമ്മേളനത്തിന്റെ രണ്ടാമത്തെ സെഷൻ മോഡറേറ്റ് ചെയ്തുകൊണ്ട് ഡോ. സി. രാമകൃഷ്ണൻ സംസാരിക്കുന്നു*

### മോഡറേറ്റർ : ഡോ.സി.രാമകൃഷ്ണൻ

**(വിദ്യാഭ്യാസ വിദഗ്ധൻ, പൊതുവദ്യാഭ്യാസ സംരക്ഷണ യജ്ഞം)**

അധ്യക്ഷന്റെ ആമുഖാവതരണത്തോടെ സെഷൻ ആരംഭിച്ചു. വിദ്യാഭ്യാസ നയരേഖയെന്നാൽ അത് അക്കാദമിക സ്വഭാവമുളള രാഷ്ട്രീയ രേഖയാണ്. അതുകൊണ്ട് അതിനെ രാഷ്ട്രീയമായിത്തന്നെ ചർച്ചയ്ക്ക് വിധേയമാക്കണം. മാത്രമല്ല രാഷ്ട്രീയ സ്വാഭാവമുളള സഭകളാണ് നയം രൂപീകരിക്കുന്നത്. അതിനൊരു അക്കാദമിക സ്വാഭവം ഉണ്ടാകുമെന്നേയുളളൂ. നമ്മുടെ അറിവിന്റേയും അനുഭവത്തിന്റേയും നിലപാടിന്റേയും തലത്തിൽ നിന്നുകൊണ്ട് ഇതിനെ വിശകലനം ചെയ്യുകയാണ് വേണ്ടത്. ഇതിൽ പരാമർശിക്കുന്ന ഓരോ പദത്തേയും സൂക്ഷ്മമായി വിശകലനം ചെയ്യണം.

### ഡോ. അച്യൂത്ശങ്കർ.എസ്.നായർ

**(വകുപ്പ് മേധാവി, ബയോ ഇൻഫർമാറ്റിക് വിഭാഗം, കേരള സർവകലാശാല)**

- detention പോളിസിയെ റിവ്യൂ ചെയ്യും എന്ന് പുതിയ നയത്തിൽ പറയുന്നു. ഒരു വിദ്യാർത്ഥിക്ക് സ്കൂളിംഗിന്റെ ഭാഗമായി കേവലമായ അറിവുകളും നൈപുണികളും മാത്രമല്ല ഉണ്ടാകുന്നത്, ജീവിയ്ക്കാൻ കൂടി അവൻ പഠിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ചില കുട്ടികളെ തോൽപ്പിക്കുന്നത് ഒട്ടും ആശാസ്യമല്ല.

- ചെറിയ ക്ലാസുകളിൽ സാങ്കേതികവിദ്യയുടെ അമിതോപയോഗത്തോടും 'എല്ലാം കമ്പ്യൂട്ടറിലൂടെ' എന്ന രീതിയോടും ഒട്ടും യോജിക്കുന്നില്ല. കുട്ടിയുടെ മനുഷ്യത്വം നഷ്ടപ്പെട്ടു പോകാനുള്ള ഒരു വലിയ സാധ്യത അതിലുണ്ട്. അത് നാം തിരിച്ചറിയണം. അതുകൊണ്ട് തന്നെ ചെറിയ ക്ലാസുകളിലെ കമ്പ്യൂട്ടറിന്റെ ഉപയോഗം വളരെ ജാഗ്രതയോടെ ചെയ്യേണ്ട ഒരു കാര്യമാണ്. പ്രൈമറി സ്കൂളിലെ കുട്ടിയ്ക്ക് കളിക്കാനും ചിരിക്കാനും ഓടാനും ചാടാനും ഒക്കെ ധാരാളം അവസരം ലഭിക്കണം. പ്രകൃതിയെ അറിഞ്ഞ് വളരണം.
- സ്കൂൾ കോപ്ലക്സ് എന്നതിനോട് യോജിക്കുന്നു. സ്കൂൾ കോംപ്ലക്സുകൾ എന്നത് നടപ്പാക്കാൻ പ്രയാസമുള്ള ഒരു ആശയമാണ്. ഡികോളനൈസേഷൻ എന്ന ഒരു ആശയം നയത്തിൽ പരാമർശിക്കുന്നു. ബ്രിട്ടീഷ് മാതൃക മാറി പകരം അമേരിക്കൻ മാതൃകയിലേക്ക് മാറുകയാണ്.
- വ്യാജ യൂണിവേഴ്സിറ്റികൾ രാജ്യത്ത് വളരുന്നു. അതിനെ തടയുന്നതിനുള്ള മാർക്ഷങ്ങളൊന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.
- വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുമ്പോൾ കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു ഇനം എന്ന നിലയ്ക്ക് സംസ്ഥാനങ്ങൾക്ക് ഇടപെടാൻ അർഹമായ ഇടം ലഭിക്കണം. ദേശീയതലത്തിൽ ഒരു കോർ ഉണ്ടായിരിക്കുന്നതിൽ തെറ്റില്ല.
- ഒരു പ്രത്യേക മേഖല മാത്രം കൈകാര്യം ചെയ്യുന്ന യൂണിവേഴ്സിറ്റികൾ (ഉദാഹരണത്തിന് കാർഷിക സർവകലാശാല) ഇല്ലാതാകും എന്നാണ് നയത്തിൽ പറയുന്നത്. അതിനോട് യോജിക്കുന്നു. നല്ല ആശയമാണ്. 'സർവ' കലാശാലയിൽ ഒന്നുമാത്രം പോരല്ലോ!.
- ഉന്നതവിദ്യാഭ്യാസത്തിൽ വിഷയങ്ങളുടെ നിലവിലുള്ള കോമ്പിനേഷൻ രീതികൾക്ക് മാറ്റം വരുത്തുമെന്ന് നയത്തിൽ പരാമർശിക്കുന്നു. കുട്ടികൾക്ക് താൽപര്യമുള്ള ഏത് വിഷയവും തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത് ഗുണകരമാണ്.
- ഭാരതീയ മൂല്യങ്ങളെക്കുറിച്ച് നയം പരാമർശിക്കുന്നുണ്ട്. അതിനോട് വിയോജിക്കുന്നില്ല. എന്നാൽ ആധുനിക കാലഘട്ടത്തിന് അനുഗുണമായ രീതിയിൽ വേണം അതിനെ വായിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ശിഷ്യന്മാരേയും സ്വന്തം മകനേയും ഒരുപോലെ കണ്ട സാന്ദീപനി മഹർഷി മുന്നോട്ട് വയ്ക്കുന്ന മൂല്യം തീർച്ചയായും ആധുനിക കാലഘട്ടത്തിനും അനുയോജ്യമാണ്.
- പുതിയ വിദ്യാഭ്യാസ നയത്തിൽ ധാരാളം റെഗുലേറ്ററി സമിതികളെ കുറിച്ച് പറയുന്നു. സമിതികളുടെ ബാഹുല്യം വ്യവസ്ഥയുടെ ഗുണനിലവാരം ഉയർത്താൻ സഹായിക്കില്ല. പല സമിതികൾക്ക് വേണ്ടി ഒരേതരം വിവരങ്ങൾ നൽകുക എന്ന വ്യായാമം മാത്രമാകും നടക്കുക.

യൂണിവേഴ്സിറ്റികളുടെ അഫിലിയേഷൻ സ്വാവം ഇല്ലാതാക്കുന്നതിനോട് യോജിക്കുന്നു. അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷ നടത്തൽ പോലുള്ള പ്രവർത്തനങ്ങളിൽ സർവകലാശാലകൾ കൂടുതൽ സമയം കേന്ദ്രീകരിക്കുകയും തനത് ഗവേഷണങ്ങൾക്കും പഠനത്തിനും സമയം ലഭിക്കാതെ വരുകയും ചെയ്യുന്നു. അഫിലിയേഷൻ ചുമതല ഇല്ലാതാക്കുന്നതിലൂടെ യൂണിവേഴ്സിറ്റികളുടെ ഗുണത വർദ്ധിക്കും. അതേ സമയം സംസ്ഥാനതലത്തിൽ അഫിലിയേഷൻ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് നല്ലതാണ്. അവയുടെ ചുമതല അഫിലിയേഷൻ മാത്രമായിരിക്കും. ഇതിനുള്ള അവസരം കൂടി വിദ്യാഭ്യാസ നയത്തിൽ പരാമർശിക്കണം (നാലാമത്തെ തരം യൂണിവേഴ്സിറ്റി Type 4)

- നാഷണൽ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിക്കും എന്നതിനോട് യോജിക്കുന്നു. പക്ഷേ രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടാകാതെ നടപ്പിലാക്കണമെന്ന് മാത്രം. അതിന്റെ ഭാഗമായി യൂണിവേഴ്സിറ്റികൾക്ക് മതിയായ ഫണ്ടുകൾ ലഭ്യമാക്കുമെങ്കിൽ യൂണിവ്ഴ്സിറ്റികളിലെ ഗവേഷണപ്രവർത്തനങ്ങൾ മെച്ചപ്പെടും. CSIR ലാബുകൾക്ക് ഫണ്ട് ലഭ്യമാക്കിയതുകൊണ്ട് 1200 ഓളം ശ്രദ്ധേയമായ കണ്ടുപിടിത്തങ്ങൾ അവർക്ക് 50 വർഷം കൊണ്ട് നേടാൻ കഴിഞ്ഞു.

'ദേശീയ താൽപര്യം' സംരക്ഷിക്കുന്ന ഗവേഷണങ്ങൾക്ക് ഫണ്ട് നൽകും എന്ന നയത്തിലെ പരമാർശത്തിനെ മുൻവിധിയില്ലാതെ തന്നെ ഉൾക്കൊള്ളുന്നു.

- ശാസ്ത്ര വിഷയങ്ങളെപ്പോലെ മാനവിക വിഷയങ്ങൾക്കും പ്രാധാന്യം ലഭിക്കാനുള്ള ചില നയങ്ങൾ പരാമർശിക്കുന്നതിനോട് യോജിക്കുന്നു. ഗണിതം പഠിക്കുന്ന കുട്ടിയ്ക്ക് സംഗീതം, ചിത്രകല എന്നിവകൂടി പഠിക്കണമെങ്കിൽ അതിന് അവസരം ലഭിക്കും.
  Indian Institute of Liberal Arts സ്ഥാപിക്കും. അത് ഒരു നല്ല കാര്യമാണ്.
- Contract വ്യവസ്ഥയിൽ അധ്യാപകരെ ഉപയോഗിച്ചാണ് ഇന്ന് അധ്യയനം നടത്തുന്നത്. ഇത് ഒന്നുകിൽ നിർത്തലാക്കണം അല്ലെങ്കിൽ അവർക്ക് മെച്ചപ്പെട്ട വേതനം നൽകണം.
- സിൻഡിക്കേറ്റ് അംഗങ്ങളായി വരുന്ന ചിലരുടെ ഇടപെടലുകൾ ഗുണകരമല്ല.
- MHRD എന്ന പേര് മാറ്റി 'വിദ്യാഭ്യാസവകുപ്പ്' എന്നാക്കുന്നതിനോട് യോജിക്കുന്നില്ല. മനുഷ്യനെ ഏറ്റവും വലിയ വിഭവമായി കാണുന്നതിനോടാണ് യോജിക്കുന്നത്.
- GDP യുടെ 6% വിദ്യാഭ്യാസത്തിന് നൽകണമെന്നത് നടപ്പാക്കാൻ കഴിഞ്ഞാൽ വളരെ നല്ലത്.
- യൂണിവേഴ്സിറ്റികളിൽ കമ്യൂണിറ്റി കോളേജുകൾ ആരംഭിക്കണം.

**ഡോ.അമൃത്കുമാർ**

**(വകുപ്പ് മേധാവി, ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കാസർഗോഡ്)**

- ഇപ്പോൾ പ്രസിദ്ധീകരിച്ച കരട് വിദ്യാഭ്യാസ നയത്തെ പരമ്പരാഗതവും എന്നാൽ ആധുനികവുമായ ഒരു രേഖ- എന്ന് വിശേഷിപ്പിക്കുന്നതാണ് അനുയോജ്യം. സാമ്പ്രദായികമായ പല കാര്യങ്ങളും മഹത്വവത്കരിക്കുകയും. അതേ സമയം തികച്ചും ആധുനികമായ പല പരാമർശങ്ങളും ഒരേ സമയം നടത്തുകയും ചെയ്യുന്നു. നിലവിലുള്ള പലതും അതുപോലെ തുടരാൻ ശ്രമിക്കുകയും ആധുനികമായ ആശയങ്ങൾ പറയുകയും ചെയ്യുന്നു.
- ദേശീയ താൽപര്യങ്ങൾക്കപ്പുറം ചില അന്തർദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിദ്യാഭ്യാസ ഉൽപന്നങ്ങളെ രൂപപ്പെടുത്താനുതകുന്ന ഒരു സജാതീയത (Homogenization) ഈ നയത്തിൽ ദർശിക്കാൻ കഴിയും.
- ECCE യുമായി ബന്ധപ്പെട്ട് ഈ നയം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ തികച്ചും പുരോഗമനപരമാണ്.
- പ്രീപ്രൈമറിക്കുവേണ്ടി ഒരു ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് കൊണ്ടുവരണം എന്ന് പറയുകയും അതിൽ ഉൾപ്പെടുത്തേണ്ട എല്ലാ കാര്യങ്ങളും തന്നെ നയത്തിൽ പറയുകയും ചെയ്യുന്നു. ഇത് ജനാധിപത്യ വിരുദ്ധവും അടിച്ചേൽപ്പിക്കലും ആണ്.
- 3 വയസ്സ് മുതൽ RTE നടപ്പിലാക്കണം എന്ന് പറയുന്നു എന്നതിനോട് യോജിക്കാവുന്നതാണ്. വിമർശനാത്മകമായി ഇതിനെ പരിശോധിക്കുമ്പോൾ ചെറുപ്പത്തിലേ തന്നെ കുട്ടികളെ സ്കൂളിംഗിന് വിധേയമാക്കുകയാണ്. പല സ്വാതന്ത്ര്യങ്ങളും കുട്ടികൾക്ക് നഷ്ടപ്പെടും. 'കുട്ടിക്കാലം' എന്ന സങ്കൽപ്പത്തിന് മാറ്റം വരുത്തുകയാണ് വ്യവസായിക സമൂഹത്തിന് സമൂഹത്തിലെ എല്ലാവരുടെയും അധ്വാനം ഉറപ്പാക്കുന്നതിന് ചെറിയ കുട്ടികൾ തടസമായി വന്നപ്പോൾ അവരെ പ്രത്യേക സ്ഥലത്തേക്ക് വിന്യസിക്കുകയും കുട്ടികളെ സംരക്ഷിക്കാൻ ഒന്നോ, രണ്ടോ പേരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൽ കച്ചവട താൽപ്പര്യം സംരക്ഷിക്കുന്ന ബുദ്ധിയാണ് പ്രവർത്തിച്ചത് - അന്താരാഷ്ട്ര വ്യാവസായിക സമൂഹത്തിന്റെ ചിന്താരീതി തന്നെയാണ് 3 വയസു മുതൽ സ്കൂളിംഗ് എന്നതിനു പിന്നിലുമുള്ളത്.

- പ്രീ പ്രൈമറി കുട്ടികൾ കളികളിലൂടെ രസിച്ച് പഠിക്കട്ടെ എന്നു പറയുകയും അതേ നയം മറ്റൊരിടത്ത് വായനാവാരം, ഗണിതവാരം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ അടിച്ചേൽപ്പിക്കാനും ശ്രമിക്കുന്നു. ഇത് വൈരുദ്ധ്യമാണ്.

**ഡോ. ജി.വി. ഹരി**

**(വിദ്യാഭ്യാസ പ്രവർത്തകൻ)**

- ഈ നയം 217 വ്യക്തികളെയും 74 സ്ഥാപനങ്ങളേയും കൺസൾട്ട് ചെയ്തതിനു ശേഷമാണ് തയ്യാറാക്കിയിരുക്കുന്നത്. അതുകൊണ്ട് തന്നെ ജനാധിപത്യപരമാണ്.
- കേരളത്തിലെ വ്യക്തികളെയൊന്നും കൺസൾട്ട് ചെയ്തിട്ടില്ല.
- Access, Equality, Quality, Affordability and Accountability എന്നീ 5 കാര്യങ്ങളാണ് ഈ നയം മുന്നോട്ട് വയ്ക്കുന്നത്. അതിനോട് യോജിക്കുന്നു.
- CWSN കുട്ടികൾ മുതൽ ട്രാൻസ്ജെൻഡേഴ്സ് വരെയുള്ള എല്ലാവരേയും നയം പരിഗണിക്കുന്നു. അതിനോട് യോജിക്കുന്നു.
- 5+3+3+4 എന്നതിനോട് യോജിക്കുന്നില്ല.
- അവസാനത്തെ 4 വർഷത്തെ സെമസ്റ്റർ രീതി അംഗീകരിക്കാൻ കഴിയില്ല.
- പ്രൈമറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിക്കണം.
- ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് നിലനിർത്തണം.
- GDP യുടെ 6% എങ്കിലും വിദ്യാഭ്യാസത്തിന് സാമ്പത്തികം നീക്കി വയ്ക്കണം.
- Secularism, Democracy ഒരിടത്തും പരാമർശിച്ചിട്ടില്ല. ഇത് ശരിയല്ല.
- Tr. Pupil Ratio – 1: 30 എന്നതിനോട് യോജിക്കുന്നു.
- BEd, MEd 2 വർഷം ആക്കണം എന്നതിനോട് യോജിക്കുന്നു.
- ലെന്റിംഗ് ലൈബ്രറി സംവിധാനം എന്നതിനോട് യോജിക്കുന്നില്ല.
- അധ്യാപക പരിശീലനം ലഭിച്ചവരെ മാത്രമെ അധ്യാപകരായി റിക്രൂട്ട് ചെയ്യാവൂ
- പ്രീ-പൈമറി അധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കണം.
- എസ്.എം.സി അംഗങ്ങളേയും തദ്ദേശ സ്ഥാപനത്തിലെ അംഗങ്ങളെയും ഉൾപ്പെടുത്തിയു ള്ളവിദ്യാലയ മോണിറ്ററിംഗ് ഒഴിവാക്കണം.

**പൊതുചർച്ച**

**ശ്രീമതി.ബിന്ദു (അസിസ്റ്റന്റ് ഡയറക്ടർ, പ്ലാനിംഗ് ബോർഡ്)**

- പ്രീ-പ്രൈമറി ശാസ്ത്രീയമായി പുനസംഘടിപ്പിക്കണമെന്നതിൽ തർക്കമില്ല. എന്നാൽ 3 വയസ്സു മുതൽ സ്കൂളിംഗ് ആരംഭിക്കണമെന്ന് പറയുന്നത് പുനരാലോചിക്കണം. ഫിൻലാന്റ് പോലെ യുള്ള മികച്ച വിദ്യാഭ്യാസം നൽകുന്ന രാജ്യങ്ങളിൽ 7 വയസു മുതലാണ് ഔപചാരിക വിദ്യാ ഭ്യാസം ആരംഭിക്കുന്നത്. വലിയ ഒരു സ്കൂളിന്റെ മതിൽക്കെട്ടിനുള്ളിൽ കുട്ടികളെ തളച്ചിടണോ ?
- വിദ്യാഭ്യാസം എന്ന പേര് വകുപ്പിന് നൽകുന്നതിനോട് യോജിക്കുന്നു. മനുഷ്യവിഭവം എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഹ്യൂമൻ ക്യാപിറ്റൽ എന്നു കൂടിയാണ്. അതുകൊണ്ട് അതിൽ ഒരു കച്ചവ ടതാൽപര്യമുണ്ട്. പേരു മാറ്റണം എന്നു പറയുമ്പോൾ തന്നെ റിപ്പോർട്ടിൽ പറയുന്ന മറ്റ് കാര്യങ്ങ ളെല്ലാം നവലിബറൽ നയങ്ങൾക്കനുസരിച്ചുള്ളതുമാണ്. ഇതും ഒരു വൈരുദ്ധ്യമാണ്.

- പ്ലാനിംഗ് ബോർഡ് ഇല്ലാതാക്കൽ പോലുള്ള അടിച്ചേൽപ്പിക്കൽ നയം ഈ റിപ്പോർട്ടിലും പ്രകടമാണ്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണെന്ന യാഥാർത്ഥ്യം പലപ്പോഴും മറക്കുന്നു.
- വിദ്യാഭ്യാസത്തിന് 6 % തുക നീക്കി വയ്ക്കണമെന്ന് പറയുന്നത് നല്ല കാര്യം തന്നെ. പക്ഷേ ഈ ശതമാനം നേരത്തേതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. പക്ഷേ യഥാർത്ഥ ചെലവ് 3 % ത്തിൽ താഴെയാണ് സംഭവിക്കുന്നത്. യൂണിയൻ ബഡ്ജറ്റിൽ സാമൂഹ്യസുരക്ഷാ മേഖലകൾക്കുള്ള ഫണ്ട് കുറയ്ക്കുകയും വിദ്യാഭ്യാസത്തിന് 6 % നീക്കി വയ്ക്കണം എന്നും പറയുന്നത് മറ്റൊരു വൈരുദ്ധ്യമാണ്.
- ഇന്ത്യൻ സംസ്കാരത്തിന് ഊന്നൽ കൊടുക്കും എന്ന് പറയുമ്പോൾ വളരെയധികം വൈവിധ്യങ്ങളുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ ഏത് തലത്തിനാണ് ഊന്നൽ കൊടുക്കുക എന്നത് ചിന്തിക്കേണ്ടതാണ്.

### ഡോ.ടി.പി.കലാധരൻ

**(കൺസൾട്ടന്റ്, സമഗ്ര ശിക്ഷാ കേരള)**

- ചെറിയ ക്ലാസുമുതൽ 3 ഭാഷകൾ അടിച്ചേൽപ്പിക്കുന്ന ത്രിഭാഷാ സമീപനം എന്തിനാണ് ? ചെറിയ ക്ലാസ് മുതൽ തന്നെ സംസ്കൃതം നിർബന്ധിതമായി ഉൾപ്പെടുത്താനുള്ള അജണ്ട ഇതിന്റെ പിന്നിലുണ്ടോ എന്ന് സംശയിക്കണം. കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ വിദ്യാഭ്യാസ വോളന്റിയർ വിദ്യാലയത്തിന് പുറത്തു നിന്ന് വരും. സ്കൂൾ സമയത്തോ അല്ലാത്ത സമയത്തോ അവർ പഠിപ്പിക്കും. കരിക്കുലം നടപ്പിലാക്കുന്നതിലൂടെ പ്രൊഫഷണൽ ആയ അധ്യാപകന് പറ്റാത്ത പരിഹാരബോധനം യാതൊരു വൈദഗ്ധ്യവുമില്ലാത്ത വോളന്റിയർമാർ നടത്തുമെന്ന് പറയുന്നത് അശാസ്ത്രീയമാണ്.
- പ്രീ-പ്രൈമറി മുതൽ 1, 2 ക്ലാസുകൾ വരെ കളി രീതി നടപ്പിലാക്കുന്നത് പൊതുവിദ്യാലയങ്ങളിൽ മാത്രമാണോ ? അൺ-എയ്ഡഡ് ഉൾപ്പെടെയുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത് നടപ്പാക്കിയില്ലെങ്കിൽ ഇത് കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്ക് കാരണമാകും.
- ഇന്ത്യയിലെ എല്ലാ കുട്ടികളേയും ഒരേ തരം പരീക്ഷ ഉപയോഗിച്ച് വിലയിരുത്തുമെന്ന് പറയുന്നു. ബോധനശാസ്ത്രപരമായി ഇതിന് പിന്തുണ ഇല്ല.

### ഡോ.പി.ശിവദാസൻ

- കേരളത്തിലെ വിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടങ്ങൾ കൂടി തിരിച്ചറിഞ്ഞുകൊണ്ടുള്ള പരാമർശങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തണം.
- ഇന്ത്യയിലെ പൊതുസാമൂഹ്യവ്യവസ്ഥകളെ വിശകലനം ചെയ്ത് ഇന്ത്യൻ സമൂഹത്തിനെ സാംസ്കാരികമായും വിദ്യാഭ്യാസപരവുമായും മുന്നോട്ട് കൊണ്ടുവരാനുള്ള ഒരു നയമായി ഇതിനെ കാണാൻ കഴിയുന്നില്ല. കൃത്യമായ വ്യവസായിക ലക്ഷ്യങ്ങളുള്ള തന്ത്രപരമായ ഒരു സമീപനമാണ് ഈ നയത്തിൽ ദർശിക്കാൻ കഴിയുക. നാലഞ്ചു തലമുറയെങ്കിലും വിദ്യാഭ്യാസം ലഭിക്കാത്ത വിഭാഗങ്ങളെ എങ്ങനെ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാം എന്നതിനും ഈ നയത്തിൽ ഉത്തരമില്ല.
- പ്രൈമറിയിലും പ്രീ-പ്രൈമറിയിലും 'കളിരീതി' എന്നു പറയുന്നുവെങ്കിലും അതിന്റെ നടപ്പാക്കൽ രീതി എങ്ങനെയെന്ന് ഇതിൽ വിശദീകരിക്കുന്നില്ല. മാത്രമല്ല 'വിലയിരുത്തൽ' എങ്ങനെയെന്നും വ്യക്തമായി പരാമർശിക്കേണ്ടതുണ്ട്.

**ഡോ.പ്രമോദ്**

**(സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ കേരള)**

- 1968 ലേയും 1986ലെ ദേശീയ വിദ്യാഭ്യാസ നയങ്ങളിൽ നിന്നും വ്യത്യസ്തമായി കരിക്കുലം എങ്ങനെയായിരിക്കണം എന്ന് ഈ നയത്തിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. NCF ൽ പറയേണ്ടതും പ്രോഗ്രാം ഓഫ് ആക്ഷനിൽ പറയേണ്ടതുമായ കാര്യങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ നയത്തിന് അക്കാദമികപരമായ ലക്ഷ്യത്തെക്കാൾ ചില ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ട്.

**ക്രോഡീകരണം**

**ഡോ. സി. രാമകൃഷ്ണൻ** (മോഡറേറ്റർ)

- ക്രോഡീകരണം ലളിതമല്ല. ഒരു പക്ഷേ അതിന്റെ ആവശ്യവുമില്ല.
- ഈ നയരേഖ ഒരു നയം മാത്രമല്ല. അവയിൽ പോലെ ഒരു പാട് കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കരിക്കുലത്തിൽ പറയേണ്ട കാര്യങ്ങൾ, പ്രോഗ്രാം ഓഫ് ആക്ഷനിൽ പറയേണ്ട കാര്യങ്ങൾ എല്ലാം കൂട്ടിക്കുഴച്ച് പറഞ്ഞിരിക്കുന്നു.
- വിദ്യാഭ്യാസത്തെക്കുറിച്ച് ഈ ഗവൺമെന്റിന്റെ നയം എന്തായിരിക്കും എന്ന് കൃത്യമായി പ്രസ്താവിക്കുകയും അതിനനുസരിച്ച് ഒരു NCF രൂപപ്പെടുത്തുകയുമല്ലേ വേണ്ടത് ?
- ഈ നയം ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മൂല്യങ്ങളുമായി എത്രമാത്രം നീതിപുലർത്തുന്നു ?
- ഈ നയം സംവാദാത്മകമാക്കണമെങ്കിൽ നയം പാർലമെന്റ് അംഗീകരിച്ച എല്ലാ ഭാഷകളിലും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കണം MHRD വെബ്സൈറ്റിൽ പ്രതികരണങ്ങൾ ചേർ ക്കാൻ പലപ്പോഴും കഴിയുന്നില്ല. ഇത് ശരിയല്ല.
- യൂണിവേഴ്സലൈസേഷൻ എന്ന പദം നയത്തിൽ ഒരിടത്തും പറയുന്നില്ല. Alternative Schools നെ പ്രോത്സാഹിപ്പിക്കുന്ന നയം. ഗുരുകുലങ്ങൾ, മദ്രസകൾ, ഹോംസ്കൂളുകൾ എന്നിവയ്ക്ക് നിയമപരമയ പിന്തുണ നൽകാനുള്ള കുറുക്കുവഴിയായി ഇതിനെ കാണണം.
- NCF, POA എന്നിവയെല്ലാം നയത്തിൽ തന്നെ പറഞ്ഞിരിക്കുന്നു. ഇതിന്റെ ആവശ്യമെന്താണ് ? ഇങ്ങനെയാണോ ? ഒരു നയരേഖ വേണ്ടത് ?
- ഈ നയത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ ധാരാളം അധ്യാപകരെ പുതുതായി കണ്ടെത്തേണ്ടി വരും, അത് ചെയ്യുമോ എന്ന് നയത്തിലൊരിടത്തും പറയുന്നില്ല. ഒരിടത്ത് കാൽപ്പനികമായ അക്കാദമിക നിർദ്ദേശങ്ങൾ വയ്ക്കുകയും മറുഭാഗത്ത് അത് നടപ്പാക്കുന്നതിൽ നിന്ന് ഗവൺമെന്റ് പിന്നോട്ടു പോകുകയും ചെയ്യുന്ന സമീപനമാണ് കാണാൻ കഴിയുന്നത്.
- സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തും എന്ന് പറയുന്നതിന് പിന്നിൽ ഗൂഢലക്ഷ്യങ്ങൾ ഉണ്ടാകാം.
- വളരെ വഴക്കമുള്ള ഒരു 'സ്വകാര്യ വിദ്യാഭ്യാസ മോഡൽ' രൂപപ്പെടുത്തുന്ന നയമാണ് മുന്നോട്ട് വച്ചിരിക്കുന്നത്.
- ജനാധിപത്യത്തെയും ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനേയും പൂർണ്ണമായും അംഗീകരിക്കുന്നു. പക്ഷേ അത് എന്തും ചെയ്യാനുള്ള അംഗീകാരമായി കാണാൻ കഴിയില്ല.
- ഉൾപ്പെടുത്തൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയം വ്യക്തമാക്കുന്നില്ല.
- RSA എന്നത് ഒരു ഉപദേശകസമിതിയാണോ അതോ റഗുലേറ്ററി സമിതിയാണോ എന്ന് വ്യക്തമല്ല. കേന്ദ്രീകരണം ഒടുവിൽ അഴിമതിയിലേക്ക് എത്തിച്ചേരുമോ ?
- വിമർശനാത്മക പഠനത്തെ പ്രോത്സാഹിപ്പിക്കുമെന്ന് പറയുന്ന അതേ നയം Moral Education ന് പ്രാധാന്യം നൽകും എന്നും പറയുന്നു. ഇതും ഒരു വൈരുദ്ധ്യമാണ്.

- ദേശീയ വിദ്യാഭ്യാസ നയത്തിലെ ഓരോ കാര്യങ്ങളെക്കുറിച്ചും വിശദമായ ചർച്ചകളും പഠനങ്ങളും തുടരണം.

സീമാറ്റ്-കേരള ഡയറക്ടർ ഡോ.എം.എ.ലാൽ നന്ദി രേഖപ്പെടുത്തി.



*സമ്മേളനത്തിൽ പ്രബന്ധം അവതരപ്പിച്ചുകൊണ്ട് ഡോ. വി. ശിവദാസൻ സംസാരിക്കുന്നു*

## സെഷൻ - 3



*സമ്മേളനത്തിന്റെ മൂന്നാമത്തെ സെഷൻ മോഡറേറ്റ് ചെയ്തുകൊണ്ട് ശ്രീ. സി.പി. നാരായണൻ സംസാരിക്കുന്നു*

മോഡറേറ്റർ

**ശ്രീ. സി.പി.നാരായണൻ (മുൻ എം.പി)**

പങ്കെടുത്തവർ

ശ്രീ. കെ .സി .ഹരികൃഷ്ണൻ (കെഎസ്ടിഎ)

ശ്രീ. എൻ.ശ്രീകുമാർ (എ.കെ.എസ്.ടി.യു)

ശ്രീ. എം.സലാഹുദീൻ (കെ.പി.എസ്.ടി.എ)

ശ്രീ. സൈനുദീൻ (കെ.എസ്.ടി.യു )

ശ്രീ. സദാനന്ദൻ മാസ്റ്റർ (എൻ.ടി.യു)

ശ്രീ. പി.വിജയൻ (കെ. പി.ടി.എ)

ശ്രീ. ഡി.ജെ.സാം (കെ.എസ്.ടി.സി)

ശ്രീ. എം. തമീമുദീൻ (കെ.എ.എം.എ )

ശ്രീ. ബിജു (കെഎസ്ടി എഫ്)

**ശ്രീ. കെ.സി.ഹരികൃഷ്ണൻ**

ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ളിക്കാണ്. ഇന്ത്യയുടെ പരമാധികാരം, ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നിവ നിലനിറുത്താനും സംരക്ഷിക്കാനും ഉതകുന്ന നിർദ്ദേശങ്ങളാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉണ്ടാകേണ്ടത്.

- 6 വയസ് മുതൽ 14 വരെ എല്ലാവർക്കും സൗജന്യവും സാർവത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസവുമാണ് ഭരണഘടന വിഭാവന ചെയ്യുന്നത്. ഈ ലക്ഷ്യം നേടുന്നതിന് വേണ്ടി ശ്രമങ്ങളാരംഭിച്ചത് കേരളം മാത്രമാണ്. സമ്പൂർണ സാക്ഷരത നേടിയ സംസ്ഥാനമെന്ന് കേരളം പ്രഖ്യാപനം നടത്തിയിട്ട് രണ്ട് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. എന്നാൽ ഇന്ത്യയിൽ ഇപ്പോഴും സാക്ഷരതാ നിരക്ക് 70 % മാത്രമാണ്. അതിവേഗം സമ്പൂർണ സാക്ഷരതയുള്ള രാജ്യമാക്കി ഇന്ത്യയെ മാറ്റുവാനുള്ള ഇടപെടൽ അനിവാര്യമാക്കണം. 2030 നകം രാജ്യം സമ്പൂർണ സാക്ഷരത നേടേണമെന്നാണ് നയം നിർദ്ദേശിക്കുന്നത്. ഇത് ആശാസ്യകരമല്ല. പകരം ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കാൻ തുടങ്ങി ആദ്യ രണ്ട് മൂന്ന് വർഷത്തിനകം ഈ ലക്ഷ്യം നേടാനുള്ള കർമ്മ പരിപാടി തയ്യാറാകണം.
- വിദ്യാഭ്യാസ മേഖലയിൽ പരിഷ്ക്കാരങ്ങൾ അനിവാര്യമാണ്. ഫെഡറൽ ഭരണ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്ത് നയം നടപ്പിലാക്കുമ്പോൾ ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തി പിടിക്കാൻ കഴിയണം. ജനാധിപത്യത്തെയും മതേതരത്വത്തെയും സംരക്ഷിക്കുന്ന നിലപാടുകളും നയങ്ങളുമാണ് നടപ്പിലാക്കേണ്ടത്.
- 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവന ചെയ്തിതിരുന്നതാണ് സ്കൂൾ കോംപ്ളക്സുകൾ. അന്നത് നടപ്പിലാക്കാനാവാതെ സമ്പൂർണമായി പരാജയപ്പെടുകയാണ് ചെയ്തത്. എല്ലാ സൗകര്യങ്ങളുമുള്ള സ്കൂൾ കോംപ്ലക്സുകളുടെ പ്രായോഗികത പരിശോധിക്കപ്പെടണം. ഒരുസമൂഹത്തിലെ കുട്ടികൾ കുറവുള്ള വിദ്യാലയങ്ങളിലെ എല്ലാ കുട്ടികളെയും സ്കൂൾ കോംപ്ലക്സുകളുടെ പേരിൽ ഒരിടത്ത് കേന്ദ്രീകരിക്കപ്പെടുമ്പോൾ വിദ്യാഭ്യാസ വ്യാപനം എന്നതിന് പകരം വിദ്യാഭ്യാസ പ്രക്രിയ കേന്ദ്രീകൃതമായി മാറും. സൈക്കിൾ പോലുള്ള എന്തെല്ലാം വാഗ്ദാനങ്ങൾ നൽകിയാലും കുറെ കുട്ടികൾ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിൽ നിന്ന് ഇല്ലാതാകും. കൊഴിഞ്ഞുപോക്ക് കൂടും. ഇതോടെ അധ്യാപക തസ്തികകൾ ഗണ്യമായി കുറയും. സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമായി നടപ്പിലാക്കാനാവാത്ത സ്ഥിതി സംജാതമാകും. സാമൂഹിക താൽപര്യമുള്ള, വിദ്യാഭ്യാസ പ്രക്രിയയെ ഗൗരവമായി കാണുന്ന ഒരു വിഭാഗം രക്ഷിതാക്കൾ മാത്രം കുട്ടികളെ വിദ്യാലയത്തിലെത്തിക്കും. കുറെ മിടുക്കന്മാരെ മാത്രം സൃഷ്ടിക്കപ്പെടുന്ന പ്രക്രിയയായി വിദ്യാഭ്യാസം മാറും. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹം പൂർണമായും വിദ്യാഭ്യാസ പ്രക്രിയയിൽ നിന്ന് പിന്മാറും. എല്ലാവരെയും ഉൾക്കൊള്ളലാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് ഇല്ലാതാകും. ഭിന്നശേഷികളുള്ള കുട്ടികൾ സമ്പൂർണമായി പൊതുധാരയിൽ നിന്ന് പുറം തള്ളപ്പെടുമെന്ന സ്ഥിതിയും സംജാതമാകും.
- അക്രഡിറ്റേഷനും അധ്യാപക യോഗ്യതകളും തീരുമാനിക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിൽ കൂടി നിക്ഷിപ്തമാകണം. അമേരിക്കൻ മാതൃകയിൽ നടത്തുന്ന അക്രഡിറ്റേഷനിലൂടെ വലിയൊരു വിഭാഗം അധ്യാപകരും പുറത്താകും. അധ്യാപകരുടെ എണ്ണം കുറയുന്നതോടെ എല്ലാവർക്കും വിദ്യാഭ്യാസമെന്ന ഭരണഘടനാ ലക്ഷ്യം ഇല്ലാതാകും.അക്രഡിറ്റേഷനുള്ള ചോദ്യാവലി ആര് തയാറാക്കും? കൺകറന്റ് ലിസ്റ്റിന്റെ സാധ്യത എത്രത്തോളം ? എന്നിവ കൂടി പരിഗണിച്ചാണ് ഇക്കാര്യത്തിൽ നയം രൂപീകരിക്കേണ്ടത്.
- കേന്ദ്ര ഏജൻസി മൂല്യനിർണയം നടത്തുന്ന രീതി ആശാസ്യമല്ല. കേവലമായ പരീക്ഷകൾ നടത്തി നിലവിലെ പഠനനിലവാരം വിലയിരുത്തണമെന്നും പരിഹാര ബോധനത്തിന് പട്ടാളക്കാർ ഉൾപ്പെടെയുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നാണ് നിർദ്ദേശം.

ഇതിലൂടെ നിർദ്ദിഷ്ട ഏജൻസി നടത്തുന്ന പരീക്ഷ വിജയിക്കാത്ത എല്ലാവരും വിദ്യാഭാസത്തിന്റെ പൊതുധാരയിൽ നിന്ന് പുറത്താകും. ഇതിലൂടെ എല്ലാവരും പഠിക്കേണ്ടാത്ത അവസ്ഥ സംജാതമാകും. മൂല്യനിർണയ മാനദണ്ഡങ്ങളിൽ 13 എണ്ണം കേന്ദ്ര ഏജൻസി തീരുമാനിക്കണമെന്നതാണ് നിർദേശം. ബാക്കി സൂചകങ്ങൾ അതാത് സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഗവേഷണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ നിശ്ചയിക്കണമെന്നും നിർദ്ദേശിക്കുന്നു. ഇതോടൊപ്പം പാഠപുസ്തകങ്ങൾ നിർമ്മിക്കാനുള്ള അധികാരവും സ്വകാര്യ ഏജൻസികൾക്ക് നൽകണമെന്നും നിർദ്ദേശമുണ്ട്. മൂല്യനിർണയത്തിൽ തൽസ്ഥിതി തുടരണം .മൂല്യനിർണയം നടത്താനുള്ള ചുമതല അധ്യാപകനിലും പ്രധാനാധ്യാപകനിലുമായി നിലനിർത്തണം. അതിനൊരു കേന്ദ്ര ഏജൻസിയുടെ ആവശ്യമില്ല. പകരം;ഓരോ സംസ്ഥാനത്തെയും വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനങ്ങൾ തന്നെ ഈ ചുമതല നിർവഹിച്ചാൽ മതിയാകും.

- ആയിരക്കണക്കിന് ഭാഷകളുള്ള വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ. അപ്പർ പ്രൈമറി തലം പൂർത്തിയാകുന്നതിനിടെ മൂന്ന് ഭാഷകൾ മിക്ക സംസ്ഥാനത്തും കുട്ടികൾ പഠിക്കുന്നുണ്ട്. മാതൃഭാഷയും ആഗോള ഭാഷയായ ഇംഗ്ലീഷും അഞ്ചാം തരം മുതൽ ദേശീയ ഭാഷയായ ഹിന്ദിയും പഠിക്കുന്നുണ്ട്. ഒരു നിശ്ചിത പ്രായം കഴിഞ്ഞാൽ ഏത് ഭാഷയും പഠിക്കാമെന്നിരിക്കെ ദ്വിഭാഷാ പഠനം, ത്രിഭാഷാപഠനം. സംസ്കൃത ഭാഷാപഠനം എന്നിവ നിർബന്ധമായി ഓരോ കുട്ടിയും പഠിക്കണമെന്ന നിർദേശം പുനപരിശോധിക്കണം.

**ശ്രീ. എൻ.ശ്രീകുമാർ**

- വിദ്യാലയങ്ങളിൽ ഇനി മുതൽ പൊതു വിജ്ഞാനം പഠിപ്പിക്കണമെന്ന് നയം നിർദ്ദേശിക്കുന്നു. എത്ര ലാഘവത്തോടെയാണ് കരട് നയം വിദ്യാഭ്യാസത്തെ കാണുന്നതെന്ന് ഇതോടെ വ്യക്തമായി. അഭിരുചി പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന് പറഞ്ഞാൽ അംഗീകരിക്കാം. വിദ്യാഭ്യാസം ആർജ്ജിക്കുക എന്നത് പൊതുവിദ്യാഭ്യാസം ആർജ്ജിക്കുക കൂടിയാണെന്ന പൊതുസമീപനത്തെ ഈ നിർദ്ദേശം തള്ളിക്കളയുന്നു. പാഠ്യപദ്ധതി വിനിമയത്തോടൊപ്പം പൊതുവിജ്ഞാനം ആർജ്ജിക്കുന്നതിന് ഉതകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.
- പ്രീപ്രൈമറി തലം മുതൽ ത്രിഭാഷാ പദ്ധതി വിനിമയം ചെയ്യണമെന്നതാണ് കരട് നയത്തിലെ മറ്റൊരു നിർദേശം. ഇത് പുനപരിശോധിക്കണം. പ്രീപ്രൈമറി തലത്തിൽ മാതൃഭാഷയിലുള്ള കളിരീതി ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടതാണ്. അതിനെ പൊളിച്ചെഴുതാനുള്ള നീക്കം പാടില്ല.സംസ്ഥാനത്തെ പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എസ്.സി.ഇ.ആർ.ടി, ഡയറ്റ്, സീമാറ്റ്, ബി.ആർ.സി എന്നീ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്തു വേണം ഇക്കാര്യത്തിൽ നയങ്ങൾ തീരുമാനിക്കേണ്ടതും നടപ്പിലാക്കേണ്ടതും.
- ദേശീയത പറയുന്നതിലൂടെ വിദ്യാഭ്യാസനയത്തിൽ അതിവൈകാരികത സൃഷ്ടിക്കുന്നു. അധ്യാപകർക്ക് പ്രൊഫഷണലിസം വേണമെന്ന് പറയുന്നതിനോടൊപ്പം സന്നദ്ധ പ്രവർത്തകർ കുട്ടികളെ പഠിപ്പിക്കണമെന്നും കരട് രേഖ നിർദ്ദേശിക്കുന്നു. സന്നദ്ധ പ്രവർത്തകരായി വിദ്യാഭ്യാസരംഗത്ത് എത്തുന്നവർ പലഘട്ടങ്ങളിൽ അധ്യാപക സമൂഹത്തിനാകെ ഭീഷണിയായി മാറും. ഇക്കാര്യം പുനപരിശോധനയ്ക്ക് വിധേയമാക്കണം.
- 200 വിദേശ സർവകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകുന്നത്പുനപരിശോധിക്കണം. ഇതിലൂടെ സർവകലാശാല വിദ്യാഭ്യാസം വിദേശ കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും കൈമാറാനുള്ള ശ്രമമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു നിലവിലുള്ള സർവകലാശാലകളെ മികവിലേക്കുയർത്തണം.
- ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ നാളിതുവരെയുള്ള എല്ലാ നന്മകളെയും കരട് വിദ്യാഭ്യാസ നയം തമസ്കരിക്കുന്നു. വ്യാപകമായ വാണിജ്യവത്കരണത്തിന് നയം അവസരമൊരുക്കുന്നു. പഠന ഗവേഷണസ്ഥാപനങ്ങളെയും ഗവേഷണത്തെയും കരട് നയരേഖ പൂർണമായും തമസ്ക്കരിക്കുന്നു. ഗവേഷണ സ്ഥാപനങ്ങളെ സ്വതന്ത്ര ഏജൻസികളാക്കണം. എസ്.സി.ഇ.ആർ.ടി,

ഡയറ്റ്, എന്നിവ സംയോജിപ്പിക്കണം. വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഒന്നായി കാണാനാണ് നയം ഊന്നൽ നൽകേണ്ടത്.

**ശ്രീ.എം.സലാഹുദീൻ**

- വിദ്യാഭ്യാസം സാമൂഹിക നന്മക്ക് ഉതകണം.അതിനുള്ള നിരവധി കാര്യങ്ങൾ ഊട്ടിയുറപ്പിക്കുന്ന രീതിയിൽ കരട് നയരേഖ പൊളിച്ചെഴുതണം. 1968 ലെ കോത്താരി കമ്മീഷനും, 1986 ലെ ദേശീയ വിദ്യാഭ്യാസ നയവും മുന്നോട്ടുവച്ച നയത്തെ പൂർണമായും ഇല്ലാതാക്കാൻ പാടില്ല. കളി രീതിയിലുള്ള പഠനമാണ് ഈ നയങ്ങൾ പ്രീ പ്രൈമറി വിഭാഗത്തിൽ ലക്ഷ്യമിടുന്നത്. അതിന് പകരമായി 5+ 3+3+ 4 എന്ന രീതി കൊണ്ടുവരാനുള്ള നീക്കം അപലപനീയമാണ്. മാത്രവുമല്ല, ഈ പാറ്റേൺ പൊതു വിദ്യാലയങ്ങളിൽ മാത്രം നടപ്പിലാക്കാനാണ് നീക്കം. ഇതിലൂടെ എട്ടാം തരത്തിൽ കുട്ടികൾ പഠനം ഉപേക്ഷിച്ച് പോകുന്ന സ്ഥിതി സംജാതമാകും. ഈ പാറ്റേൺ എല്ലാ വിദ്യാലയങ്ങളിലും കൊണ്ടുവരണം. 2012 ലെ വിദ്യാദ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന അവകാശങ്ങൾ കൂടി കുട്ടികൾക്ക് ലഭിക്കണം.
- പി.പി.പി എന്ന ഓമനപ്പേരിൽ വിദ്യാഭ്യാസ മേഖലയെ സ്വകാര്യവത്കരണത്തിന് വിധേയമാക്കരുത്. സ്വകാര്യവത്കരണവും ഉദാരവത്കരണവും ലക്ഷ്യമിട്ടാണ് പി.പി.പി. കൊണ്ടുവരുന്നത്. സ്വകാര്യ ഏജൻസികൾ നടത്തുന്ന അംഗനവാടികൾ പോലും സ്ഥാപനവത്കരിക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. സ്വകാര്യ അംഗൻവാടികൾക്ക് നയം നൽകുന്ന അമിതപ്രാധാന്യം ഒഴിവാക്കണം.
- പേർഷ്യൻ - പാലി ഭാഷകൾക്ക് നൽകിയ പ്രധാന്യം ഉറുദു ഭാഷയ്ക്ക് നൽകിയില്ല. ഉറുദു, അറബി ഭാഷയെ അവഗണിച്ചു. മൂന്ന് ഭാഷകൾ പ്രൈമറി തലം മുതൽ പഠിക്കണമെന്ന നിർദ്ദേശവും പുന പരിശോധിക്കപ്പെടണം. ന്യൂനപക്ഷ സൗഹൃദമായ വിദ്യാഭ്യാസ നയമല്ല രേഖ മുന്നോട്ടു വയ്ക്കുന്നത്.
- 3,5,8 ക്ലാസുകളിൽ പരീക്ഷ നടത്തണമെന്നും മറ്റ് ക്ലാസുകളിൽ സെമസ്റ്റർ സമ്പ്രദായത്തിൽ എന്ന രീതിയിൽ മുന്നോട്ടുവയ്ക്കു ഘടനാ മാറ്റം പുനപരിശോധിക്കണം.
- തൊഴിൽ നൈപുണിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾളൊന്നും തന്നെ റിപ്പോർട്ടിലില്ല. അവ കൂടി ഉൾപ്പെടുത്തണം. വിദ്യാഭ്യാസ കാലത്ത് തന്നെ ഒരു തൊഴിൽ കൂടി കുട്ടി അഭ്യസിക്കണമെന്ന ഗാന്ധിയൻ വിദ്യാഭ്യാസ ദർശനത്തെ കരട് നയരേഖ പൂർണമായും അവഗണിക്കുന്നു. ഇത് പുനപരിശോധിച്ച ആവശ്യമായ ഉൾപ്പെടുത്തലുകൾ നടത്തണം.
- ജനാധിപത്യപരമായി വിവിധ ജനവിഭാഗങ്ങൾക്ക് സമുദായങ്ങൾക്കും നൽകുന്ന ഭരണഘടനാപരമായ സംവരണത്തെ ക്കുറിച്ച് രേഖ മിണ്ടുന്നേയില്ല. 25 ശതമാനം കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിൽ സംവരണം നിർദേശിച്ചിരുന്നു. ഇത്തരം നിർദേശങ്ങളെല്ലാം പൊതുവിദ്യാഭ്യാസം തകരാൻ ഇടയാക്കും. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് വേണ്ടത്.

**ശ്രീ.സൈനുദീൻ**

- വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ശാസ്ത്രീയമായ പഠനബോധന സമ്പ്രദായങ്ങളെ പൂർണമായും നിരാകരിക്കുന്നതാണ് 2019 ലെ ദേശീയ വിദ്യാഭ്യാസ നയ രേഖയുടെ കരട് നിർദ്ദേശങ്ങൾ വിദ്യാഭ്യാസ മേഖലയെ മലീമസമാക്കാനും ഫാസിസ്റ്റ് വത്കരിക്കാനും മാത്രമേ നയങ്ങൾ ഉതകുകയുള്ളൂ.
- സ്കൂൾ കോംപ്ലക്സുകൾ എന്ന കാഴ്ച്ചപ്പാടിലൂടെ അധ്യാപക നിയമനങ്ങൾ ഏകീകരിക്കാനും വിദ്യാഭ്യാസത്തെ ഒരു വിഭാഗത്തിൽ നിന്ന് അന്യവത്കരിക്കാനുമാണ് നീക്കം. അധ്യാപക നിയമനങ്ങൾ കേന്ദ്രീകരിക്കപ്പെടും. ആനുകൂല്യങ്ങൾ ഇല്ലാതാക്കപ്പെടും. ഇത് ഈ മേഖലയിൽ

ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടും. അതിനാൽ നിർദ്ദേശങ്ങൾ ഗൗരവമായി ചർച്ച ചെയ്ത് പുനപരിശോധനയ്ക്ക് വിധേയമാക്കണം.

**ശ്രീ.സദാനന്ദൻ മാസ്റ്റർ**

- ജനാധിപത്യവും ഭാരതീയ ചിന്തകളും സ്വാംശീകരിച്ച് തയാറാക്കിയതാണ് കരട്ദേശീയ വിദ്യാഭ്യാസ നയരേഖയിലെ നിർദേശങ്ങൾ. മതേതരത്വത്തിനും ജനാധിപത്യത്തിനു മെതിരായുള്ള ഒരു നിർദേശവും രേഖയിലില്ല.
- ത്രിഭാഷാ പദ്ധതി (പ്രൈമറി തലത്തിൽ മൂന്ന് ഭാഷകൾ നിർബന്ധമായി പഠിക്കണമെന്ന നിർദ്ദേശം) ഒഴിവാക്കണം.
- മതേതരത്വം നിലനിറുത്തണം. കോർപ്പറേറ്റുവത്കരണത്തെക്കുറിച്ചും മതാധിപത്യത്തെ ക്കുറിച്ചും പറയുന്നു.എന്നാൽ ജനാധിപത്യത്തെക്കുറിച്ച് പരാമർശങ്ങളില്ല.ജനാധിപത്യമെന്ന മഹത്തായ സങ്കൽപത്തെ പ്രയോഗവൽക്കരിക്കാനാണ് നയരേഖ ശ്രമിക്കേണ്ടതും പരിഗണന നൽകേണ്ടതും.
- രാഷ്ട്രസബന്ധമായ ഉയർച്ചക്കും ഉണർവിനും ഉതകുന്നതാകണം വിദ്യാഭ്യാസ നയം. അതിനാവശ്യമായ നിർദ്ദേശങ്ങളാണ് നയരേഖയിൽ ഉൾപ്പെടുത്തേണ്ടത്.
- വിദ്യാഭ്യാസം ജനകീയ ജനാധിപത്യമാകണം എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാനാണ് സ്കൂൾ കോംപ്ലക്സുകളിലൂടെ ലക്ഷ്യമിടുന്നത്.

**ശ്രീ.പി.വിജയൻ**

- രാഷ്ട്രീയ ശിക്ഷാ ആയോഗിലൂടെ വിദ്യാഭ്യാസം കേന്ദ്രീകൃതമാകുന്നു. കോർപ്പറേറ്റ് വത്കരിക്കപ്പെടുന്നു. ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാകു ന്നതിലൂടെ സർക്കാരിന് അനുകൂലമായ വിഷയങ്ങൾ ഗവേഷണത്തിന്തെത്തിന് തെരഞ്ഞെടുക്കാൻ നിർബന്ധിതമാകും. ഈ നിർദേശം അപകടമാണ്. ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഗവേഷക വിദ്യാർത്ഥികൾക്ക് നൽകണം. രാജ്യത്ത് നിലവിലുള്ള കോളേജുകളെയും സർവകലാശാലകളെയും മെച്ചപ്പെടുത്തുന്നതിന് പകരം വിദേശ സർവകലാശാലകളെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യുന്നത് വിരോധാഭാസമാണ്.
- വിദ്യാഭ്യാസം വർഗീയവത്കരിക്കപ്പെടുന്ന അന്തരീക്ഷം ഒഴിവാക്കപ്പെടണം.
- 2025 ഓടെ രാജ്യത്താകമാനം കംപ്യൂട്ടർവൽകൃത മൂല്യനിർണയം യാഥാർത്ഥ്യമാക്കാനാവുമെന്ന നിർദേശം പുനപരിശോധിക്കണം. മൂല്യനിർണയം നടത്താനുള്ള ചുമതല പ്രഥമാധ്യാപകനിലും അധ്യാപകനിലുമായി നിലനിറുത്തണം.

**ശ്രീ. ഡി.ജെ. സാം**

- ഇതൊരു രാഷ്ട്രീയ നയരേഖയാണ്. വിദ്യാഭ്യാസ നയരേഖയായി മാറണം. വിദ്യാഭ്യാസ മേഖലയെ ഭരണഘടനാ ലക്ഷ്യങ്ങൾക്ക് സാധൂകരിക്കാനുള്ള ഒരു രേഖയായി വിദ്യാഭ്യാസ നയരേഖ മാറണം.
- ഇന്ത്യയിൽ 30 കോടി ജനങ്ങൾ നിരക്ഷരരാണ്. നിരക്ഷരത പൂർണ്ണമായി ഇല്ലാതാകണം നിരക്ഷരത സമൂഹത്തിൽ നിന്ന് ഇല്ലായ്മ ചെയ്യണം. 2030 ഓടെ നിരക്ഷരത ഇല്ലാതാക്കുമെന്നാണ് വാദം. ഇക്കാര്യത്തിൽ കേരള മാതൃക രേഖയിൽ ഉൾപ്പെടുത്തണം. സാക്ഷര സമൂഹത്തെ സൃഷ്ടിക്കാൻ കഴിയാവുന്ന തരത്തിൽ നിർദ്ദേശങ്ങൾ രേഖയിൽ വേണം.
- ഉന്നത വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച നിർദേശങ്ങൾ അപകടവും ആശങ്കാജനകവുമാണ്. ഓൺലൈൻ മൂല്യനിർണയം പഴമയിലേക്കുള്ള തിരിച്ചു പോക്കാണ്. നയരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള സാമ്പത്തിക സ്രോതസുകളെക്കുറിച്ച് നയരേഖയിൽ പരാമർശമില്ല.

- 1:30 എന്ന അധ്യാപക വിദ്യാർത്ഥി അനുപാതം സ്വാഗതാർഹമാണ്. ഹയർ സെക്കണ്ടറി മേഖലയിലും ഈ അനുപാതം നടപ്പിലാക്കണം.
- വിമർശനാത്മക ബോധനം ഒഴിവാക്കുന്നതിലൂടെ വീണ്ടും കാണാപാഠം പഠിക്കുന്നതിലേക്ക് കുട്ടികളെ നയിക്കുന്നു.
- രാജ്യത്തെ എല്ലാ അംഗൻവാടികളെയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുമെന്ന നിർദ്ദേശം അംഗീകരിക്കാനാവില്ല. സ്വാശ്രയ - സ്വകാര്യ അംഗൻവാടികളെ സർക്കാർവൽരിക്കാനും സാമൂഹ്യ വത്കരണത്തിന്റെ പേരിൽ ഫണ്ട് കൊള്ളയടിക്കാനുമാണ് ശ്രമം.ബഹുഭൂരിപക്ഷം വരുന്ന ഭിന്നശേഷി കുട്ടികളെ കുറിച്ച്, അവരുടെ വിദ്യാഭ്യാസ പുരോഗതിയെ ക്കുറിച്ച് വേണ്ടത്ര നിർദേശങ്ങളില്ല. ഇക്കാര്യത്തിൽ കേരളത്തിന്റെ മാതൃക നയരേഖയിൽ ഉൾപ്പെടുത്തണം.
- ഡീംഡ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖല തകരും. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം കുറയും. ഡീംഡ് സർവകലാശാലകൾ വ്യാപകമായി സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ പുനപരിശോധിക്കണം.

**ശ്രീ.എം. തമീമുദീൻ**

- ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് നയങ്ങൾ നടപ്പിലാക്കുന്നത് പ്രധാനമന്ത്രി അദ്ധ്യക്ഷനായ സമിതിയായിരിക്കണം എന്നതാണ് നിർദേശം. ഈ സമിതിയിൽ കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളിലെയും പ്രതിനിധികളില്ലാത്തത് ആശങ്ക ജനിപ്പിക്കുന്നു.
- അയൽപക്ക വിദ്യാലയങ്ങൾ ശാക്തീകരിക്കപ്പെടുന്നതിന് പകരം കേന്ദ്രീകരണമാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രീകരണമല്ല :വികേന്ദ്രീകരണമാണ് വേണ്ടത്.
- സ്കൂൾ കോംപ്ളക്സുകൾ സമീപ വിദ്യാലയങ്ങൾക്ക് ഭീഷണിയാകും.
- പ്രഭാത ഭക്ഷണ പരിപാടി സ്വാഗതാർഹമാണ്. പ്രതീക്ഷകൾ സാർത്ഥകമാക്കാൻ നയരേഖയിൽ ബഹുജന അഭിപ്രായങ്ങൾ ഉൾ പ്പെടുത്തണം.

**ശ്രീ.ബിജു**

- ആത്മീയതയുടെ മറവിൽ വിദ്യാഭ്യാസ മേഖലയെ കച്ചവടവത്കരണത്തിന് വിധേയമാക്കരുത്. ഘടനാ മാറ്റം സംശയകരമാണ്. വിദ്യാഭ്യാസ രംഗത്ത് പൂർണത ഉറപ്പാക്കാൻ ഘടനാ മാറ്റം കൊണ്ട് കഴിയുമോയെന്ന പുനപരിശോധന അനിവാര്യമാണ്.
- സ്വകാര്യവത്കരണവും കച്ചവടവത്കരണവും പൂർണമായും ഒഴിവാക്കണം.
- എല്ലാ കുട്ടികൾക്കും അധ്യാപകരുടെ സേവനം ലഭ്യമാകുന്ന തരത്തിൽ അധ്യാപക ലഭ്യത ഉറപ്പാക്കാൻ കഴിയണം.സ്കൂൾ കോംപ്ലക്സുകൾ ജനാധിപത്യ കാഴ്ചപാടിനും വികേന്ദ്രീകരണത്തിനും എതിരായ സങ്കല്പമാണ്. വിദ്യാഭ്യാസ നടത്തിപ്പ് ഏജൻസികളെ ഏൽപിക്കുമ്പോൾ പരോക്ഷമായി അത് കോർപ്പറേറ്റുകൾക്കുള്ള വഴി തുറന്നു നൽകുന്നതിന് തുല്യമാണ്.
- കാണാപാഠം പഠിക്കുന്നത് ഗുണകരമല്ല.പ്രാദേശിക ഭാഷയ്ക്ക് പ്രാധാന്യം നൽകണം.

## ക്രോഡീകരണം

**ശ്രീ.സി .പി.നാരായണൻ**

- വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെയുള്ള മാറ്റങ്ങളും മുന്നേറ്റങ്ങളും ചർച്ച ചെയ്ത് സമവായത്തിലൂടെ നയരേഖ നടപ്പാക്കണം..അതിനുള്ള ജനാധിപത്യ മര്യാദ കാണിക്കാൻ ഭരണാധികാരികൾ തയ്യാറാകണം. ഹിഡൻ അജണ്ടകളില്ലാതെ നിർദേശങ്ങളെ ഉൾക്കൊള്ളണം.

- അംഗൻവാടികൾ നിലനിർത്തുക തന്നെ വേണം. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം പ്രത്യേക പരിഗണന നൽകി തൊഴിൽ നൈപുണ്യ പരിശീലനം എല്ലാ കുട്ടികൾക്കും നൽകണം.
- രാജ്യത്തെ എല്ലാ കുട്ടികളെയും വിദ്യാഭ്യാസത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരണം. നിശ്ചിത ദൂരത്തിൽ എൽ.പി, യു.പി, ഹൈസ്കൂൾ ഉണ്ടാകണമെന്നത് ദേശീയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അത് മാറ്റി, സ്കൂൾ കോംപ്ളക്സുകൾ സ്ഥാപിക്കുന്നത് ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കും.
- വിദ്യാഭ്യാസത്തിലെ കേന്ദ്രീകരണം, കോർപ്പറേറ്റ് വത്കരണം, സാമൂഹ്യവത്കരണം എല്ലാം കേന്ദ്ര ഗവർമെൻറ് ചെയ്യുമെന്ന് പറയുന്നത് ഗുണത്തെക്കാളേറെ ദോഷം ചെയ്യും.
- അഞ്ച്‌വയസ് വരെ കുട്ടികളുടെ വിദ്യാഭ്യസം മുന്നേറേണ്ടത് കളികളിലൂടെയും സംഭാഷണത്തിലൂടെയും ചിത്രരചനയിലൂടെയുമാണ്. ചെറിയ പ്രായത്തിൽ കുഞ്ഞുങ്ങൾക്ക് വലിയ ഭാരമാണ് നയം മുന്നോട്ടു വെയ്ക്കുന്നത്. യൗവനകാലമാകുമ്പോൾ ഇതിന് വലിയ വില കൊടുക്കേണ്ടി വരും.
- ബഹുസ്വരമായ ഒരു രാജ്യത്തെ വിദ്യാഭ്യാസ നയം ഏകസ്വരമാകണമെന്ന കാര്യം അംഗീകരിക്കാനാവില്ല. സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും വ്യത്യസ്ത രീതികൾ തുടരണം. അത് പ്രാദേശികമായുണ്ടായ മുന്നേറ്റങ്ങൾ, ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാവണം. ഓരോ സംസ്ഥാനത്തെയും നിലവിലുള്ള സാഹചര്യങ്ങൾ സമഗ്രമായി വിലയിരുത്തി, അതാത് സംസ്ഥാനത്തെ നയങ്ങൾ നടപ്പിലാക്കണം.

സീമാറ്റ്-കേരള ഡയക്ടർ ഡോ.എം.എ.ലാൽ നന്ദി രേഖപ്പെടുത്തി.



*സമ്മേളനത്തിന്റെ ഡോക്യുമെന്റേഷൻ ടീം*

## സെഷൻ - 4



*സമ്മേളനത്തിന്റെ നാലാമത്തെ സെഷൻ മോഡറേറ്റ് ചെയ്തുകൊണ്ട്*
*ഡോ. പി.കെ. മൈക്കിൾ തരകൻ സംസാരിക്കുന്നു*

**മോഡറേറ്റർ**

**ഡോ. പി.കെ.മൈക്കിൾ തരകൻ (ചെയർമാൻ, കേരള ചരിത്ര ഗവേഷണ കൗൺസിൽ)**

**പ്രബന്ധാവതാരകർ**

1. ശ്രീ.ജീവൻബാബു.ഐ.എ.എസ് (പൊതുവിദ്യാഭ്യാസ ഡയറക്ടർ)
2. പ്രൊഫ.രാജൻ വറുഗീസ് (മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ)
3. ഡോ.ശിവദാസൻ (വിദ്യാഭ്യാസ പ്രവർത്തകൻ)
4. ശ്രീ.അബുരാജ് (ഡയറക്ടർ, എസ്.ഐ.ഇ.ടി)
5. ഡോ.രതീഷ് കാളിയാടൻ (പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം)
6. ഡോ. എ.പി.നാരായണനുണ്ണി (റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി)

നാലാം സെഷന്റെ മോഡറേറ്റർ ഡോ. പി.കെ.മൈക്കൾ തരകനേയും മറ്റ് പ്രബന്ധാവതാരകരേയും സദസ്സിൽ പരിചയപ്പെടുത്തുകയും എല്ലാവരേയും ചർച്ചയിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് സീമാറ്റ്

ഡയറക്ടർ ഡോ.എം.എ.ലാൽ സെഷന് 10.30 ന് തുടക്കം കുറിച്ചു. ഒന്നാം ദിവസം മൂന്ന് സെഷനുകളിലായി നടന്ന ചർച്ചകളുടെ രത്നചുരുക്കം അദ്ദേഹം അവതരിപ്പിച്ചു. ഇന്നത്തെ സെഷനിൽ പുതിയ വിദ്യാഭ്യാസനയം (NEP 2019) കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് കൂടുതൽ ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിച്ചു. സീമാറ്റ് സംഘടിപ്പിച്ചിരിക്കുന്ന ഈ ചർച്ചകൾ കഴിഞ്ഞ ദിവസം വിവിധ തലങ്ങളിലുള്ളവരുടെ രാഷ്ട്രീയവും സാമൂഹികവുമായ സ്വതന്ത്ര ആശയപ്രകടനങ്ങളുടേയും അവലോകനങ്ങളുടേയും ആരോഗ്യകരമായ ചർച്ചകളുടേയും വേദിയായി മാറിയതിൽ ചാരിതാർത്ഥ്യവും സന്തോഷവും പ്രകടിപ്പിച്ചു. തുടർന്ന് ഡോ. മൈക്കൾ തരകനെ സെഷന്റെ മോഡറേറ്ററായി ക്ഷണിച്ചു.

ഡോ. മൈക്കിൾ തരകൻ തന്റെ ആമുഖ പ്രഭാഷണത്തിൽ, സ്വാഗത പ്രാസംഗികന്റെ അവലോകനങ്ങളും നിർദ്ദേശങ്ങളും തുടർന്നുള്ള സെമിനാർ പ്രക്രിയ സുഗമമായി മാറ്റും എന്നഭിപ്രായപ്പെട്ടു.

NEP 2019 നെക്കുറിച്ച് ഇതുവരെ പലതലത്തിലുള്ള ചർച്ചകൾ നടന്നുകഴിഞ്ഞുവെന്നും CSR സുബ്രഹ്മണ്യൻ തയ്യാറാക്കിയ കരട് രേഖയാണ് ഈ നയരേഖയുടെ അടിസ്ഥാനമെന്നും പറഞ്ഞു. CSR സുബ്രമണ്യഅയ്യർ റിപ്പോർട്ട് എല്ലാ സംസ്ഥാനങ്ങൾക്കും ലഭിച്ചിരുന്നു. കേരള ഗവൺമെന്റ് തുടക്കത്തിൽ അവതരിപ്പിക്കപ്പെട്ട ഈ മേഖലയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നത് കെ.എൻ.പണിക്കർ സാറിനെ ആയിരിന്നുവെന്നും അദ്ദേഹം മാറിയപ്പോൾ അതിന്റെ ചുമതല തന്നിൽനിക്ഷിപ്തമായിയെന്നും അറിയിച്ചു. തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടും നിർദേശങ്ങളും വിദ്യാഭ്യാസമന്ത്രി പ്രൊഫസർ.സി.രവീന്ദ്രനാഥിന് സമർപ്പിക്കുകയും, അദ്ദേഹം ആ നിർദേശങ്ങൾ അദ്ദേഹത്തിന്റെ അക്കാദമിക പ്രാഗൽഭ്യം ഉപയോഗിച്ച് ഭംഗിയായി Central Advisory Body (CAB) ൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ കരട് റിപ്പോർട്ടിൽ (NEP 2019 കരട്) ഈ നിർദേശങ്ങൾ ഒന്നും തന്നെ പരിഗണിച്ചിട്ടില്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. ഇന്ത്യയെപ്പോലെ വൈവിധ്യമാർന്ന് സംസ്കാരങ്ങളും ജനങ്ങളും ഭാഷകളുംനിലനിൽക്കുന്ന രാജ്യത്ത് ഇത്രയും പ്രാധാന്യമർഹിക്കുന്ന ഒരു നയം രൂപീകരിക്കുമ്പോൾ താഴെത്തട്ടിൽനിന്ന് തുടങ്ങി വിപുലമായ ചർച്ചകൾ നടത്തേണ്ടതുണ്ട്. അങ്ങനെ ഒരഭിപ്രായരൂപീകരണംനടന്നിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭരണപരമായ അടിസ്ഥാനമൂല്യമായ ജനാധിപത്യമൂല്യംനടപ്പിലാക്കുന്ന അരക്കിട്ടുറപ്പിക്കുന്ന നയമായിരിക്കണം നാം രൂപീകരിക്കേണ്ടത്. എന്നാൽ ഈ നയരേഖയിൽ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളായ ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നീ ആശയങ്ങളുടെ ഒരു തരത്തിലുമുള്ള പരാമർശങ്ങളോ, പ്രതിഫലനങ്ങളോ കാണാൻ കഴിയുന്നില്ല.

കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പൊതുവിദ്യാലയങ്ങൾ അടിസ്ഥാനസൗകര്യങ്ങളിലും, മികവിലും തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

കുട്ടികളുടെ തിരിച്ചുവരവ് ഒരു ബദൽ മാതൃകയാണ്. വിദ്യാഭ്യാസ സംരക്ഷണയജ്ഞം പോലെയുള്ള നല്ല മാതൃകകൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് ഒരു ബദലാകുകയാണ്. അത് വ്യാപകമായി ചർച്ച ചെയ്യപ്പെടണം. വളരെ താഴ്ന്ന ക്ലാസ്സ്മുതലേ ജനാധിപത്യ ആശയങ്ങൾ - ഊട്ടി ഉറപ്പിക്കണം. വിദ്യാഭ്യാസത്തിൽ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളം ദേശീയവിദ്യാഭ്യാസ നയത്തിന് നിദ്ദേശങ്ങൾ നൽകുന്നതിലൂടെ ജനാധിപത്യബോധത്തെ അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കണം. അതിന് ഇത്തരം ചർച്ചകൾക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് ശ്രീ.ജീവൻബാബു IAS (DGE) നെ പ്രബന്ധാവതരണത്തിന് ക്ഷണിച്ചു.

**ശ്രീ.ജീവൻബാബു IAS (DGE)**

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടപ്പിലാക്കിയ എല്ലാ ദേശീയ വിദ്യാഭ്യാസ നയങ്ങളും അർത്ഥവത്തായി നടപ്പിലാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസ രംഗത്ത് വലിയമുന്നേറ്റം കുറിച്ച സംസ്ഥാനമാണ് കേരളം. രാജ്യവ്യാപകമായി പല വിദ്യാഭ്യാസനയങ്ങളും നടപ്പിലാക്കിയെങ്കിലും 30 കോടി നിരക്ഷരും 4.5 കോടി Drop outs ഇന്ന് ഇന്ത്യയിൽ ഉണ്ട് എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് ? പാകപിഴകൾ കണ്ടെത്തണം. പരിമിതികൾ അവലോകനം നടത്തി കണ്ടെത്തിയ ഒരു ഡോക്യുമെന്റ് കൂടി ഈ നയരേഖയുടെ ഭാഗമായി കൂട്ടിച്ചേർത്തിരുന്നുവെങ്കിൽ ഈ നയരേഖ കുറച്ചുകൂടി കാര്യക്ഷമമാകുമായിരുന്നു. അങ്ങനെയെങ്കിൽ ഈ കരട് നയരേഖ NEP 2019 മുൻപദ്ധതികളുടെ തുടർച്ചയാകുമായിരുന്നു. അതുകൊണ്ടുതന്നെ NEP 2019 സ്വാതന്ത്രമായ പുതിയ ഒരു പദ്ധതിയായി തോന്നുകയാണ്. സമീപ ഭാവിയിലെ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന രക്ഷകർത്യ സമൂഹമാണ് കേരളത്തിലുള്ളത്.

5+3+3+4 എന്ന ഘടനാനിർദ്ദേശം പുതിയതല്ല, എന്നാൽ 3 വയസ്സുള്ള കുട്ടികൾ സ്കൂൾവിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിലേക്ക് വരുന്നത് അവരിലെ നൈസർഗികമായ കഴിവുകൾ സ്വാഭാവികതയിൽ പരിപോഷിക്കുന്നതിന് തടസ്സമാവില്ലേ ? LKG യിൽ കോൺവക്കേഷൻ പോലുള്ള സമ്പ്രദായം നടത്തുന്ന നമ്മുടെ നാട്ടിൽ ഈ ഘടനാമാറ്റം പ്രീപ്രൈമറിതലം മുതൽ മത്സരജ്വരം വളർത്തുമെന്ന് സംശയിക്കുന്നു. ദിനംപ്രതി ഭാഷകൾ അപ്രത്യക്ഷ്യമായിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് ത്രിഭാഷസമ്പ്രദായം എന്ന നിർദ്ദേശം സ്വാഗതം ചെയ്യുന്നു. എലിമെന്ററി തലത്തിൽ മാതൃഭാഷയിലൂടെയുള്ള പഠനത്തെ സ്വാഗതം ചെയ്യുന്നു. എന്നാൽ ഏത് ഘട്ടത്തിലാണ് ത്രിഭാഷപദ്ധതി ആരംഭിക്കണം എന്ന് ചർച്ച ചെയ്യണം. വൊക്കേഷണൽ വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം. ഈ നിർദ്ദേശത്തോട് പൂർണ്ണമായി യോജിക്കുന്നു. ഈ നയത്തിൽ പറയുന്ന ഏറെകുറെ എല്ലാ നിർദ്ദേശങ്ങളും കാലാകാലങ്ങളായി കേരളം നടപ്പിലാക്കിയവ തന്നെയാണ്. അധ്യാപകർക്ക് ശാസ്ത്രീയമായ പരിശീലനം

എന്ന നിർദ്ദേശം സ്വാഗതം ചെയ്യുന്നു എന്നാൽ B-Ed ന് നാല് വർഷ കോഴ്സ് ആരംഭിക്കുന്നതിനോടൊപ്പം നിലവിലെ രണ്ട് വർഷ B-Ed, 2030 നിലനിർത്തും. ഇത് പരസ്പരവിരുദ്ധമാണ് മാത്രമല്ല ഇതിന്റെ ആവശ്യകത എന്ത്? നമ്മുടെ നാട്ടിൽ ഉയർന്ന ക്ലാസ്സുകളിലും ഉന്നതവിദ്യാഭ്യാസത്തിനും ഉയർന്ന യോഗ്യതയുള്ള അധ്യാപകർ, താഴ്ന്ന ക്ലാസ്സുകളിൽ വിദ്യാഭ്യാസ യോഗ്യത കുറച്ചുമതി. എന്നാൽ വികസിതരാജ്യങ്ങളിൽ താഴ്ന്ന ക്ലാസ്സിലെ കുട്ടികളെ കൈകാര്യം ചെയ്യുന്നത് ഏറ്റവും ഉയർന്ന യോഗ്യതയുള്ള അധ്യാപകരാണ്. അതല്ലേ ശരിയും ശാസ്ത്രീയവും നാം പുനർചിന്തിക്കേണ്ടതുണ്ട്. വിലയിരുത്തലിന് Online Examination നടപ്പിലാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. അതിന്റെ പ്രായോഗികത എത്രത്തോളം? പ്രത്യേകിച്ച് Play way method പ്രക്രിയാബന്ധിത പാഠ്യപദ്ധതിയിൽ എത്രത്തോളം ഫലപ്രദമായി ഇത് നടപ്പിലാക്കാൻ കഴിയും. School complex എന്ന ആശയം നല്ലതാണ്. എന്നാൽ പൊതുവിദ്യാലയങ്ങൾക്ക് മാത്രമായി നിർദ്ദേശിക്കുന്നതിലെ ആശയക്കുഴപ്പം നിൽക്കുന്നു. നാഷണൽ ട്യൂട്ടോറിയൽ പരിപാടി, Remedial Teaching എന്നിവ സ്വയം സന്നദ്ധരെ ഉപയോഗിച്ച് (വോളണ്ടിയർ) നടപ്പിലാക്കണം എന്ന നിർദ്ദേശം പ്രായോഗികമല്ല. കൂടുതൽ വ്യക്തത ആവശ്യമാണ്. 29 സംസ്ഥാനങ്ങൾ വ്യത്യസ്തമായ ഭാഷകൾ സംസ്കാരം എന്നിവ നിലനിൽക്കുന്ന ഒരു രാജ്യത്ത് രാഷ്ടീയ ശിക്ഷ ആയോഗ് (RSA) എന്ന ഒരു System ത്തിലേക്ക് കേന്ദ്രീകരിക്കുന്നത് നമ്മുടെ ഫെഡറൽ സംവിധാനത്തിന് ഉലച്ചിൽ സംഭവിക്കും. പലതരം റെഗുലേറ്ററി അതോറിറ്റികൾ രൂപീകരിക്കുന്നതും അവയുടെ നിയന്ത്രണവും വിദ്യാഭ്യാസമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമോ എന്ന് പരിശോധിക്കണം. ഒറ്റ പാഠപുസ്തകം എന്ന നിലയിലേയ്ക്ക് ഈ കേന്ദ്രീകരണം നയിച്ചേക്കാം. വിവിധ മേഖലകളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇത്തരത്തിലുള്ള ചർച്ച സംഘടിപ്പിച്ച സീമാറ്റിനെ അഭിനന്ദിക്കുന്നു.

**പ്രൊഫ. രാജൻ വർഗീസ്**

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ കേരളം ദേശീയതലത്തിലും ലോക നിലവാരത്തിലും മുന്നിലാണ്. എന്നാൽ ആ നേട്ടം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടില്ല. ഈ നയരേഖ പ്രധാനമായി 4 തലങ്ങ ളിൽ പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നു

1. ഘടനാപരമായ പരിഷ്ക്കാരം
2. ലിബറൽ എജ്യൂക്കേഷൻ (വിവിധ entry exit points)
3. ഭരണപരമായ പരിഷ്ക്കാരം – Governance - Autonomies
4. Regulatory Authorities (സ്വതന്ത്രമായ ബോർഡുകൾ)

അദ്ധ്യാപക പരിശീലനം Multidisciplinary College കളുടെ ഭാഗമാകുന്നതാണ് നല്ലത്. Discipline based universities നിർത്തുകയാണ് വേണ്ടത് - ഉന്നത വിദ്യാഭ്യാസം നേടിയ പലരും ഇന്ന് തൊഴിലില്ലാതെ

നിൽക്കുന്ന അവസ്ഥയാണ്. കമ്പോളത്തിന്റെ ചാഞ്ചാട്ടത്തിനനുസരിച്ച്, വിദ്യാഭ്യാസം നേടിയവരുടെ, തൊഴിൽ ഇല്ലാത്തവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണം.

സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ വിഭവങ്ങൾ വിതരണം ചെയ്തതാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിരവധിപേർ കടന്നു വരാൻ കാരണമായത്.

- NEP 2019 ധനസമാഹരണത്തിന് മുന്നോട്ടുവെയ്ക്കുന്ന നിർദ്ദേശം പ്രായോഗികമല്ല
- National Research foundations എന്ന നിർദ്ദേശം സ്വാഗതം ചെയ്യുന്നു. എന്നാൽ ഏതുതരം ഗവേഷണം എന്ന് തീരുമാനിക്കാനുള്ള അവകാശം സമിതിക്ക് മാത്രം എന്നത് പ്രായോഗികമല്ല.
- Accreditation പ്രോത്സാഹിപ്പിക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുസ്ഥാപനങ്ങളുടെ വളർച്ചയെ തടയുന്നതിനും സ്വകാര്യമേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്താനും ഇടയാക്കും (പ്രത്യേകിച്ച് സ്വകാര്യ അക്രിഡിറ്റേഷൻ ഏജൻസികളുടെ കടന്നു വരവ്)
- എന്നാൽ നമ്മുടെ സംസ്ഥാനത്ത് പൊതുമേഖലയിൽ അക്രഡിറ്റേഷൻ ഏജൻസി ഉടൻ തന്നെ നിലവിൽ വരാൻ പോകുകയാണ്. ഇത് ദേശീയതലത്തിൽ മാതൃകയാക്കണം
- Funding -Challenge mode funding ആണ് നിലവിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇത് സാമൂഹികനീതി തന്നെ അപകടത്തിലാക്കും.
- ഇപ്പോൾ തന്നെ അപ്രസക്തമായിക്കൊണ്ടിരിക്കുന്ന UGC യുടെ പ്രസക്തി കൂടുതൽ മോശമാകും ആ സ്ഥാനത്ത് മറ്റൊരു ഏജൻസി നിലവിൽ വരും
- സർവ്വകലാശാലകളെ Type 1, 2, 3 എന്നിങ്ങനെ തരം തിരിക്കും (Type I – Research Universities, Type II – Research and Teaching Universities, Type III – സാധാരണ University (Autonomous))
- അധ്യാപകനിയമനത്തിൽ Reservation സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കപ്പെട്ടേക്കാം 100% Merit based ആയ നിയമനരീതിയാവും ഉണ്ടാകാൻ പോകുന്നത് ഇത്തരം പ്രതിലോമകരമായ നീക്കങ്ങൾക്കെതിരെ ശക്തമായ ചെറുത്തു നിൽപ്പുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.
- കോളേജുകൾ വെറും ബിരുദദാന കേന്ദ്രങ്ങളായി മാറും.
- Mission Nalanda, Mission Takshasila എന്നിങ്ങനെ Central Government ന് താല്പര്യമുള്ള ചിലനയങ്ങൾ കടത്തിവിടുകയാണ് ലക്ഷ്യം എന്ന് സംശയിക്കണം.
- എല്ലാ ജില്ലയിലും റെസിഡൻഷ്യൽ രീതിയിലുള്ള ഉന്നതനിലവാരമുള്ള യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നത് നല്ലതു തന്നെയാണ്.

- പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നേറിയ കേരളത്തിന് ആശങ്ക ഉണ്ടാക്കുന്ന ഒന്നാണ് NEP 2019.

**ഡോ. ശിവദാസൻ**

ഇന്ത്യയിൽ നാളിതുവരെ വന്ന എല്ലാ വിദ്യാഭ്യാസ നയങ്ങളും ലോകത്തുനിലനിൽക്കുന്നതും ഉണ്ടായതുമായ ചില മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ് രൂപപ്പെട്ടത്. 1920-30 കളിൽ ഉണ്ടായ ലോകമാന്ദ്യത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുള്ള സമീപനമാണ് 1990 കൾ വരെയുള്ള ഇന്ത്യൻ വിദ്യാഭ്യാസ നയത്തെ സ്വാധീനിച്ചിട്ടുള്ളത്. ഇത്തരത്തിൽ ദേശീയവും അന്തർദേശീയവുമായ ചരിത്ര പശ്ചാത്തലം വിശകലനം ചെയ്തുകൊണ്ടാണ് ഡോ. ശിവദാസൻ അദ്ദേഹത്തിന്റെ പ്രബന്ധം അവതരിപ്പിച്ചത്.

- NEP 2019 യിൽ ആദ്യമായി തീവ്രദേശീയത വ്യക്തമായ അടയാളപ്പെടുത്തിയിരിക്കുന്ന ഇടങ്ങൾ ധാരാളമായി കാണാൻ കഴിയും
- ഭാഷാ സമീപനത്തിൽ സംസ്കൃത പഠനത്തിനും ഹിന്ദി ഭാഷാ പഠനത്തിനും അമിത പ്രാധാന്യം നൽകുന്നു. ഒപ്പം തന്നെ മറ്റ് വിദേശീയ ഭാഷകളായ English, Japanis, French, German ഭാഷകളോട് താല്പര്യം കാട്ടുന്നു. എന്നാൽ Urdu, Arabic ഭാഷകൾ വിസ്മരിക്കപ്പെട്ടത് തികച്ചും യാദൃശ്ചികമല്ല. മറിച്ച് ബോധപൂർവ്വമാണ്. നാം അത് ചർച്ച ചെയ്യണം.
- അന്തർദേശീയതലത്തിൽ രാജ്യത്തെ GER കുറയാൻ കാരണം വിദ്യാഭ്യാസ മേഖലയിൽ നീക്കിവെയ്ക്കുന്ന തുകയുടെ അപര്യാപ്തതയാണ്. GDP യുടെ 2.5% മാത്രമാണ് നിലവിൽ Allocation. ലോകത്ത് ഏറ്റവും കുറച്ച് തുക മാറ്റി വെയ്ക്കുന്ന രാജ്യമാണ് ഇന്ത്യ. ഇത് മാറിയേ പറ്റൂ.
- NEP 2019 തികച്ചും ഒരു രാഷ്ട്രീയ രേഖയാണ്. ഇന്ത്യ ഇതുവരെ വളർത്തിയെടുത്ത മതനിരപേക്ഷ നയത്തെ നിരാകരിക്കുന്നു.
- ഫെഡറലിസം, ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നിവയെ നിലനിർത്തി ഇന്ത്യയെ മുന്നോട്ടു കൊണ്ടുപോകുന്നതരത്തിൽ ഈ നയരേഖയിൽ മാറ്റം കൊണ്ടുവരേണ്ടതുണ്ട്.

**ഡോ. അബുരാജ്**

സാങ്കേതിക വിദ്യ വിദ്യാഭ്യാസത്തിൽ എങ്ങനെയാണ് ഇടപെടേണ്ടത് എന്ന് നാം ചർച്ച ചെയ്യണം, നിർവചിക്കണം. ഈ കരട് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ പലതും സ്വാഗതാർഹമാ

ണ്. എന്നാൽ സാങ്കേതിക വിദ്യയുടെ ഉപയോഗം ICT എന്ന സങ്കുചിതമായ അർത്ഥത്തിലാണ് ഈ കരട് നയം ചർച്ച ചെയ്യുന്നത്.

- Technology എന്നു പറയുന്നത് Corporate താൽപ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ Technology യുടെ അതിസ്വീകാര്യത Corporate കളെ സഹായിക്കാൻ വേണ്ടിയുള്ള താണ്.
- Corporate കൾക്ക് താല്പര്യമില്ലാത്ത Technology കൂടി ഇതിനകത്ത് ഉൾപ്പെടുത്തണം.
- നിലവിൽ ഡയറ്റുകൾ ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളെപറ്റി സൂചനകളില്ല. NEP യിൽ അവയെപ്പറ്റിയുള്ള കൃത്യമായ സൂചന ഉണ്ടാകണം.

**ഡോ. രതീഷ് കാളിയാടൻ**

NEP 2019 നെ നിർവചിച്ചാൽ Indianised education made in America എന്നു വേണമെങ്കിൽ പറയാം. ഇതിൽ പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും അംശങ്ങളെ കമ്പോളവൽക്കരിക്കുകയാണ് ചെയ്യുന്നത്. ലിബറൽ വിദ്യാഭ്യാസത്തോടൊപ്പം കേന്ദ്രീകൃതമായ വിദ്യാഭ്യാസമാണ് അജണ്ട.

- കേന്ദ്രീകൃതമായ പുസ്തകനിർമ്മാണമായിരിക്കും നടക്കുക. അതിന് ഒരിക്കലും ഇന്ത്യൻ വൈവിധ്യത്തെ ഉൾക്കൊള്ളാൻ കഴിയില്ല. എസ്.സി.ഇ.ആർ.ടി.യ്ക്ക് ഒരു പങ്കും ഇല്ലാത്ത അവസ്ഥ സംജാതമാകാം.
- School Complex നിലവിൽ വരുമ്പോൾ സ്കൂളുകൾക്കിടയിൽ superiority complex ഉം Inferiority complex ഉം രൂപപ്പെടാം. ഇത് ആരോഗ്യകരമല്ല. മറിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന്റെ ഒഴിഞ്ഞ്പോക്ക് കൂട്ടുകയേ ഉള്ളൂ.
- Funding ൽ PPP മോഡലാണ് പരിഗണിക്കുന്നത് ഇത് യഥാർത്ഥത്തിൽ 1986 മുതൽ തുടങ്ങിയ നയവ്യതിയാനമാണ്.
- Mall model വിദ്യാഭ്യാസം - ഇവിടെ ഏത് കോഴ്സ് തെരെഞ്ഞെടുക്കാൻ അവസരം - ഇത് വിദ്യാഭ്യാസ മേഖലയിൽ കുത്തകവൽക്കരണം ലക്ഷ്യമിടുന്നു.
- Spritualised Nostalgia ഉപയോഗപ്പെടുത്തുന്ന രാഷ്ട്രീയ താൽപര്യം ഉടനീളം കാണാൻ കഴിയുന്നു.
- ഈ നയരേഖ Technocentric ആയ ഒരു Capitalism വിഭാവനം ചെയ്യുന്നു.

- വൈവിധ്യത്തെ ഉൾക്കൊള്ളാത്ത ഏകശിലാതത്വത്തിൽ ഊന്നിയ നയം - ഇത് കേന്ദ്രീകൃമായ സംസ്കാരത്തിന്റെ നിർമ്മിതിയാണ്.
- Inclussive Education, കുറിച്ച് യാതൊരുവിധ സൂചനയും നൽകുന്നില്ല.
- കേരളം സ്വീകരിക്കുന്ന ജനകീയ ജനാധിപത്യ മതനിരപേക്ഷ ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ ആശയങ്ങൾ ഉൾപ്പെടുത്തി വേണം NEP 2019 നടപ്പിലാക്കേണ്ടത്.

**ഡോ. എം.പി. നാരായണനുണ്ണി**

NEP 2019 മുന്നോട്ടുവെയ്ക്കുന്ന പല നിർദ്ദേശങ്ങളിലും പരസ്പരവിരുദ്ധമായ കാര്യങ്ങൾ കാണാൻ കഴിയും. ഓരോ കുട്ടിയിലും ഓരോ മാനവനുണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാവണം ദേശീയ വിദ്യാഭ്യാസ നയം രൂപപ്പെടേണ്ടത്.

- മൂല്യനിർണയത്തിൽ നിരന്തരവും സമഗ്രവുമായ മൂല്യ നിർണയത്തിന് (CCE) പകരം Regular Adaptive Assessment ആണ് നിർദ്ദേശിക്കുന്നത്. ഒപ്പം തന്നെ centralized evaluation ഉം നിർദ്ദേശിക്കുന്നു. ഇത് എങ്ങനെയാണ് ഒത്തുപോകുക ?
- Assessment Tool തയ്യാറാക്കുന്നതിൽ അധ്യാപകർക്കോ Text Book തയ്യാറാക്കുന്നവർക്കോ യാതൊരു റോളും ഉണ്ടാകാൻ പാടില്ല എന്നാണ് പറഞ്ഞിരിക്കുന്നത് ഇത് പ്രായോഗികവുമല്ല.
- 4 വർഷ ബി.എഡ് ആരംഭിക്കുന്നതിനോടൊപ്പം 2 വർഷ ബി.എഡ് ഉം ഉണ്ടാകും എന്നു പറയുന്നു. ഇത് പരസ്പരവിരുദ്ധമാണ്.
- പ്രീ-പ്രൈമറിയിൽ അപ്രയോഗികമായ ഘടനയാണ് നയരേഖയിലുള്ളത്. ഇവിടെ ചില കാര്യങ്ങൾ സമഗ്രതയിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ല എന്ന് കാണാം.
- ഇത് വരെ നാം നേടിയ ദാർശനിക ബോധത്തോട് കലഹിക്കുന്ന ഒരു നയരേഖയാണിത് ഒപ്പം തന്നെ വൈവിധ്യങ്ങളെ ആഘോഷിക്കുന്നതിൽ പിന്നോക്കം പോകുന്നു.

അനുഭവങ്ങൾക്കുശേഷവും കുട്ടി മുഖ്യധാരയ്ക്ക് വെളിയിൽ നിന്നാൽ Remedial teaching ന് Highly Intellectual Support അനിവാര്യമാണ്. NEP 2019 നിർദ്ദേശിക്കുന്നത് സൈനികർ, സ്ത്രീകൾ എന്നിവർ Remedial teaching നിർവ്വഹിക്കണമെന്നാണ്. ഇത് എത്രത്തോളം പ്രായോഗികമാണ് എന്ന് നാം ചിന്തിക്കണം. വിവിധ ഭാഷാ പഠനം ബുദ്ധി വികാസം ഉണ്ടാക്കും എന്നതിൽ സംശയമില്ല. ഘടനാമാറ്റം, പാഠപുസ്തക നിർമ്മാണം എന്നിവയിൽ അതീവ ജാഗ്രത അനിവാര്യമാണ്.

**മോഡറേറ്റർ ക്രോഡീകരണം**

സമയ പരിമിതി പങ്കാളികളുടെ ചർച്ചയ്ക്ക് തടസ്സം സൃഷ്ടിച്ചു എങ്കിലും ഏതാനും പേർക്ക് അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകി. നിർദേശങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായങ്ങൾ ഉണ്ടായി. നിർദേശങ്ങളിൽ കേരളത്തിന് പ്രതിലോമകരമായവ തിരുത്തപ്പെടണം എന്നും ഭരണഘടനാപരമായ ആശയങ്ങൾ പ്രതിഫലിക്കുന്നതരത്തിലും കാര്യക്ഷമമായ ഭാവിതലമുറയെ വാർത്തെടുക്കാൻ സാധിക്കുന്ന തരത്തിലും ഒരു ദേശീയ വിദ്യാഭ്യാസ നയമായി ഈ നയരേഖ മാറണം എന്ന കാര്യത്തിലും എല്ലാവരും അനുകൂലിച്ചു. ക്രോഡീകരണത്തിൽ മോഡറേറ്റർ ഡോ. പി.കെ. മൈക്കൽ തരകൻ പ്രബന്ധങ്ങൾ അവതരിപ്പിച്ച എല്ലാവരെയും അഭിനന്ദിച്ചു. സാങ്കേതിക വിദ്യയുടെ വികാസത്തെ തടയാൻ സാധിക്കില്ല. പക്ഷേ അതിന്റെ മാനുഷികവശം ചർച്ച ചെയ്യപ്പെടണം എന്ന നിർദേശത്തെ സ്വാഗതം ചെയ്തു. NEP 2019 സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു റിപ്പോർട്ട് ആകണം എന്നും ഇതിന്റെ രാഷ്ട്രീയവും, സാമൂഹികവും സാമ്പത്തികവുമായ എല്ലാ വശങ്ങളും ചർച്ച ചെയ്യപ്പെടണം എന്നും അഭിപ്രായപ്പെട്ടു. സെമിനാറിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഇത്തരത്തിൽ ചർച്ചകൾക്ക് വിവധ കാഴ്ചപ്പാടുകൾ ഉളളവരെ ഉൾപ്പെടുത്തി ജനകീയമായ ഒരു ചർച്ച സംഘടിപ്പിച്ചതിന് സീമാറ്റ്-കേരളയെ അഭിനന്ദിച്ചുകൊണ്ടും സെമിനാർ അവസാനിപ്പിച്ചു. സീമാറ്റ് ഡയറക്ടർ ഡോ. എം.എ. ലാൽ മോഡറേറ്റർക്കും പങ്കെടുത്തവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ഹെഡ്മാസ്റ്റർമാർ (പ്രൈമറി, ഹൈസ്കൂൾ) പ്രിൻസിപ്പൽമാർ (ഹയർ സെക്കന്ററി) വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ ലെവൽ – 1 ശാക്തീകരണപരിപാടിയുടെ ഫലപ്രാപ്തി പഠനവും ലെവൽ – 2 ശാക്തീകരണാവശ്യങ്ങൾ കണ്ടെത്തലും**

# ഫലപ്രാപ്തി പഠനം

## റിപ്പോർട്ട്

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് – കേരള (സീമാറ്റ് – കേരള)**

**2019 ജൂലൈ**

## പഠനത്തിന് നേതൃത്വം നല്കിയവർ

1. **ശ്രീ. ബാലകൃഷ്ണൻ. സി. എം** - പ്രിൻസിപ്പൽ (റിട്ട.) ഡയറ്റ്
2. **ശ്രീ. പ്രഭാകരൻ കെ.** - പ്രിൻസിപ്പൽ (റിട്ട.) ഡയറ്റ്
3. **ഡോ.എം. ബാലൻ** - പ്രിൻസിപ്പൽ, ഡയറ്റ്, കാസർഗോഡ്
4. **ശ്രീ. തമ്പാൻ എം.** - സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്
5. **ശ്രീ. അബ്ദുൾ ഹക്കീം** - സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്
6. **ശ്രീ. രാമചന്ദ്രൻനായർ** - സീനിയർ ലക്ചറർ, ഡയറ്റ്, കാസർഗോഡ്
7. **ശ്രീ. എം.ഒ. സുനിൽകുമാർ** - സീനിയർ ലക്ചറർ, ഡയറ്റ്, കാസർഗോഡ്
8. **ശ്രീ. ടി.എഫ്. ജോയ്** - സീനിയർ ലക്ചറർ, ഡയറ്റ്, മലപ്പുറം

## കോ-ഓർഡിനേറ്റർമാർ

1. **ശ്രീ. സജീവ് ബാബു ബി.വി**. കോ-ഓർഡിനേറ്റർ, സീമാറ്റ്-കേരള
2. **ശ്രീ. അനന്തകുമാർ എസ്**. റിസർച്ച് ഓഫീസർ, സീമാറ്റ്-കേരള

## ഉള്ളടക്കം


| ക്രമ നം. | അദ്ധ്യായം | പേജ് |
|---|---|---|
| 1. | പഠന പശ്ചാത്തലം | 5 |
| 2. | പഠന രീതിശാസ്ത്രം | 10 |
| 3. | ദത്തവിശകലനം | 13 |
| 4. | കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ | 33 |
| | അനുബന്ധം | 42 |

## ABBREVATIONS

| | | |
|---|---|---|
| AEO | - | Assistant Education Officer |
| CPTA | - | Class Parent Teacher Association |
| DEO | - | District Education Officer |
| DIET | - | District Institute of Education and Training |
| HM | - | Head Master |
| HS | - | High School |
| HSS | - | Higher Secondary School |
| LPS | - | Lower Primary School |
| LSGD | - | Local Self Government Department |
| LSS | - | Lower Secondary Scholarship |
| MLA | - | Member of Legislative Assembly |
| MPTA | - | Mother Parent Teacher Association |
| OSA | - | Old Student Association |
| PTA | - | Parent Teacher Association |
| SIEMAT | - | State Institute of Educational Management And Training |
| SMC | - | School Management Committee |
| UP | - | Upper Primary |
| USS | - | Upper Secondary Scholarship |

# അദ്ധ്യായം - 1

# പഠന പശ്ചാത്തലം

### 1.1 ആമുഖം:

എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പഠനം ഉറപ്പുവരുത്തുന്നതോടൊപ്പം ഓരോ കുട്ടിയുടെയും സർവതോമുഖമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നാതാണ് വിദ്യാലയങ്ങളുടെ പ്രധാനകർത്തവ്യം. ഇതിനാവശ്യമായ പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ വിദ്യാലയങ്ങൾക്ക് സാധിക്കണം. സ്ഥാപന മേധാവി, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസപ്രവർത്തകർ, ജനപ്രതിനിധികൾ, വിദ്യാഭ്യാസഓഫീസർമാർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുവാൻ ഇവയൊക്കെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുവാൻ ഓരോ ഹെഡ്മാസ്റ്റർക്കും സാധിക്കേണ്ടതാണ്. ഇതിനാവശ്യമായ അക്കാദമികവും ഭരണപരവുമായ ധാരണയും നൈപുണിയും പ്രഥമാധ്യാപകർക്ക് ഉണ്ടാകേണ്ടതുണ്ട്. മികച്ച കാഴ്ചപ്പാടും നേതൃശേഷിയും സംഘാടന മികവും പ്രഥമാധ്യാപകർക്ക് ഉണ്ടായിരിക്കണം. വിദ്യാലയത്തിലെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങളെ മികച്ചരീതിയിൽ ആസൂത്രണം ചെയ്യുവാനും നിർവഹിക്കുവാനും പ്രഥമാധ്യാപകന് കഴിയണം. ഇത് ഫലപ്രദമായി നിർവഹിക്കപ്പെടണമെങ്കിൽ നിരന്തരവും ശാസ്ത്രീയവുമായ ശാക്തീകരണ പരിപാടികളിൽ എച്ച്.എം പങ്കെടുക്കണം. ഈ മേഖലയിൽ സീമാറ്റ്-കേരള നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഹെഡ്മാസ്റ്റർമാർ (എൽ.പി/യു.പി, എച്ച്.എസ്), പ്രിൻസിപ്പൽമാർ (എച്ച്.എസ്.എസ്), വിദ്യാഭ്യാസ ഓഫീസർമാർ (എ.ഇ.ഒ, ഡി.ഇ.ഒ) എന്നിവരുടെ നേതൃത്വശേഷി വികസിപ്പിക്കൽ, അക്കാദമികവും ഭരണപരവുമായ മേഖലകളിൽ അറിവും നൈപുണിയും വികസിപ്പിക്കൽ, വൈവിധ്യമാർന്ന മാനേജ്മെന്റ് തന്ത്രങ്ങളെക്കുറിച്ചുള്ള അറിവുകൾ വളർത്തിയെടുക്കൽ തുടങ്ങിയ മേഖലകളിൽ വിദഗ്ധരായ റിസോഴ്സ്പേഴ്സൺമാരെ ഉപയോഗിച്ചുകൊണ്ട് ശാക്തീകരണ പരിപാടികൾക്ക് സീമാറ്റ് -കേരള നേതൃത്വം വഹിച്ചുകൊണ്ടിരിക്കുകയാണ്.

ഓരോ വിഭാഗത്തിനും മൂന്ന് ലെവലിലാണ് ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. 2018-19 വർഷം 771 പ്രൈമറി പ്രഥമാധ്യാപകർക്കും, 462 ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും, 600 ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും, 155 എ.ഇ.ഒ മാർക്കും 39 ഡി.ഇ.ഒ മാർക്കും ലെവൽ-1 ശാക്തീകരണപരിപാടി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ലെവൽ-1 ശാക്തീകരണപരിപാടിയിൽ പങ്കെടുത്ത പ്രഥമാധ്യാപകർ (എൽ.പി/യു.പി, എച്ച്.എസ്), പ്രിൻസിപ്പൽമാർ (എച്ച്.എസ്.എസ്) വിദ്യാഭ്യാസ ഓഫീസർമാർ (എ.ഇ.ഒ, ഡി.ഇ.ഒ) എന്നിവർക്ക് ലെവൽ-2 ശാക്തീകരണവും പിന്നീട് ലെവൽ-3 ശാക്തീകരണവും നടക്കും.

ഒന്നാം ലെവൽ ശാക്തീകരണപരിപാടിയുടെ ഫലപ്രാപ്തി എത്രമാത്രമുണ്ടെന്നും തുടർന്നുള്ള ലെവലുകളിൽ (ലെവൽ-2, ലെവൽ-3) പ്രഥമാധ്യാപകർ എൽ.പി/യു.പി, എച്ച്.എസ് പ്രിൻസിപ്പൽമാർ

(എച്ച്.എസ്.എസ്) വിദ്യാഭ്യാസഓഫീസർമാർ എന്നിവർക്ക് എതൊക്കെ മേഖലകളിൽ ശാക്തീകരണപരിപാടികളാണ് ആസൂത്രണം ചെയ്യേണ്ടതുള്ളതെന്നും ശാസ്ത്രീയമായി പഠിക്കേണ്ടതുണ്ട്.

## 1.2 പ്രൈമറി പ്രഥമാധ്യാപകരുടെ ലെവൽ-1 ശാക്തീകരണം

3 വർഷം സർവീസ് ബാക്കിയുള്ള 771 പ്രൈമറി പ്രഥമാധ്യാപകർക്ക് 2 ദിവസം നീണ്ടുനിൽക്കുന്ന ശാക്തീകരണ പരിപാടിയാണ് 2018-19 വർഷം സീമാറ്റ്-കേരള സംഘടിപ്പിച്ചത്.

### 1.2.1 ഉദ്ദേശ്യങ്ങൾ

**പ്രഥമാധ്യാപകൻ എന്ന നിലയിൽ**

- തന്റെ കഴിവുകളും പരിമിതികളും തിരിച്ചറിയുക.
- തന്റെ പ്രവർത്തനമേഖലയിൽ കൂടുതൽ മികവോടെ പ്രവർത്തിക്കുന്നതിനുള്ള ആത്മവിശ്വാസം ആർജ്ജിക്കുക.
- കുട്ടികളുടെ പെരുമാറ്റസവിശേഷതകളുടെ അടിസ്ഥാനത്തിൽ ക്ലാസ്റൂം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.
- സ്കൂൾതല, ക്ലാസ്തല മോണിറ്ററിംഗ് ശക്തമാക്കുവാനുള്ള ധാരണ നേടുക.
- വ്യക്ത്യാന്തര ബന്ധങ്ങൾ കാത്തുസൂക്ഷിക്കുകയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുക.
- മാനസിക സമ്മർദ്ദങ്ങളെ ലഘൂകരിക്കുന്നതിനുള്ള തന്ത്രങ്ങൾ പരിശീലിക്കുക.
- തന്റെ കടമകളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ധാരണ നേടുക.
- കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമങ്ങൾ സംബന്ധിച്ചുള്ള ധാരണ നേടുക.
- നേതൃപാടവം വികസിപ്പിക്കുക.
- സമയബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാനുള്ള ശേഷി നേടുക.
- വിദ്യാലയമികവിനായി അക്കാദമികമാസ്റ്റർപ്ലാൻ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള കഴിവ് നേടുക.

### 1.2.2. സെഷനുകൾ

സ്വാവബോധം വികസിപ്പിക്കൽ, കുട്ടികളുടെ പെരുമാറ്റരീതി മനസ്സിലാക്കൽ, വ്യക്ത്യാന്തര ബന്ധങ്ങൾ ഫലപ്രദമാക്കലും ആശയവിനിമയവും, നേതൃനൈപുണിയുടെ വികാസവും കൂട്ടായ്മ രൂപീകരിക്കലും, ശിശുസംരക്ഷണനിയമങ്ങൾ, പ്രഥമാധ്യാപകന്റെ ചുമതലകളും കടമകളും, അക്കാദമിക മാസ്റ്റർപ്ലാൻ, മികച്ചതും നൂതനവുമായ വിദ്യാലയാനുഭവങ്ങൾ തുടങ്ങിയ സെഷനുകളിലൂടെയാണ് മേൽസൂചിപ്പിച്ച ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിച്ചത്.

### 1.3 ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ ലെവൽ–1 ശാക്തീകരണം

12 ബാച്ചുകളിലായി 462 ഹൈസ്കൂൾ പ്രഥമാധ്യാപകർക്ക് 3 ദിവസം നീണ്ടുനില്ക്കുന്ന ശാക്തീകരണ പരിപാടിയാണ് സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടന്നത്.

#### 1.3.1 ഉദ്ദേശ്യങ്ങൾ

**പ്രഥമാധ്യാപകൻ എന്ന നിലയിൽ**

- തന്റെ വിദ്യാലയത്തിൽ പഠിക്കുന്ന കൗമാരക്കാരായ കുട്ടികളുടെ പഠനപ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ, പെരുമാറ്റ സവിശേഷതകൾ എന്നിവ കണ്ടെത്തുവാനും പരിഹരിക്കുവാനുമുള്ള ധാരണയും കഴിവും നേടുക.
- തന്റെ വിദ്യാലയത്തിന്റെ അക്കാദമികമികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനുമുള്ള ധാരണയും കഴിവും നേടുക.
- വിദ്യാലയവുമായി ബന്ധപ്പെട്ട ഘടകങ്ങളെ ഫലപ്രദമായി ഏകോപിപ്പിക്കുക
- ഓഫീസ് പ്രവർത്തനങ്ങൾ സുതാര്യവും ഫലപ്രദവുമാക്കുന്നതിനുള്ള ധാരണ നേടുക.
- സമയവിനിമയം കൃത്യതപ്പെടുത്തി വിദ്യാലയപ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു നയിക്കുവാനുള്ള ധാരണ നേടുക.
- തന്റെ സഹപ്രവർത്തകരെയും മറ്റു സംവിധാനങ്ങളെയും ഒരു ടീമായി മുന്നോട്ട് നയിക്കുവാനുള്ള ധാരണ നേടുക.
- തന്റെ കടമയും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുക.
- മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ എന്തൊക്കെയെന്നറിയുക.
- ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമായി എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ധാരണ നേടുക.
- വിദ്യാലയ മികവിനായി നൂതനാശയങ്ങളും പ്രവർത്തനങ്ങളും എങ്ങനെ സംഘടിപ്പിക്കാമെന്ന ധാരണ നേടുക.

#### 1.3.2 സെഷനുകൾ

സ്വാവബോധം വികസിപ്പിക്കൽ, കൗമാരക്കാരായ കുട്ടികളുടെ പെരുമാറ്റ രീതികൾ മനസ്സിലാക്കൽ, ഫലപ്രദമായ വ്യക്തിബന്ധങ്ങൾ സ്ഥാപിപ്പിക്കൽ, ഫലപ്രദമായ ആശയവിനിമയം നടത്തൽ, കുട്ടികളുടെ അവകാശസംരക്ഷണ നിയമാവബോധം, സമ്മർദ്ദങ്ങളെ അതിജീവിക്കൽ, സ്വഭാവരൂപീകരണ മാനേജ്മെന്റ്, സമയപരിപാലനവും ആസൂത്രണവും, നേതൃനൈപുണികളുടെ വികാസവും കൂട്ടായ്മ രൂപീക്കരിക്കലും, വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗം, ധനകാര്യവും ഭരണപരവുമായ മാനേജ്മെന്റ്, പ്രഥമാധ്യാപകന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും, മികച്ചതും നൂതനവുമായ വിദ്യാലയാനുഭവങ്ങൾ, അക്കാദമിക മാസ്റ്റർപ്ലാൻ തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ട സെഷനുകൾ.

## 1.4 ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ലെവൽ-1 ശാക്തീകരണ പരിപാടി

3 ദിവസം നീണ്ടുനിന്ന 15 ബാച്ചുകളിലായി 600 ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ലെവൽ-1 നേതൃത്വശേഷി ശാക്തീകരണപരിപാടി നടന്നു. താഴെപ്പറയുന്ന ഉദ്ദേശ്യങ്ങളെ കേന്ദ്രീകരിച്ചായിരുന്നു നേതൃത്വശാക്തീകരണ പരിപാടി സംഘടിപ്പിച്ചിരുന്നത്.

### 1.4.1 ഉദ്ദേശ്യങ്ങൾ

**പ്രിൻസിപ്പൽ എന്നനിലയിൽ**

- തന്റെ കഴിവുകളും പരിമിതികളും തിരിച്ചറിയുക
- കൗമാരക്കാരായ കുട്ടികളുടെ സ്വഭാവ സവിശേഷതകൾ, പ്രശ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് അവർക്ക് ശരിയായ മാർഗ നിർദ്ദേശം നല്കുവാനുള്ള ധാരണയും കഴിവും നേടുക.
- കുട്ടികളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ശരിയായ ഗൈഡൻസ് നല്കുക.
- തൊഴിൽപരവും വ്യക്തിപരവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കുവാനുള്ള കഴിവ് നേടുക.
- നേതൃത്വശേഷി വികസിപ്പിക്കുക.
- ഫലപ്രദമായ ആശയവിനിമയം നടത്തുന്നതിനും മികച്ച വ്യക്ത്യാന്തര ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള കഴിവുകൾ നേടുക
- ഫലപ്രദമായി സമയ പരിപാലനം നടത്തി മികച്ച രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള ധാരണ നേടുക.
- കുട്ടികളുടെ അവകാശസംരക്ഷണ നിയമത്തെക്കുറിച്ച് ധാരണ നേടുക
- തന്റെ കടമകളും ഉത്തരവാദിത്വങ്ങളും തിരിച്ചറിഞ്ഞ് ഫലപ്രദമായി അവ നിർവഹിക്കുവാനുള്ള ധാരണയും കഴിവും ഉണ്ടാകുക.
- വിദ്യാലയ മികവിനായ് നൂതന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ധാരണ നേടുക.

### 1.4.2 സെഷനുകൾ

സ്വാവബോധം വികസിപ്പിക്കൽ, കൗമാരക്കാരുടെ സ്വഭാവ സവിശേഷതകൾ തിരിച്ചറിയൽ, കൗമാരക്കാരുടെ സ്വഭാവ സവിശേഷതകളുടെ പരിപാലനം, കുട്ടികളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ സമ്മർദ്ദങ്ങളെ അതിജീവിക്കൽ, നേതൃനൈപുണി വികാസം, കൂട്ടായ്മ രൂപീകരിക്കൽ, വ്യക്തിബന്ധങ്ങൾ ഫലപ്രദമാക്കലും ആശയവിനിമയവും, സമയപരിപാലനവും ആസൂത്രണവും, കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ, വിവര സാങ്കേതികവിദ്യ ഹൈടെക് ക്ലാസുമുറികളിൽ, വിദൂരപഠന മേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം, മികച്ചതും നൂതനവുമായ വിദ്യാലയാനുഭവങ്ങൾ, അക്കാദമിക മാസ്റ്റർ പ്ലാൻ തുടങ്ങിയ സെഷനുകളിലൂടെയാണ് ശാക്തീകരണ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിച്ചത്.

### 1.5 വിദ്യാഭ്യാസ ഓഫീസർമാരുടെ ലെവൽ – 1 നേതൃത്വ ശാക്തീകരണ പരിപാടി

രണ്ടു ദിവസം നീണ്ടു നിന്ന 4 ബാച്ചുകളിലായി 155 എ.ഇ.ഒ.മാർക്കും രണ്ടു ദിവസം നീണ്ടു നിന്ന ഒരു ബാച്ചിലൂടെ 39 ഡി.ഇ.ഒ.മാർക്കും ലെവൽ – 1 നേതൃത്വശാക്തീകരണ പരിപാടി നടന്നു.

താഴെകൊടുത്ത ശാക്തീകരണോദ്ദേശ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ശാക്തീകരണ പരിപാടി ആസൂത്രണം ചെയ്തത്.

#### 1.5.1 ഉദ്ദേശ്യങ്ങൾ

**വിദ്യാഭ്യാസ ഓഫീസർ എന്ന നിലയിൽ**

- ഭരണപരവും നേതൃത്വപരവുമായ ധാരണ, നൈപുണി, മനോഭാവം എന്നിവ വികസിപ്പിക്കുക.
- വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ പ്രഥമാധ്യാപകൻ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർക്ക് വേണ്ട പിന്തുണ ഉറപ്പാക്കുക.
- അക്കാദമികവും ഭരണപരവുമായ ലീഡർ എന്ന നിലയിൽ ശാക്തീകരിക്കുക.
- തൊഴിൽപരവും വ്യക്തിപരവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനുള്ള തന്ത്രങ്ങളെക്കുറിച്ച് ധാരണ നേടുക.
- വ്യക്ത്യാന്തരബന്ധം ശക്തിപ്പെടുത്തുക.
- കൂട്ടായ്മ വളർത്തിയെടുക്കുവാനുള്ള നേതൃത്വശേഷി കൈവരിക്കുക.
- ഓഫീസ് നിർവഹണത്തിൽ നിയമപരവും ധനപരവുമായ ധാരണ കൈവരിക്കുക.
- വിദ്യാലയ അക്കാദമിക മാസ്റ്റർപ്ലാനുകളുടെ ഫലപ്രദമായ നിർവഹണം ഉറപ്പുവരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള നൈപുണിയും മനോഭാവവും നേടുക.
- സ്വന്തം കഴിവുകളും പരിമിതികളും തിരിച്ചറിയുക.
- വിദ്യാലയങ്ങളിൽ നടത്തുന്ന നൂതന പ്രവർത്തനങ്ങൾ കണ്ടെത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക.

#### 1.5.2 സെഷനുകൾ

സ്വാവബോധം വികസിപ്പിക്കൽ, നേതൃത്വനൈപുണി വികാസം, കൂട്ടായ്മ രൂപീകരിക്കൽ, വ്യക്തിബന്ധങ്ങൾ ഫലപ്രദമാക്കലും ആശയവിനിമയവും, സമയപരിപാലനവും ആസൂത്രണവും, വിദ്യാഭ്യാസ ഓഫീസർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും, അക്കാദമിക മാസ്റ്റർപ്ലാൻ, മികച്ചതും നൂതനവുമായ വിദ്യാലയാനുഭവങ്ങൾ തുടങ്ങിയവയായിരുന്നു ശാക്തീകരണ പരിപാടിയിലെ സെഷനുകൾ.

### 1.6 പഠനത്തിന്റെ ആവശ്യകത

പ്രൈമറി, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് പ്രത്യേകംപ്രത്യേകമായി മേൽ പ്രതിപാദിച്ച ഉദ്ദേശ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ വിവിധ സെഷനുകളിലൂടെ നല്കിയ ലെവൽ-1 നേതൃത്വ ശാക്തീകരണപരിപാടി എത്രമാത്രം ഫലപ്രദമായിരുന്നു, ശാക്തീകരണ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സെഷനുകൾ എത്രമാത്രം സഹായകരമായിരുന്നു, തന്റെ പ്രവർത്തന മേ ഖലയിൽ കൂടുതൽ ഉത്തരവാദിത്തത്തോടെയും ഫലപ്രദമായും പ്രവർത്തിക്കുവാൻ ഈ ശാക്തീകരണ പരിപാടി എത്രമാത്രം സഹായിച്ചു തുടങ്ങിയവയെക്കുറിച്ച് ശാസ്ത്രീയമായി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അതോടൊപ്പം ലെവൽ-2 ശാക്തീകരണത്തിന് ഊന്നൽ നല്കേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് കണ്ടെത്തേണ്ടതുണ്ട്. ശാസ്ത്രീയമായ പഠനത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ. ഈ പഠനത്തിന്റെ വെളിച്ചത്തിലായിരിക്കണം ലെവൽ-2 ശാക്തീകരണ പരിപാടി ആസൂത്രണം ചെയ്യേണ്ടത്.

## അദ്ധ്യായം 2

# പഠനത്തിന്റെ രീതിശാസ്ത്രം

പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കായി നല്കുന്ന ലെവൽ-2 ശാക്തീകരണ പരിപാടിയുടെ മുന്നോടിയായിട്ടാണ് ഈ പഠനം നടക്കുന്നത്.

### 2.1 ലക്ഷ്യം

പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്റി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കായി നല്കിയ ലെവൽ-1 ശാക്തീകരണ പരിപാടിയുടെ ഫലപ്രാപ്തി കണ്ടെത്തുക. ലെവൽ -2 ശാക്തീകരണ പരിപാടിയുടെ ശാക്തീകരണാവശ്യങ്ങൾ കണ്ടെത്തുക.

### 2.2 ഉദ്ദേശ്യങ്ങൾ

- ലെവൽ-1 ശാക്തീകരണ പരിപാടിയുടെ ഉദ്ദേശ്യസാക്ഷാത്ക്കരണത്തെക്കുറിച്ച് പങ്കാളികളുടെ അഭിപ്രായം അറിയുക.
- ശാക്തീകരണ പരിപാടിയിലുടെ സ്വാംശീകരിച്ച ധാരണകൾ, കഴിവുകൾ എന്നിവ തങ്ങളുടെ പ്രവർത്തന മേഖലയിൽ എത്രമാത്രം പ്രയോജനപ്പെടുത്തുന്നുവെന്ന് കണ്ടെത്തുക.
- സ്ഥാപനത്തിലെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ ഇടപെടൽ മേഖലയിലെ മികവ് കണ്ടെത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്നു കണ്ടെത്തുക.
- ടാലന്റ് ലാബ്, ജൈവവൈവിധ്യപാർക്ക് എന്നിവ എത്രമാത്രം നടപ്പിലാക്കുന്നുവെന്നു കണ്ടെത്തുക.

- ലെവൽ-1 ശാക്തീകരണ പരിപാടികളിൽ ഉൾപ്പെടുത്തിയ വിഷയമേഖലകളിൽ ഇനിയും കൂടുതൽ ധാരണ ആവശ്യമാണെന്ന് കരുതുന്ന മേഖലകൾ കണ്ടെത്തുക.
- ലെവൽ-2 ശാക്തീകരണ പരിപാടികളിൽ പുതുതായി ഉൾപ്പെടുത്തേണ്ട വിഷയമേഖലകൾ കണ്ടെത്തുക.

**2.3 പഠന രീതി**

**2.3.1 പഠന സാമ്പിൾ**

തിരുവനന്തപുരം തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നാലു ജില്ലകളാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. ഈ നാലു ജില്ലയിൽ ഓരോന്നിൽ നിന്നും ലെവൽ-1 ശാക്തീകരണപരിപാടിയിൽ പങ്കെടുത്ത 4 പ്രൈമറി പ്രഥമാധ്യാപകർ, 3 ഹൈസ്കൂൾ പ്രഥമാധ്യാപകർ, 2 ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, 2 ഉപജില്ലാ വിദ്യാഭ്യാസഓഫീസർമാർ, ഒരു ജില്ലാ വിദ്യാഭ്യാസഓഫീസർ എന്നിങ്ങനെ 12 പേർ വീതം ആകെ 48 പേരിൽ നിന്നാണ് വിവരങ്ങൾ ശേഖരിക്കുന്നത്.

**പട്ടിക 2(1)**

| ക്രമ നമ്പർ | വിഭാഗം | ഒരു ജില്ല | ആകെ 4 ജില്ല |
|---|---|---|---|
| 1. | പ്രഥമാധ്യാപകർ (പ്രൈമറി) | 4 | 16 |
| 2. | പ്രഥമാധ്യാപകർ (ഹൈസ്ക്കൂൾ) | 3 | 12 |
| 3. | പ്രിൻസിപ്പൽ (ഹയർസെക്കണ്ടറി) | 2 | 8 |
| 4. | ഉപജില്ലാ വിദ്യാഭ്യാസഓഫീസർ | 2 | 8 |
| 5. | ജില്ലാ വിദ്യാഭ്യാസഓഫീസർ | 1 | 4 |
| | **ആകെ** | **12** | **48** |

**2.3.2 പഠന ടീം**

ലെവൽ-1 ശാക്തീകരണ പരിപാടിക്ക് നേതൃത്വം നല്കിയ റിസോഴ്സ് അധ്യാപകരുടെ ടീമാണ് പഠനത്തിനും നേതൃത്വം നല്കിയത്. ഓരോ ജില്ലയിൽ നിന്നും 2 അംഗ ടീമാണ് വിവരങ്ങൾ ശേഖരിച്ചത്.

**2.3.3 വിവരശേഖരണ രീതി**

വിവരശേഖരണത്തിനായി പഠന സാമ്പിളുകളിൽ ഉൾപ്പെട്ട ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസഓഫീസർമാർ എന്നിവരുടെ അഭിപ്രായങ്ങൾ ശേഖരിക്കാനുള്ള അഭിപ്രായ സർവേ രീതിയും ലഭിക്കുന്ന വിവരങ്ങളുടെ യാഥാർത്ഥ്യങ്ങൾ കണ്ടെത്തുവാൻ പഠന ടീം നടത്തുന്ന നിരീക്ഷണ രീതിയുമാണ് ഉപയോഗിച്ചിട്ടുള്ളത് .

**2.3.4 വിവരശേഖരണ ഉപാധികൾ**

- പ്രഥമാധ്യാപകർ , പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസഓഫീസർമാർ എന്നിവർക്കുള്ള ചോദ്യാവലി
- നിരീക്ഷണ പത്രിക

**2.3.4.1 ചോദ്യാവലി**

ലെവൽ-1 ശാക്തീകരണപരിപാടിയിൽ പങ്കെടുത്ത തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനുള്ളതാണ് ചോദ്യാവലി. പത്തു മേഖലകളിലുള്ള ചോദ്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. 8 എണ്ണം ലെവൽ-1 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയ മേഖലകൾ എത്രമാത്രം പ്രയോജനപ്രദമായിരുന്നു, തുടർന്ന് തന്റെ പ്രവർത്തന മേഖലകളിൽ എന്തു ഗുണപ്രദമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി എന്നിവയുമായി ബന്ധപ്പെട്ടവയാണ്. അഞ്ചാമത്തെ ചോദ്യം പ്രഥമാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും മാത്രം ബാധകമായതാണ്. അതുപോലെ എട്ടാമത്തെ ചോദ്യം വിദ്യാഭ്യാസ ഓഫീസർമാർക്ക് മാത്രം ബാധകമായതാണ്. 9,10 ചോദ്യങ്ങൾ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ഇനിയും കൂടുതൽ ധാരണ ആവശ്യമായ മേഖലകൾ, പുതുതായി ഉൾപ്പെടുത്തേണ്ട വിഷയമേഖലകൾ എന്നിവ കണ്ടെത്താനുള്ള ചോദ്യങ്ങളായിരുന്നു.

**2.3.4.2 നിരീക്ഷണ പത്രിക**

15 നിരീക്ഷണ സൂചകങ്ങൾ അടങ്ങിയതാണ് നിരീക്ഷണപത്രിക. ഇതിൽ ആദ്യത്തെ 14 എണ്ണം പ്രഥമാധ്യാപകർ പ്രിൻസിപ്പൽമാർ എന്നിവരുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ടതാണ്. വിദ്യാലയത്തിൽ നടക്കുന്ന അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതോടൊപ്പം അനുബന്ധ രജിസ്റ്ററുകൾ, മറ്റു സംവിധാനങ്ങൾ എന്നിവയും വിലയിരുത്തേണ്ടതാണ്. സ്ഥാപനമേധാവി, അധ്യാപകർ എന്നിവരുമായി ചർച്ച ചെയ്തും നിരീക്ഷിച്ചുമാണ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. വിദ്യാഭ്യാസഓഫീസർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്താനായി നിരീക്ഷണപത്രികയിൽ നല്കിയിരിക്കുന്ന ഓഫീസ് പ്രവർത്തനങ്ങൾ, സൗഹൃദപരമായ ഓഫീസ് സംവിധാനം, സമയബന്ധിത പ്രവർത്തനങ്ങൾ, നേതൃഗുണം, വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുത്ത മേഖലയിലുള്ള പ്രവർത്തന പുരോഗതി എന്നീ 5 സൂചകങ്ങളാണ് ഉപയോഗപ്പെടുത്തേണ്ടത്.

**2.4 പഠന സമയം**

2019 ജൂലൈ 10 മുതൽ 20 വരെയായിരുന്നു പഠനത്തിനായി സ്കൂൾ/ഓഫീസുകൾ സന്ദർശിക്കാനായി ആസൂത്രണം ചെയ്തിരുന്നത്.

# അദ്ധ്യായം – 3

# ദത്തവിശകലനം

## 3.1 ദത്തവിശകലനവും വ്യാഖ്യാനവും

സീമാറ്റ്-കേരള പ്രഥമാധ്യാപകർ (പ്രൈമറി, ഹൈസ്കൂൾ), പ്രിൻസിപ്പൽമാർ (ഹയർ സെക്കന്ററി), വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് നടത്തിയ നടത്തിയ ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകളുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുക, ലെവൽ-2 ന്റെ മുൻഗണനാ വിഷയങ്ങൾ തീരുമാനിക്കുക, സ്ഥാപനമേധാവികൾ അവരവരുടെ സ്ഥാപനത്തിൽ നടത്തിയിട്ടുള്ള അക്കാദമികവും ഭൗതികവുമായ ഇടപെടൽ നേരിട്ടു കണ്ട് ബോധ്യപ്പെടുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ നടത്തിയിട്ടുള്ള പഠനത്തിന്റെ ഭാഗമായി ലഭിച്ച ദത്തങ്ങളുടെ വിശകലനവും വ്യാഖ്യാനവുമാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## 3.2 ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ/വിദ്യാഭ്യാസഓഫീസർ എന്നിവർക്കുവേണ്ടിയുള്ള ലെവൽ-2 ശാക്തീകരണാവശ്യങ്ങൾ കണ്ടെത്താനുള്ള ചോദ്യാവലി

### 3.2.1 പ്രൈമറി പ്രഥമാധ്യാപകരുടെ പ്രതികരണങ്ങളും വിശകലനവും

3.2.1.1 ലെവൽ-1 ശാക്തീകരണപരിപാടിയിലെ പങ്കാളിയെന്ന നിലയിൽ കപ്പാസിറ്റി എൻഹാൻസ്മെന്റിനെക്കുറിച്ചുള്ള അഭിപ്രായപ്രകടനത്തിൽ 64% പേരും ഏറെ പ്രയോജനപ്രദം എന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 32% പേർ പ്രയോജനപ്രദമെന്നും 4% പേർ അത്രതന്നെ പ്രയോജനപ്രദമല്ല എന്ന അഭിപ്രായവും രേഖപ്പെടുത്തുകയുണ്ടായി.

**പട്ടിക 3(1)**

| അഭിപ്രായം | ശതമാനം |
|---|---|
| ഏറെ പ്രയോജനപ്രദം | 64 |
| പ്രയോജനപ്രദം | 32 |
| അത്രതന്നെ പ്രയോജനപ്രദമല്ല | 4 |

3.2.1.2 ലെവൽ-1 ശാക്തീകരണപരിപാടിയിലൂടെ ലഭിച്ച ശേഷികളിലും ധാരണകളിലും ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞവ ഏതാണെന്ന ചോദ്യത്തിന് 62% പ്രഥമാധ്യാപകരും പ്രതികരിച്ചത് സ്കൂൾമാനേജ്മെന്റ് എന്നാണ്. സാമൂഹ്യഇടപെടൽ ശക്തമാക്കാൻ ശാക്തീകരണ പരിപാടികൊണ്ട് സാധിച്ചുവെന്ന് 48% പേരും അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞ ഇതരമേഖലകളായി പരാമർശിക്കപ്പെട്ടവ ക്ലാസ്സ് മോണിറ്ററിംഗ് (28%), ആശയവിനിമയ മികവ് (31%), അക്കാദമിക മാസ്റ്റർപ്ലൻ പരിഷ്ക്കരിച്ച് നടപ്പാക്കൽ (51%), വ്യക്തികളേയും സാഹചര്യങ്ങളേയും ഉപയുക്തമാക്കൽ (24%), തൊഴിലിടങ്ങളിലെ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ

ആവിഷ്ക്കരിക്കൽ (31%), വിദ്യാലയ വികസനകാഴ്ച്ചപ്പാട് മെച്ചപ്പെടുത്തൽ (23%), സഹപ്രവർത്തകരുടെ പിന്തുണ നേടാനുള്ള സാഹചര്യമൊരുക്കൽ (12%), സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (22%), കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സാഹചര്യമൊരുക്കൽ (18%) തുടങ്ങി അക്കാദമികവും ഭൗതികവുമായ ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ ലെവൽ-1 ശാക്തീകരണ പരിപാടി പ്രയോജനപ്പെട്ടതായി പ്രൈമറി പ്രഥമാധ്യാപകർ അഭിപ്രായപ്പെട്ടു.

3.2.1.3 സ്ഥാപനമേധാവി എന്ന നിലയിൽ പ്രഥമാധ്യാപകരുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിനു ശേഷം ഉണ്ടായിട്ടുള്ളത് എന്ന മൂന്നാം ചോദ്യത്തിന്റെ പ്രതികരണങ്ങളായി ലഭിച്ചവ താഴെ ചേർക്കുന്നു.

- ചുമതലകൾ വിഭജിച്ചു നൽകി എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു.
- ടീം ലീഡർ എന്ന നിലയിൽ പ്രഥമാധ്യാപകന്റെ ഇടപെടൽ ശക്തമാക്കാൻ കഴിഞ്ഞു.
- സ്കൂൾ പ്രവർത്തനങ്ങൾ ചിട്ടയോടെയും വേഗത്തിലും നടപ്പിലാക്കാൻ കഴിഞ്ഞു.
- സാമൂഹ്യബന്ധം വർദ്ധിപ്പിക്കാൻ സാധിച്ചു.
- ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു.
- മികച്ച ആസൂത്രണത്തോടുകൂടി സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി.
- ഓഫീസ് കാര്യങ്ങൾ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞു
- പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു.

3.2.1.4 ലെവൽ-1 ശാക്തീകരണത്തിനുശേഷം അക്കാദമിക നിലവാരം ഉയർത്താൻ പ്രഥമാധ്യാപകർ എന്ന നിലയിൽ നടത്തിയ ഇടപെടലുകൾ ഏതെല്ലാം എന്ന ചോദ്യത്തോടുള്ള പ്രതികരണങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടവ ഇവയാണ്.

- പിന്നോക്കക്കാരായ കുട്ടികൾക്കുള്ള പരിഹാരപ്രവർത്തനങ്ങൾ (51%)
- എസ്.ആർ.ജി കാര്യക്ഷമമാക്കൽ (43%)
- ഭാഷ, ഗണിതശേഷീവികാസ പ്രവർത്തനങ്ങൾ (37%)
- ഐ.ടി യുടെ ഫലപ്രദമായ ഉപയോഗം (35%)
- വിദ്യാലയമികവ് അവതരണവും വാർഷികാഘോഷവും (31%)
- ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ (27%)
- പൊതുവിജ്ഞാനം മെച്ചപ്പെടുത്തൽ (23%)
- ദിനാചരണങ്ങളെ പ്രവർത്തനങ്ങളാക്കൽ (21%)
- പി.ടി.എ. അംഗങ്ങൾക്ക് ശില്പശാല (18%)
- കുട്ടികളുടെ ഗൃഹസന്ദർശനം (18%)
- മെന്ററിംങ് രീതി നടപ്പിലാക്കൽ (17%)

3.2.1.5 ചോദ്യനമ്പർ 5 ൽ ഈ വർഷം നടപ്പിലാക്കാൻ ആരംഭിച്ച അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ ഏതൊക്കെ എന്നതിന് വളരെയധികം വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് പ്രഥമാധ്യാപകർ തങ്ങളുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് പഠനത്തിന്റെ ഭാഗമായുള്ള പ്രതികരണങ്ങളിൽനിന്ന് മനസ്സിലാക്കാം. ഇതിൽ സമാനപ്രവർത്തനങ്ങൾ ഏറ്റെടുത്തവരും അവരുടെ ശതമാനവും താഴെ കൊടുക്കുന്നു.

**പട്ടിക 3(2)**

| ക്രമ നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1. | ലൈബ്രറി വികസനം | 48 |
| 2. | ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം | 36 |
| 3. | ഹൈടെക് ക്ലാസ്സ്മുറികൾ സ്ഥാപിക്കൽ | 24 |
| 4. | വിവിധ ഭാഷാ മാഗസിനുകൾ | 76 |
| 5. | കലാ വിദ്യാഭ്യാസം പരിപോഷിപ്പിക്കൽ | 64 |
| 6. | ജൈവകൃഷി | 53 |
| 7. | ഒന്നാംതരം ഒന്നാന്തരമാക്കൽ | 27 |
| 8. | എല്ലാവരും വായനക്കാർ | 86 |
| 9. | ഗണിതപഠനം മികച്ചതാക്കൽ | 79 |
| 10. | വരൂ ഇംഗ്ലീഷ് സംസാരിക്കാം | 74 |

ഏറ്റവും കൂടുതൽ പേർ ഏറ്റെടുത്ത പ്രവർത്തനങ്ങൾ എല്ലാവരും വായനക്കാർ 86%, ഗണിതപഠനം മികച്ചതാക്കൽ 79%, വിവിധ ഭാഷാ മാഗസിനുകൾ 76%, വരൂ ഇംഗ്ലീഷ് സംസാരിക്കാം 74%, കലാ വിദ്യാഭ്യാസം പരിപോഷിപ്പിക്കൽ 64% എന്നിവയാണ്

3.2.1.6 ശാക്തീകരണത്തിനുശേഷം സമൂഹസമ്പർക്ക പരിപാടിയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന ആറാം ചോദ്യത്തിന് 92% പേരും 'ഉണ്ട്' എന്ന പ്രതികരണമാണ് നൽകിയിരിക്കുന്നത്. 8% പേർ 'ഇല്ല' എന്നും പ്രതികരിച്ചിരിക്കുന്നു. ഉണ്ട് എന്ന് പ്രതികരിച്ചവർ മേഖല സ്പഷ്ടമാക്കിയിരിക്കുന്നു., വാർഷികാഘോഷങ്ങൾ, സ്കൂൾ പ്രവേശനോത്സവം, ദിനാചരണങ്ങൾ, സ്കൂൾമികവ് പ്രദർശനം, ഭൗതികസാഹര്യങ്ങൾ മെച്ചപ്പെടുത്തൽ, മെന്ററിംഗ്, കുട്ടികളുടെ യാത്രാപ്രശ്നപരിഹരണം, ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം എന്നിവയാണ് അവ.

3.2.1.7 ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ ടാലന്റ്ലാബിനെക്കുറിച്ചും, ജൈവവൈവിധ്യ ഉദ്യാനത്തെക്കുറിച്ചും ലഭിച്ച ധാരണകൾ എത്രമാത്രം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന ഏഴാമത്തെ ചോദ്യത്തിന്, പരിമിതികൾക്കിടയിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്ന് 67% പ്രഥമാധ്യാപകരും പ്രതികരിച്ചപ്പോൾ 33% പ്രഥമാധ്യാപകർ ഇതുവരേയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന പ്രതികരണമാണ് നൽകിയത്.

**പട്ടിക 3(3)**

| ടാലന്റ് ലാബ്, ജൈവവൈവിധ്യ ഉദ്യാനം | നടപ്പിലാക്കാൻ കഴിഞ്ഞവർ | നടപ്പിലാക്കാൻ കഴിയാത്തവർ |
|---|---|---|
| | 67% | 33% |

3.2.1.8 എട്ടാമത്തെ ചോദ്യം പ്രഥമാധ്യാപകരെ (പ്രൈമറി) സംബന്ധിച്ച് ബാധകമുള്ളതല്ല.

3.2.1.9 ചോദ്യം ഒൻപതിൽ ചോദിച്ചിരിക്കുന്ന ഇനിയും കൂടുതൽ ധാരണ ലഭിക്കാൻ ലെവൽ-2 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലും ഉൾപ്പെടുത്തേണ്ടതായ മേഖലകളെക്കുറിച്ചുള്ള പ്രതികരണങ്ങളും, പ്രതികരണം രേഖപ്പെടുത്തിയ ശതമാനവും താഴെ നൽകിയിരിക്കുന്നു.

**പട്ടിക 3(4)**

| ക്രമ നം. | മേഖല | ശതമാനം |
|---|---|---|
| 1. | ഫിനാൻസ്മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ | 74 |
| 2. | ഇന്നവേറ്റീവ് ബെസ്റ്റ് പ്രാക്ടീസ് | 69 |
| 3. | അഡോളസെന്റ് ബിഹേവിയർ | 64 |
| 4. | സ്ട്രെസ് മാനേജ്മെന്റ് (യോഗ & മെഡിറ്റേഷൻ) | 51 |
| 5. | റിലേഷൻഷിപ്പ് മാനേജ്മെന്റ് | 51 |
| 6. | ലീഡർഷിപ്പ് സ്കിൽസ് & ടീം ബിൽഡിംഗ് | 47 |
| 7. | ലീഗൽ അവയർനെസ് POCSO, JJ Act, Child Rights | 43 |
| 8. | Academic Master Plan (Review) | 38 |
| 9. | ടൈം മാനേജ്മെന്റ് & പ്ലാനിംഗ് | 35 |
| 10. | ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് ഓഫ് ഹെഡ്മാസ്റ്റർ, മോണിറ്ററിംഗ് | 33 |
| 11. | ബിഹേവിയർ മാനേജ്മെന്റ് | 27 |

3.2.1.10 ലെവൽ-2 കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതായ മേഖലകൾ ഏതൊക്കെ എന്ന പത്താമത്തെ ചോദ്യത്തിന്റെ പ്രതികരണങ്ങൾ ചുവടെ നൽകുന്നു.

**പട്ടിക 3(5)**

| നമ്പർ | മേഖല | ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടവർ % ത്തിൽ |
|---|---|---|
| 1 | അക്കാദമിക മാനേജ്മെന്റ് | 92 |
| 2 | സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം | 72 |
| 3 | ഓഫീസ് മാനേജ്മെന്റ് | 64 |
| 4 | സാമൂഹ്യഘടകങ്ങളെ പ്രയോജനപ്പെടുത്തൽ | 40 |
| 5 | വിലയിരുത്തൽ | 40 |
| 6 | ഉൾച്ചേർന്ന വിദ്യാഭ്യാസം | 40 |
| 7 | കൗൺസലിംഗ് | 32 |
| 8 | വിവരാവകാശം | 32 |
| 9 | ദുരന്തനിവാരണം | 24 |
| 10 | കുട്ടികളുടെ അവകാശങ്ങൾ | 21 |

സമൂഹത്തിൽ ഒരു വിദ്യാലയത്തിനുള്ള സ്ഥാനം നിർണ്ണയിക്കുന്നത് അവിടെ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരമനുസരിച്ചാണ്. 92% പ്രഥമാധ്യാപകരും അക്കാദമിക മാനേജ്മെന്റിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. ഇതിനാൽ ക്ലാസ്റൂം മോണിറ്ററിംഗ് ഉൾപ്പെടെയുള്ള പഠന പ്രക്രിയയുടെ വിശദാംശങ്ങൾ ഓരോ പ്രഥമാധ്യാപകനും സ്വായത്തമാക്കണം. ഒപ്പം എല്ലാ വിഷയങ്ങളെക്കുറിച്ചും വിഷയ സംബന്ധിയായ പഠന നേട്ടങ്ങളെക്കുറിച്ചും ശേഷി നേടിയിരിക്കണം.

### 3.2.2 ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ പ്രതികരണങ്ങളും വിശകലനവും

3.2.2.1 ലെവൽ-1 കപ്പാസിറ്റി എൻഹാൻസ്മെന്റിലെ പങ്കാളി എന്ന നിലയിൽ പ്രസ്തുത പ്രോഗാം എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്ന ചോദ്യത്തിന് 70% പ്രഥമാധ്യാപകരും ഏറെ പ്രയോജനപ്രദമായിരുന്നുവെന്ന് പ്രതികരിക്കുകയുണ്ടായി. പ്രയോജനപ്രദമെന്ന് 30% പേർ പ്രതികരിച്ചപ്പോൾ പ്രയോജനപ്രദമായിരുന്നില്ല എന്ന അഭിപ്രായം ആരും തന്നെ പറഞ്ഞില്ല.

**പട്ടിക 3(6)**

| അഭിപ്രായം | ശതമാനം |
|---|---|
| ഏറെ പ്രയോജനകരം | 70 |
| പ്രയോജനകരം | 30 |
| പ്രയോജനകരമല്ല | 0 |

3.2.2.2 കപ്പാസിറ്റി എൻഹാൻസ്മെന്റിലൂടെ ലഭിച്ച ധാരണകളിലും ശേഷികളിലും ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞവ ഏതൊക്കെ എന്ന രണ്ടാമത്തെ ചോദ്യത്തിന് പ്രതികരണമായി ഏഴുമേഖലകളാണു പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെട്ടത്. അവ പ്രഥമാധ്യാപകന്റെ കടമകളും ഉത്തരവാദിത്തങ്ങളും (57 %), ഫിനാൻസ് മാനേജ്മെന്റ് (52 %), കൗമാരക്കാരുടെ സ്വഭാവ സവിശേഷതകൾ (40 %),

ലീഡർഷിപ്പ് (39 %), അക്കാദമിക മാസ്റ്റർപ്ലാൻ (36 %), റിലേഷൻഷിപ്പ് മാനേജ്മെന്റ് (27 %), ടൈം മാനേജ്മെന്റ് (20 %) എന്നിവയാണ്.

**പട്ടിക 3(7)**

| ക്രമ. നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1. | പ്രഥമാധ്യാപകന്റെ ഉത്തരവാദിത്തവും കടമകളും | 57 % |
| 2. | ഫിനാൻസ് മാനേജ്മെന്റ് | 52 % |
| 3. | കൗമാരക്കാരുടെ സ്വഭാവ സവിശേഷതകൾ | 40 % |
| 4. | ലീഡർഷിപ്പ് | 39 % |
| 5. | അക്കാദമിക മാസ്റ്റർ പ്ലാൻ | 36 % |
| 6. | റിലേഷൻഷിപ്പ് മാനേജ്മെന്റ് | 27 % |
| 7. | ടൈം മാനേജ്മെന്റ് | 20 % |

3.2.2.3 സ്ഥാപനമേധാവി എന്ന നിലയിൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് ശേഷം അക്കാദമികവും ഭരണപരവുമായ മാറ്റങ്ങൾ എത്രമാത്രം സ്ഥാപനത്തിൽ നടപ്പിൽ വരുത്താൻ സാധിച്ചിട്ടുണ്ട് എന്ന ചോദ്യത്തിന് ലഭിച്ച പ്രതികരണങ്ങൾ ശതമാനത്തിൽ

**പട്ടിക 3(8)**

| ക്രമ. നമ്പർ | പ്രതികരണങ്ങൾ | ശതമാനം |
|---|---|---|
| 1. | ആത്മവിശ്വാസം വർദ്ധിച്ചു | 83 % |
| 2. | ഫലപ്രദമായ ആശയവിനിമയശേഷി നേടി | 76 % |
| 3. | നേതൃപാടവം വികസിച്ചു | 75 % |
| 4. | വിവിധ സംവിധാനങ്ങളെ ബന്ധപ്പെടുത്താൻ സാധിച്ചു | 73 % |
| 5. | സഹപ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പാക്കി | 64 % |
| 6. | പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള ആത്മവിശ്വാസം | 63 % |
| 7. | സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സഹായിച്ചു | 61 % |
| 8. | അക്കൗണ്ട് മെയ്ന്റനൻസ് കൃത്യമാക്കി | 58 % |
| 9. | നയരൂപീകരണത്തിന് ജനാധിപത്യ രീതി | 57 % |
| 10. | ഗുണാത്മക ചിന്ത വളർന്നു | 54 % |
| 11. | ക്ലാസ് റൂം മോണിറ്ററിംഗ് ശക്തമാക്കി | 41 % |
| 12. | ക്ഷമയോടെ കാര്യ നിർവഹണം | 37 % |
| 13. | അടുക്കും ചിട്ടയും കൈവന്നു | 36 % |
| 14. | സമയം ആസൂത്രണം നടത്തുന്നു | 27 % |

3.2.2.4 ഒന്നാംഘട്ട കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് ശേഷം സ്കൂളിൽ അക്കാദമിക നിലവാരം ഉയർത്താൻ പ്രഥമാധ്യാപകൻ എന്ന നിലയിൽ നടത്തിയ ഇടപെടലുകളെക്കുറിച്ചുള്ള നാലാം ചോദ്യ ത്തിന് ലഭിച്ച പ്രതികരണങ്ങൾ ശതമാനത്തിൽ

**പട്ടിക 3(9)**

| ക്രമ. നമ്പർ | പ്രതികരണങ്ങൾ | ശതമാനം |
|---|---|---|
| 1. | എസ്.ആർ.ജി ചേർന്ന് തുടർപ്രവർത്തനങ്ങൾ തീരുമാനിച്ചു | 78 |
| 2. | പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പഠന പാക്കേജ് | 77 |
| 3. | അക്കാദമിക് മാസ്റ്റർപ്ലാൻ മെച്ചപ്പെടുത്തി | 71 |
| 4. | അധ്യാപകരുടെ ഇടപെടൽ ഉറപ്പുവരുത്തി | 67 |
| 5. | എല്ലാ ക്ലാസിലും യൂണിറ്റ് ടെസ്റ്റ് നടത്തി | 64 |
| 6. | പ്രതിമാസ ക്ലാസ് പി.ടി.എ നടത്താൻ തുടങ്ങി | 61 |
| 7. | അധ്യാപകർക്ക് കുട്ടികളെ ഏൽപ്പിച്ചു നൽകി (മെന്ററിംഗ്) | 60 |
| 8. | ക്ലാസ് മോണിറ്ററിംഗ് ശക്തിപ്പെടുത്തി | 53 |
| 9. | വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിച്ചു | 51 |
| 10. | പരിഹാര ബോധന പ്രവർത്തനങ്ങൾ ആരംഭിച്ചു | 46 |
| 11. | വിവിധ വിഷയങ്ങളിൽ കുട്ടികളുടെ സംവാദം | 36 |
| 12. | ഗണിതം, രസതന്ത്രം, ഇംഗ്ലീഷ് - പ്രാദേശിക വിദഗ്ധരുടെ ക്ലാസ് | 33 |
| 13. | വായനശാല, ക്ലബ്ബ് രക്ഷാധികാരികളുമായി എസ്.എസ്.എൽ.സി റിസൽട്ട് കൂട്ടാൻ വേണ്ട നൈറ്റ് ക്ലാസ് സഹായം | 21 |
| 14. | കൗൺസിലിംഗ് ക്ലാസുകൾ | 16 |

3.2.2.5 ഈ അധ്യയനവർഷം നടപ്പിലാക്കാൻ ആരംഭിച്ച അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചോദ്യം 5 ന് നൽകിയ പ്രതികരണങ്ങളിൽ വളരെ വൈവിധ്യമേറിയ അക്കാദമിക പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത് എന്നു കാണാം. ഓരോ വിഷയത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ യൂണിറ്റ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും പരിഹാരബോധന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു (46 %). ശാസ്ത്ര പഠനത്തെ പരിപോഷിപ്പിക്കാൻ ക്ലാസ്തല ശാസ്ത്ര മൂലകളും, ശാസ്ത്ര ലാബോറട്ടറികളുടെ ക്രമീകരണവും നടത്തി (43 %). ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങളും വായനാപരിപോഷണ പ്രവർത്തനങ്ങളും ഏറ്റെടുത്തു (41 %). എസ്.എസ്.എൽ.സി റിസൽട്ട് വർദ്ധിപ്പിക്കാൻ സമീപസ്ഥങ്ങളായ വായനശാലകൾ, ക്ലബ്ബുകൾ എന്നീ സംവിധാനങ്ങളെ പഠനവേദികളാക്കി നാട്ടുകാരുടെ കമ്മറ്റിയെ ഏൽപിച്ചു (21 %).

കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകളെ പരിപോഷിപ്പിക്കാൻ ടാലന്റ് ലാബ് എന്ന സംവിധാനത്തെ പ്രാദേശിക റിസോഴ്സ് ഉപയുക്തമാക്കി പ്രവർത്തിപ്പിച്ചു തുടങ്ങി (20 %). ജൈവവൈവിധ്യഉദ്യാനം എന്ന പഠനബോധന ആശയത്തെ യഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു (16 %).

3.2.2.6 സമൂഹ സമ്പർക്ക പരിപാടികളിൽ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന ആറാമത്ത ചോദ്യത്തിന് 'ഉണ്ട്' എന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്. ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞത് എന്ന ഉപചോദ്യത്തിന്റെ പ്രതികരണങ്ങൾ ശതമാന കണക്കിൽ

**പട്ടിക 3(10)**

| ക്രമ. നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1. | ക്ലാസ് പി.ടി.എ.യിൽ പങ്കാളിത്തം ഉറപ്പുവരുത്തി | 67 |
| 2. | ഉച്ചഭക്ഷണ പദ്ധതിയുടെ മികവിനുള്ള ഇടപെടൽ | 63 |
| 3. | ജൈവവൈവിധ്യ ഉദ്യാനം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും | 43 |
| 4. | സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുന്നതിന് | 37 |
| 5. | വിദ്യാലയം കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണം | 31 |
| 6. | ക്ലബ്ബുകൾ - ഒ.എസ്.എ. സഹകരണത്തോടെ സ്കൂൾ വികസനം | 27 |
| 7. | പുതിയ വിദ്യാലയ സംവിധാനങ്ങൾ, കെട്ടിടങ്ങൾ | 21 |

3.2.2.7 ടാലന്റ് ലാബ്, ജൈവവൈവിധ്യ ഉദ്യാനം എന്നീ മേഖലകളിലെ ഇടപെടൽ എത്രമാത്രം എന്ന ഏഴാമത്തെ ചോദ്യത്തിന് സമ്മിശ്രമായ പ്രതികരണമാണ് പ്രഥമാധ്യാപകർ രേഖപ്പെടുത്തിയിട്ടുള്ളത്. ടാലന്റ് ലാബിന്റെ ഭാഗമായി രചനാശില്പശാലകളും ഗണിതം, സംഗീതം, ചിത്രരചന എന്നീ മേഖലകളിൽ പ്രത്യേകം പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. കുട നിർമ്മാണം, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ലോഷൻ നിർമ്മാണം എന്നിവ വിവിധ വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്തുന്നുണ്ട്. മാല, വള, കമ്മൽ തുടങ്ങിയ ആഭരണനിർമ്മാണം നടക്കുന്ന വിദ്യാലയങ്ങളും ഉണ്ട്. ഗണിതത്തിന് മുൻതൂക്കം നൽകി ഗണിതശേഷി വികസനം നടത്തുന്നതായി ഒരു വിദ്യാലയം റിപ്പോർട്ട് ചെയ്യുന്നു. മൊത്തത്തിൽ 20% വിദ്യാലയങ്ങൾ മാത്രമേ ടാലന്റ്ലാബ് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളൂ എന്ന് കാണാൻ സാധിക്കും.

ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഭാഗമായി പൂന്തോട്ട നിർമ്മാണം (27%) പച്ചക്കറി (23%) ജൈവവേലി (17%), പുൽത്തകിടി (4%) പിറന്നാൾ മരം (3%) എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. മൊത്തം 16% വിദ്യാലയങ്ങൾ മാത്രമേ ജൈവവൈവിധ്യ പാർക്കിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളൂ.

3.2.2.8 ലെവൽ-2 ൽ ഉൾപ്പെടുത്തേണ്ടതും ഇനിയും കൂടുതൽ ധാരണ നേടേണ്ടതുമായ മേഖലകളെക്കുറിച്ചുള്ള ഒൻപതാം ചോദ്യത്തിന് ലഭിച്ച പ്രതികരണങ്ങൾ ശതമാന കണക്കിൽ ചുവടെ നൽകിയിരിക്കുന്നു.

പട്ടിക 3(11)

| ക്രമ. നമ്പർ | മേഖല | ശതമാനം |
| --- | --- | --- |
| 1. | ഫിനാൻസ് മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ | 63 |
| 2. | ബെസ്റ്റ് പ്രാക്ടീസ് | 60 |
| 3. | അഡോളസന്റ് ബിഹേവിയർ | 54 |
| 4. | ലീഗൽ അവയർനെസ് | 54 |
| 5. | ലീഡർഷിപ്പ് സ്കിൽ | 51 |
| 6. | റിലേഷൻഷിപ്പ് സ്കിൽ | 51 |
| 7. | അക്കാദമിക് മാസ്റ്റർ പ്ലാൻ & മോണിറ്ററിംഗ് | 48 |
| 8. | ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് ഓഫ് ഹെഡ്മാസ്റ്റർ | 48 |
| 9. | ബിഹേവിയർ മാനേജ്മെന്റ് | 34 |
| 10. | ടൈം മാനേജ്മെന്റ് & പ്ലാനിംഗ് | 28 |
| 11. | സ്ട്രെസ് മാനേജ്മെന്റ് | 20 |

3.2.2.9 ലെവൽ–2 ൽ കപ്പാസിറ്റി എൻഹാൻസ്മെന്റിൽ ഉൾപ്പെടുത്തണമെന്ന് പ്രഥമാധ്യാപകർ നിർദ്ദേശിക്കപ്പെട്ട മേഖലകൾ ശതമാന കണക്കിൽ താഴെകൊടുക്കുന്നു

പട്ടിക 3(12)

| ക്രമ. നമ്പർ | മേഖല | ശതമാനം |
| --- | --- | --- |
| 1. | അക്കാദമിക മേഖല | 75 |
| 2. | ഓഫീസ് മാനേജ്മെന്റ് | 70 |
| 3. | സാങ്കേതികവിദ്യയുടെ ഫലപ്രദമായ മാനേജ്മെന്റ് | 60 |
| 4. | കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ | 60 |
| 5. | വിലയിരുത്തൽ | 40 |
| 6. | കൗൺസിലിംഗ് | 40 |
| 7. | സാമൂഹ്യഘടകങ്ങളെ പ്രയോജനപ്പെടുത്തൽ | 30 |
| 8. | ദുരന്ത നിവാരണം | 30 |
| 9. | വിവരാവകാശം | 20 |
| 10. | ഉൾച്ചേർന്ന വിദ്യാഭ്യാസം | 20 |

### 3.2.3 ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രതികരണങ്ങളും വിശകലനവും

3.2.3.1 ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം ഹയർ സെക്കന്ററി പ്രിൻസിപ്പാൾ എന്ന നിലയിൽ എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്ന ഒന്നാം ചോദ്യത്തിനുള്ള പ്രതികരണമായി ഏറെ പ്രയോജനകരം എന്ന അഭിപ്രായമാണ് എല്ലാവരും രേഖപ്പെടുത്തിയത്.

**പട്ടിക 3(13)**

| അഭിപ്രായം | ശതമാനം |
|---|---|
| ഏറെ പ്രയോജനപ്രദം | 100 |
| പ്രയോജനപ്രദം | Nil |
| പ്രയോജനപ്രദമല്ല | Nil |

3.2.3.2. ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞ ധാരണകളും ശേഷികളും ഏതെന്ന രണ്ടാമത്തെ ചോദ്യത്തിന്, ജനാധിപത്യപരമായും സമയബന്ധിതമായും സ്കൂൾ പ്രവർത്തനങ്ങൾ നിർവഹിക്കാൻ സാധിക്കുന്നു (64 %), സഹപ്രവർത്തകരേയും കുട്ടികളേയും, രക്ഷിതാക്കളേയും അടുത്തറിയാൻ ശ്രമിക്കുന്നു (51%), ബന്ധങ്ങൾ സുദൃഢമാക്കാൻ ശ്രമിക്കുന്നു (48 %), തന്നിൽ നിക്ഷിപ്തമാക്കപ്പെട്ട കടമകളും ഉത്തരവാദിത്തങ്ങളും യഥാവിധി നിർവഹിക്കാൻ ശ്രമിക്കുന്നു (43 %), കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളെ കൂടുതൽ അടുത്തറിയാൻ ശ്രമിക്കുന്നു (27%), കൗമാര വിദ്യാഭ്യാസപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ ശ്രമിക്കുന്നു (16 %) എന്നിവയായിരുന്നു ലഭിച്ച പ്രതികരണങ്ങൾ.

3.2.3.3 സ്ഥാപന മേധാവി എന്ന നിലയിൽ, ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റിനു ശേഷം, പ്രവർത്തനങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളെ കൃത്യതപ്പെടുത്താനായുള്ള മൂന്നാം ചോദ്യത്തിന് പ്രിൻസിപ്പാൽമാർ നൽകിയ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 3(14)**

| ക്രമ. നമ്പർ | പ്രതികരണങ്ങൾ | ശതമാനം |
|---|---|---|
| 1. | എന്റെ ഇടപെടൽ കൂടുതൽ ജനകീയമാക്കി | 44 |
| 2. | ജനാധിപത്യസംവിധാനങ്ങളെ (പി.ടി.എ, സി.പി.ടി.എ, എസ്.ആർ.ജി) കൂടുതൽ പ്രബലപ്പെടുത്താൻ തീരുമാനമെടുത്തു | 57 |
| 3. | സമയനിഷ്ഠ ശ്രദ്ധിക്കുന്നു | 36 |
| 4. | വിഷയാസ്പദമായി പരിഹാരബോധന പ്രകിയ ക്ലാസ് റൂം പ്രവർത്തനത്തിന്റെ തന്നെ ഭാഗമാക്കി | 51 |
| 5. | ആസൂത്രണം (വിദ്യാലയവും - പാഠവും) മികവുറ്റതാക്കി | 63 |
| 6. | സ്കൂൾ വൃത്തിയും വെടിപ്പുമുള്ളതാവാൻ ശ്രദ്ധിക്കുന്നു | 29 |
| 7. | രക്ഷിതാക്കളെ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു | 17 |
| 8. | ജനപ്രതിനിധികളെ വിദ്യാലയത്തിന്റെ ഭാഗമാക്കാൻ വിദ്യാലയത്തിലേക്ക് ക്ഷണിക്കൽ | 14 |
| 9. | കൗമാരക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രമിക്കുന്നു | 36 |
| 10. | ഞാൻ എന്നെ തന്നെ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുന്നു | 7 |
| 11. | ചിട്ടയോടെയും കൃത്യതയോടെയും പഠന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നു | 39 |

3.2.3.4 സീമാറ്റ്-കേരളയിൽ ലെവൽ-1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ പങ്കെടുത്തതിന് ശേഷം അക്കാദമിക നിലവാരം ഉയർത്താൻ സ്കൂളിൽ നടത്തിയ ഇടപെടലുകളെക്കുറിച്ച് പ്രതികരണങ്ങൾ തേടുന്ന നാലാമത്തെ ചോദ്യത്തിന് രേഖപ്പെടുത്തിയ അഭിപ്രായങ്ങളെ ശതമാനത്തിൽ താഴെ ചേർക്കുന്നു.

പട്ടിക 3(15)

| ക്രമ. നമ്പർ | അഭിപ്രായങ്ങൾ/പ്രതികരണങ്ങൾ | ശതമാനം |
|---|---|---|
| 1. | ഓരോ വിഷയത്തിനും ആ വിഷയം പഠിപ്പിക്കുന്ന അധ്യാപകരുടെ നേതൃത്വത്തിൽ പരിഹാര ബോധന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കുന്നു. | 43 |
| 2. | മികച്ച സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ആസൂത്രണം | 36 |
| 3. | അടിസ്ഥാനശേഷി വികസനത്തിന് (എഴുത്ത്, വായന) അധിക ക്ലാസുകൾ | 34 |
| 4. | കുട്ടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന സെമിനാറുകൾ, സംവാദങ്ങൾ, അസൈൻമെന്റുകൾ | 31 |
| 5. | അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ | 26 |
| 6. | വായനാപരിപോഷണ പ്രവർത്തനങ്ങൾ | 24 |
| 7. | വിദ്യാലയത്തെ റിസോഴ്സ് ആയി ഉയർത്തികൊണ്ട് പരിശീലന കാര്യങ്ങൾ ഏറ്റെടുക്കൽ | 17 |
| 8. | അക്കാദമികമായ അവബോധം രക്ഷിതാക്കളിലേയ്ക്ക് പകരാൻ മോഡൽ ക്ലാസുകൾ പി.ടി.എ.യിൽ | 14 |
| 9. | ലാബ് അധിഷ്ഠിത പഠനം സജീവമാക്കൽ | 11 |
| 10. | അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ പുന:ക്രമീകരിച്ച് നടപ്പിലാക്കൽ | 7 |

3.2.3.5 ഈ വർഷം ഏറ്റെടുക്കുന്ന അക്കാദമിക് മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രിൻസിപ്പൽമാരുടെ പ്രതികരണങ്ങൾ

പട്ടിക 3(16)

| ക്രമ. നമ്പർ | പ്രവർത്തനങ്ങൾ | ശതമാനം |
|---|---|---|
| 1. | വായനാ പരിപോഷണ പ്രവർത്തനങ്ങൾ | 76 |
| 2. | കുട്ടികളുടെ കൈയ്യെഴുത്തുമാസിക – (മൂന്ന് ഭാഷകളിൽ) | 26 |
| 3. | സജീവമായ ലബോറട്ടറി സംവിധാനം | 24 |
| 4. | ചിട്ടപ്പെടുത്തിയതും സക്രിയവുമായ ലൈബ്രറി | 21 |
| 5. | ബയോഡൈവേഴ്സിറ്റി പാർക്ക് | 16 |
| 6. | ആരോഗ്യ–കായിക വിദ്യാഭ്യാസം സജീവമാക്കൽ | 12 |
| 7. | ടാലന്റ് ലാബ് പ്രവർത്തനങ്ങൾ | 9 |

3.2.3.6 സമൂഹ സമ്പർക്കപരിപാടികളിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന് 86% പേരും ഉണ്ട് എന്ന ഉത്തരം നൽകിയപ്പോൾ 14% പേർ ഇല്ല എന്ന ഉത്തരമാണ് നൽകിയത്. മാറ്റങ്ങൾ ശതമാനക്കണക്കിൽ താഴെ ചേർക്കുന്നു. ഏറ്റവും കൂടുതൽപേർ അഭിപ്രായപ്പെട്ടിട്ടുള്ളത് സ്കൂൾ റിസോഴ്സ് ഗ്രൂപ്പിനെ സജീ

വമാക്കിയെന്നതാണ് (36%) ദിനാചരണങ്ങൾ (32%), വാർഷികാഘോഷം (27%), പഠനയാത്ര (24%), സ്കൂൾ മികവുത്സവം (19%) പഠനോപകരണങ്ങളുടെ എക്സിബിഷൻ (14%) എന്നീ പരിപാടികളും ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്.

3.2.3.7 ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം വിദ്യാലയ സാഹചര്യത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചവർ കേവലം 16% പ്രിൻസിപ്പൽമാർ മാത്രമാണ്. പലർക്കും ആവശ്യത്തിന് അനുയോജ്യമായ ഭൂമിയുടെ അഭാവവും വെള്ളത്തിന്റെ ദൗർലഭ്യവും ഉണ്ട്. പൂന്തോട്ടം, ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം, ചെടിച്ചട്ടിയിൽ ഉള്ള ചെടികൾ, ജൈവവേലി, ബുഷ് എന്നിവ ഉദ്യാനത്തിന്റെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്.

**പട്ടിക 3(17)**

| ഇനം | ശതമാനം |
|---|---|
| ജൈവ വൈവിധ്യ ഉദ്യാനം | 16 |
| ടാലന്റ് ലാബ് | 9 |

ടാലന്റ് ലാബ് അതിന്റെ പൂർണ്ണ അർത്ഥത്തിൽ കേവലം 9 % വിദ്യാലയങ്ങളിൽ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ. നടപ്പിൽ വരുത്തിയവർ തന്നെ കൗരകൗശല വസ്തുക്കളുടെ നിർമ്മാണം, ഡാൻസ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം തുടങ്ങി പരിമിതിതമായ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്.

3.2.3.8 ലെവൽ-2 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമിൽ പങ്കെടുക്കുമ്പോൾ കൂടുതൽ ആഴത്തിൽ ചർച്ച ചെയ്യപ്പെടേണ്ട മേഖലകൾ ഏതെല്ലാം എന്ന ഒൻപതാം ചോദ്യത്തിനുള്ള പ്രതികരണമായി പഠനത്തിന്റെ ഭാഗമായ പ്രിൻസിപ്പൽമാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു.

**പട്ടിക 3(18)**

| ക്രമ. നമ്പർ | നിർദ്ദേശങ്ങൾ | ശതമാനം |
|---|---|---|
| 1. | POCSO, Childrights, വിവരാവകാശ നിയമം | 73 |
| 2. | കൗമാര പ്രായത്തിലുള്ള കുട്ടികളെ ഉൾച്ചേർക്കൽ | 65 |
| 3. | മികച്ചതും നൂതനവുമായ വിദ്യാഭ്യാസ മാതൃകകൾ | 57 |
| 4. | അക്കാദമിക നിർവഹണത്തിന്റെ ഫലപ്രാപ്തി | 41 |
| 5. | മോണിറ്ററിംഗ് (ക്ലാസ്, സംവിധാനങ്ങൾ) | 36 |
| 6. | ഓഡിറ്റ്, പെൻഷൻ, ലീവ് | 35 |
| 7. | ഫിനാൻസ് മാനേജ്മെന്റ് | 35 |
| 8. | അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ് | 27 |
| 9. | ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനിംഗ് | 18 |

ഏറ്റവും കൂടുതൽ പേർ ആവശ്യപ്പെട്ടത് നിയമസംബന്ധമായ ധാരണ ലഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് (73%), കൗമാരപ്രായക്കാരെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ യഥാവിധി ഉൾച്ചേർക്കാനാവശ്യമായ അറിവ് നേടേണ്ടതുണ്ടെന്ന് പറഞ്ഞവർ 65% പേരും, മികച്ചതും നൂതനവുമായ വിദ്യാഭ്യാസ മാതൃകകൾ ഉൾക്കൊള്ളേണ്ടത് ആവശ്യമാണെന്ന് പറഞ്ഞത് 57% പേരും, അക്കാദമിക പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് അറിയാൻ ആഗ്രഹമുള്ളവർ 41% വുമാണ്.

3.2.3.9 അടുത്തഘട്ടം ലീഡർഷിപ്പ് എൻഹാൻസ്മെന്റിന്റെ ഭാഗമാകേണ്ട മേഖലകളായി സൂചിപ്പിക്കപ്പെട്ടത് ദുരന്തനിവാരണം (53%), കൗൺസിലിംഗ് (49%), മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ (36%), ഓഫീസ് മാനേജ്മെന്റ് (28%), ഇൻക്ലൂസീവ് എഡ്യൂക്കേഷൻ (19%) എന്നിവയാണ്.

### 3.2.4 വിദ്യാഭ്യാസ ഓഫീസർമാർമാരുടെ പ്രതികരണവും വിശകലനവും

നാല് ജില്ലകളിൽ നിന്ന് എട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും നാല് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചത്.

3.2.4.1 ലെവൽ-1 ശാക്തീകരണ പരിപാടി എത്രത്തോളം പ്രയോജനപ്രദമായിരുന്നുവെന്ന ചോദ്യത്തിന് 75% ഓഫീസർമാർ ഏറെ പ്രയോജനപ്രദമാണെന്നും 25% ഓഫീസർമാർ പ്രയോജനപ്രദം എന്നും അഭിപ്രായപ്പെട്ടു. പ്രയോജനപ്രദമല്ലെന്ന് ആരും തന്നെ അഭിപ്രായപ്പെട്ടില്ല. എന്നാൽ ഫിനാൻഷ്യൽ മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, നൂതന വിദ്യാലയ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകൾക്ക് വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല എന്ന് 50% ഓഫീസർമാർ സൂചിപ്പിച്ചു.

3.2.4.2 ശാക്തീകരണ പരിപാടിയിൽനിന്ന് ലഭിച്ച ധാരണകളിൽ ഏറ്റവുംകൂടുതൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞവ ഏതൊക്കെ എന്നതിന് വ്യത്യസ്ത പ്രതീകരണങ്ങളാണ് ലഭിച്ചത്. ഫിനാഷ്യൽ മാനേജ്മെന്റ്, സ്കൂൾ മോണിറ്ററിംഗ്, സമയപരിപാലനം, ടീം ബിൽഡിംഗ്, സമ്മർദ്ദങ്ങളെ അതിജീവിക്കൽ, അക്കാദമിക മാസ്റ്റർപ്ലാൻ നിർവഹണവും മോണിറ്ററിംഗും, പ്രശ്നപരിഹരണം, ഉത്തരവാദിത്തങ്ങൾ പങ്കുവെക്കൽ, എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിലുള്ള ഗുണാത്മക ഇടപെടൽ തുടങ്ങിയ മേഖലകളിൽ ശാക്തീകരണത്തിൽ നിന്ന് ലഭിച്ച ധാരണകളും ശേഷിയും ഏറെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞെന്ന് വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടു.

**പട്ടിക 3(19)**

| നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1 | ഫിനാഷ്യൽമാനേജ്മെന്റും ഓഫീസ് നിർവഹണവും | 83 |
| 2 | സ്കൂൾ മോണിറ്ററിംഗ് | 91 |
| 3 | സമയപരിപാലനം, | 58 |
| 4 | ടീം ബിൽഡിംഗ്, | 58 |
| 5 | സമ്മർദ്ദങ്ങളെ അതിജീവിക്കൽ, | 66 |
| 6 | അക്കാദമിക മാസ്റ്റർപ്ലാൻ, നിർവഹണവും മോണിറ്ററിംഗും | 100 |
| 7 | പ്രശ്നപരിഹരണം | 50 |
| 8 | ഉത്തരവാദിത്തങ്ങൾ പങ്കുവെക്കൽ | 75 |
| 9 | എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിലുള്ള ഗുണാത്മക ഇടപെടൽ | 100 |
| 10 | ഹെഡ്മാസ്റ്റർമാരുടെ കൂട്ടായ്മ വർദ്ധിപ്പിക്കൽ | 83 |
| 11 | സാമൂഹ്യഇടപെടൽ വർദ്ധിപ്പിക്കൽ | 50 |

3.2.4.3 ശാക്തീകരണ പരിപാടിയിലൂടെ താങ്കളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉള്ളത് എന്ന ചോദ്യത്തിന് വിദ്യാഭ്യാസ ഓഫീസർമാർ പ്രതികരിച്ചത് ഇങ്ങനെയാണ്, അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവഹണവും മോണിറ്ററിംഗും ഫലപ്രദമായി ഏറ്റെടുക്കുവാൻ കഴിഞ്ഞുവെന്ന് 100% ഓഫീസർമാർ അഭിപ്രായപ്പെട്ടു. സ്കൂൾ മോണിറ്ററിംഗ് ശക്തിപ്പെടുത്തിയെന്ന് 91% ഓഫീസർമാർ പ്രതികരിച്ചു. ഹെഡ്മാസ്റ്റർമാരോട് സൗഹൃദപരമായി ഇടപെടുവാനും അവരുടെ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും മെച്ചപ്പെട്ട ആശയവിനിമയം നടത്തുവാനും 23 % ഓഫീസർമാർക്ക് കഴിഞ്ഞുവെന്നും അഭിപ്രായപ്പെട്ടു. സമയബന്ധിതമായി ഫയലുകൾ തീർപ്പ് കൽപ്പിക്കുവാനും ഓഫീസ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും കഴിഞ്ഞുവെന്നും 58% ഓഫീസർമാർ അഭിപ്രായപ്പെട്ടു. എല്ലാ പ്രവർത്തനങ്ങളിലും എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തുവാനും വിദ്യാലയപ്രവർത്തനങ്ങളിൽ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുവാനും കഴിഞ്ഞുവെന്ന് 50% ഓഫീസർമാർ അഭിപ്രായപ്പെട്ടു. മെച്ചപ്പെട്ടതും നൂതനവുമായ വിദ്യാലയപ്രവർത്തനങ്ങൾ കണ്ടെത്തുവാനും വ്യാപിപ്പിക്കുവാനുമുള്ള തന്ത്രങ്ങൾ ആരംഭിച്ചുവെന്ന് 75% ഓഫീസർമാർ സൂചിപ്പിച്ചു.

3.2.4.4 ശാക്തീകരണത്തിനുശേഷം അക്കാദമിക നിലവാരം ഉയർത്തുവാൻ എന്തൊക്കെ ഇടപെടലുകൾ നടത്തി എന്ന ചോദ്യത്തിനുള്ള പ്രതികരണം ഇങ്ങനെയാണ്, പ്രഥമാധ്യാപക ശാക്തീകരണം എല്ലാ മാസവും നടത്തുന്നുവെന്ന് 100% ഓഫീസർമാരും അഭിപ്രായപ്പെട്ടു. അക്കാദമിക മാസ്റ്റർപ്ലാൻ തങ്ങളുടെ പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കുവാൻ കഴിഞ്ഞുവെന്നും പഠനപിന്നോക്കക്കാരായ കുട്ടികൾക്കുള്ള പ്രത്യേക പഠനപോഷണ പരിപാടി തങ്ങളുടെ പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിവരുന്നുവെന്നും 100% ഓഫീസർമാരും അവകാശപ്പെട്ടു. ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്ന് 75% ഓഫീസർമാർ പറഞ്ഞപ്പോൾ സ്കൂൾലബോറട്ടറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്ന് 66% ഓഫീസർമാർ അഭിപ്രായപ്പെട്ടു. സ്കൂൾതല മോണിറ്ററിംഗ് കാര്യക്ഷമമാക്കുവാൻ കഴിഞ്ഞുവെന്നു 83% ഓഫീസർമാർ സൂചിപ്പിച്ചു. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധ നല്കിവരുന്നതായി 41 % വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടു.

**പട്ടിക 3(20)**

| നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1 | പ്രഥമാധ്യാപക ശാക്തീകരണം | 100% |
| 2 | അക്കാദമിക മാസ്റ്റർപ്ലാൻ നിർവഹണവും മോണിറ്ററിംഗും | 100% |
| 3 | പഠനപിന്നോക്കക്കാർക്കുള്ള പ്രത്യേക പഠന പോഷണപരിപാടി | 100% |
| 4 | സ്കൂൾമോണിറ്ററിംഗ് കാര്യക്ഷമമാക്കൽ | 83% |
| 5 | ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ | 75% |
| 6 | സ്കൂൾ ലാബോട്ടറി പ്രവർത്തനങ്ങൾ | 66% |
| 7 | ഉൾച്ചേർന്ന വിദ്യാഭ്യാസം | 41% |

3.2.4.5 ചോദ്യാവലിയുടെ അഞ്ചാമത്തെ ചോദ്യം ഹെഡ്മാസ്റ്റർമാർ മാത്രം പൂരിപ്പിച്ചാൽ മതിയെന്നതിനാൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് ബാധകമല്ല.

3.2.4.6 ശാക്തീകരണത്തിനു ശേഷം സമൂഹസമ്പർക്ക പരിപാടികളിൽ ഫലപ്രദമായ മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് സർവേയിൽ പങ്കെടുത്ത മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാരും അഭിപ്രായപ്പെട്ടു. പി.ടി.എ, എം.പി.ടി.എ,ഒ.എസ്.എ, എസ്.എം.സി, ഏകോപനത്തിലൂടെയും എൽ.എസ്.ജി.ഡി., എം.എൽ.എ മാർ എന്നിവരുടെ സഹകരണത്തോടുകൂടിയുമാണ് ഇത് സാധിച്ചത് എന്ന് 75% ഓഫീസർമാർ സൂചിപ്പിച്ചു.

3.2.4.7 ടാലന്റ്ലാബ്, ജൈവവൈവിധ്യപാർക്ക് എന്നിവയെക്കുറിച്ച് തങ്ങളുടെ പരിധിയിലെ വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകർക്ക് ധാരണ രൂപപ്പെടുത്തുവാൻ പ്രഥമാധ്യാപക ശാക്തീകരണത്തിലൂടെ കഴിഞ്ഞുവെന്ന് 83% വിദ്യാഭ്യാസ ഓഫീസർമാർ അവകാശപ്പെട്ടു. ടാലന്റ് ലാബ്, ജൈവവൈവിധ്യപാർക്ക് എന്നിവ നടപ്പിലാക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കിയതായും അഭിപ്രായപ്പെട്ടു.

3.2.4.8 സമ്പൂർണ്ണ ക്ലാസ്ലൈബ്രറി, ലാബോറട്ടറി ശാക്തീകരണം ഉച്ചഭക്ഷണപരിപാടി മെച്ചപ്പെടുത്തുക തുടങ്ങിയവയായിരുന്നു വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുത്ത പ്രത്യേക മേഖലകൾ. പഠനത്തിൽ പങ്കാളികളായ വിദ്യാഭ്യാസ ഓഫീസർമാരിൽ 50% പേർ സമ്പൂർണ ക്ലാസ്ലൈബ്രറിയും 25% പേർ ലബോറട്ടറി ശാക്തീകരണവും 25% ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുക എന്ന മേഖലയുമാണ് ഏറ്റെടുത്തിരുന്നത്. എല്ലാ സ്കൂളുകളിലും ഇവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതായി എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവകാശപ്പെട്ടു.

3.2.4.9 ലെവൽ-1 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയവയും ഇനിയും കൂടുതൽ ധാരണ വേണമെന്ന് തോന്നുന്നതുമായ മേഖലകൾ മുൻഗണനാ ക്രമത്തിൽ സൂചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ വിദ്യാഭ്യാസ ഓഫീസർമാർ ഇങ്ങനെയാണ് പ്രതികരിച്ചത്.

**പട്ടിക 3(21)**

| ക്രമ.നമ്പർ | മേഖല | ശതമാനം |
|---|---|---|
| 1 | ഫിനാൻസ് മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ | 100 % |
| 2 | ഇന്നവേറ്റീവ് ബെസ്റ്റ് പ്രാക്ടീസ് | 100 % |
| 3 | ലീഗൽ അവയർനെസ് POCSO, JJ Acts, Childright | 100 % |
| 4 | ബിഹേവിയർ മാനേജ്മെന്റ് | 75 % |
| 5 | സ്ട്രെസ് മാനേജ്മെന്റ് | 75 % |
| 6 | ടൈം മാനേജ്മെന്റ് | 66 % |
| 7 | റിലേഷൻഷിപ്പ് മാനേജ്മെന്റ് | 66 % |
| 8 | അഡോളസന്റ് മാനേജ്മെന്റ് | 66% |
| 9 | ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് | 58 % |
| 10 | അക്കാദമിക് മാസ്റ്റർ പ്ലാൻ & മോണിറ്ററിംഗ് | 33 % |
| 11 | ലീഡർഷിപ്പ് സ്കിൽ & ടീം ബിൽഡിംഗ് | 41 % |

3.2.4.10 ലെവൽ-2 ശാക്തീകരണത്തിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന മേഖലകൾ ഏതൊക്കെ എന്ന ചോദ്യത്തിന് വിദ്യാഭ്യാസ ഓഫീസർമാർ ഇങ്ങനെയാണ് പ്രതികരിച്ചത്.

**പട്ടിക 3(22)**

| നമ്പർ | മേഖല | ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടവർ % ത്തിൽ |
|---|---|---|
| 1 | ഓഫീസ് മാനേജ്മെന്റ് | 100 % |
| 2 | ദുരന്തനിവാരണം | 100 % |
| 3 | സാങ്കേതികവിദ്യാഭ്യാസത്തിന്റെ ഫലപ്രദമായ വിനിയോഗം | 100 % |
| 4 | അക്കാദമിക മാനേജ്മെന്റ് | 100 % |
| 5 | വിവരാവകാശ നിയമം | 66 % |
| 6 | ഉൾച്ചേർന്ന വിദ്യാഭ്യാസം | 66 % |
| 7 | പഠന വിലയിരുത്തൽ | 58 % |
| 8 | കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ | 50 % |
| 9 | കൗൺസലിംഗ് | 50 % |
| 10 | സാമൂഹ്യഘടകങ്ങളെ പ്രയോജനപ്പെടുത്തൽ | 50 % |
| 11 | വിദ്യാഭ്യാസ അവകാശനിയമം | 50 % |
| 12 | കെ.ഇ.ആർ, കെ.എസ്.ആർ. | 83 % |

**3.3 നിരീക്ഷണപത്രികയുടെ വിശകലനം**

ചോദ്യാവലി കൂടാതെ വിവരശേഖരണത്തിനുപയോഗിച്ച മറ്റൊരു ഉപാധിയായിരുന്നു നിരീക്ഷണപത്രിക. കാര്യങ്ങൾ കഴിയുന്നത്ര നേരിട്ട് മനസ്സിലാക്കി വിവരശേഖരണത്തിന്റെ കൃത്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിനു വേണ്ടിയായിരുന്നു നിരീക്ഷണപത്രിക ഉപയോഗിച്ചത്. ഇതിൽ വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുത്ത നൂതനപ്രവർത്തനം, മോണിറ്ററിംഗ്, ഓഫീസ് പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ ഉദ്യാനം/ടാലന്റ് ലാബ് എന്നിങ്ങനെ 15 ഇനങ്ങളാണ് ഉണ്ടായിരുന്നത്. പഠനത്തിന് തെരഞ്ഞെടുത്ത 4 ജില്ലകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാരെയും സ്കൂൾ ഹെഡ് മാസ്റ്റർമാർ/പ്രിൻസിപ്പൽമാർ എന്നിവരെ ഇൻവെസ്റ്റിഗേറ്റർമാർ നേരിട്ടുകണ്ട് ആശയവിനിമയം നടത്തിയും പ്രതിഫലനങ്ങൾ നേരിട്ട് നിരീക്ഷിച്ചുമാണ് വിവരശേഖരണം നടത്തിയത്.

**3.3.1 പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ**

വിവരശേഖരണത്തിനായി ഒരു ജില്ലയിൽ നിന്നും 4 പ്രൈമറി സ്കൂൾ, 3 ഹൈസ്കൂൾ, 2 ഹയർസെക്കന്ററി സ്കൂൾ എന്ന ക്രമത്തിൽ ഗവ:സ്കൂളുകളും എയ്ഡഡ് സ്കൂളുകളും പരിഗണിച്ച 36

സ്കൂളുകളാണ് തിരഞ്ഞെടുത്തത്. ഒരു ടീമിലെ 2 ഇൻവെസ്റ്റിഗേറ്റർമാർ ഒരു സ്കൂളിൽ ഒരു ദിവസം മുഴുവൻ ചെലവഴിച്ച് കാര്യങ്ങൾ നേരിട്ട് നിരീക്ഷിച്ചും പ്രഥമാധ്യാപകർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയുമാണ് വിവരശേഖരണം നടത്തിയത്. അതിലെ പ്രസക്തമായ കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

3.3.1.1 പരിശീലനത്തിന് ശേഷം മോണിറ്ററിംഗ് നടത്താൻ കഴിയുന്നുണ്ടെന്നും എന്നാൽ അതിന്റെ തുടർ പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യാൻ കഴിയുന്നില്ലെന്ന് 75% പ്രൈമറി സ്കൂൾ പ്രഥമാധ്യാപരും അഭിപ്രായപ്പെട്ടു. ഹൈസ്കൂൾ തലത്തിൽ മോണിറ്ററിംഗ് ചെറിയ രീതിയിലെങ്കിലും നടത്താൻ കഴിയുന്നു എന്ന് പ്രതികരിച്ചവർ 50% മാത്രമായിരുന്നു. മോണിറ്ററിംഗ് ശരീയായ രീതിയിൽ നടക്കുന്നില്ല എന്നതായിരുന്നു ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രതികരണം. അടുത്ത തലത്തിലുള്ള പരിശീലനത്തിൽ മോണിറ്ററിംഗ് സംബന്ധിച്ച പ്രായോഗിക പരിശീലനം ഉൾപ്പെടുത്തണമെന്ന് എല്ലാ വിഭാഗം സ്കൂൾ മേധാവികളും അഭിപ്രായപ്പെട്ടു.

3.3.1.2 ലാബ്, ലൈബ്രറി, കുടിവെള്ളം, ശുചിത്വം തുടങ്ങി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത് അക്കാദമിക മികവിനായി എങ്ങനെ പ്രയോജനപ്പെടുത്താമെന്നും പ്രഥമാധ്യാപകർ മനസിലാക്കുകയും അതിന്റെ പ്രതിഫലനങ്ങൾ ക്ലാസ് മുറികളിൽ കാണാൻ കഴിയുകയും ചെയ്തു. ഇവ ഓരോന്നിലും പ്രഥമാധ്യാപകന്റെ നേരിട്ടുള്ള ശ്രദ്ധപതിയുന്നതായി മനസ്സിലാക്കാൻ സാധിച്ചു. സാമൂഹിക പങ്കാളിത്തവും ഇതിനായി ഉപയോഗപ്പെടുത്തിയതായി ബോധ്യപ്പെട്ടു.

3.3.1.3 ലെവൽ-1 ശാക്തീകരണത്തിന്റെ ഏറ്റവും ശക്തമായ പ്രതിഫലനം കാണാൻ കഴിഞ്ഞത് ടാലന്റ് ലാബ്, ജൈവവൈവിധ്യ ഉദ്യാനം എന്നിവയുടെ സംഘാടനത്തിലാണ്. ഇവ രണ്ടിനെയും കുറിച്ചുള്ള ധാരണകളിൽ കാതലായ മാറ്റംവരുത്താൻ കഴിഞ്ഞതായി 90% പ്രഥമാധ്യാപകരും പ്രതികരിച്ചു. ഓരോ തലത്തിലെയും കുട്ടികളുടെ നിലവാരത്തെയും ആവശ്യത്തെയും പരിഗണിച്ചുകൊണ്ട് ഇവ രണ്ടും സജ്ജമാക്കാമെന്ന് അവർ അഭിപ്രായപ്പെടുകയും അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയതായി ബോധ്യപ്പെടുകയും ചെയ്തു.

3.3.1.4 പ്രൈമറിസ്കൂൾ തലങ്ങളിൽ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, നടപ്പിലാക്കലിന്റെ കാര്യത്തിൽ മുൻവർഷത്തിന്റെയത്രയും നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല എന്നാണ് മനസ്സിലാക്കിയത്. അക്കാദമിക് മാസ്റ്റർപ്ലാനിന്റെ അവസ്ഥ ഹയർസെക്കന്ററി തലത്തിൽ ഒട്ടും പ്രതീക്ഷ നൽകുന്ന തരത്തിലായിരുന്നില്ല. പരിശീലനത്തിലൂടെ ലഭിച്ച തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷം മെച്ചമായ ആസൂത്രണം നടത്തുമെന്ന് പ്രഥമാധ്യാപകർ അഭിപ്രായപ്പെട്ടു.

3.3.1.5 സൗഹൃദപരമായ ഓഫീസ് അന്തരീക്ഷം ഒരുക്കുന്നതിലും ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ കൃത്യതപ്പെടുത്തുന്നതിനും ഒരു ടീം ലീഡർ എന്ന നിലയിൽ പ്രവർത്തിക്കാനും പരിശീലനം സഹായിച്ചുവെന്ന് 75% പ്രഥമാധ്യാപർ അഭിപ്രായപ്പെട്ടു. അത് ശരിയാണെന്ന് ഓഫീസ് പ്രവർത്തനങ്ങൾ നേരിട്ട് നിരീക്ഷിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു. അടുത്ത തലത്തിൽ ഓഫീസ്

അന്തരീക്ഷം കൂടുതൽ സൗഹൃദപരമാക്കുന്നതിന് സഹായകമായ പരിശീലനം ഉൾപ്പെടുത്തണമെന്ന് പ്രഥമാധ്യാപകർ ആവശ്യപ്പെട്ടു.

3.3.1.6 പ്രൈമറി സ്കൂളിൽ എസ്.ആർ.ജി മീറ്റിംഗുകൾ നടക്കുന്നെങ്കിലും അത്ര ഫലപ്രദമല്ല എന്നാണ് ബോധ്യപ്പെട്ടത്. എസ്.ആർ.ജി മിനിട്സ് വെറും യാന്ത്രികമായ രീതിയിലാണ് 75% വിദ്യാലയങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഹൈസ്കൂൾ തലത്തിൽ സബ്ജക്റ്റ് കൗൺസിൽ കൂടാറുണ്ടെങ്കിലും അത്രയും ഫലപ്രദമല്ല. ഹയർസെക്കന്ററി തലത്തിൽ ഇത്തരം കൂടിച്ചേരലുകൾ തീരെ ഇല്ല എന്ന് ബോധ്യപ്പെട്ടു.

3.3.1.7 പ്രൈമറി തലത്തിൽ 75% വിദ്യാലയങ്ങളും ഹൈസ്കൂൾ തലത്തിൽ 50% വിദ്യാലയങ്ങളും ടീച്ചിംഗ് മാന്വൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ കൃത്യവും ഫലപ്രദവുമല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

3.3.1.8 ഒന്നാംഘട്ട പരിശീലനാനന്തരം സ്കൂൾപ്രവർത്തനങ്ങളിൽ പൊതുവേയും പ്രഥമാധ്യാപകന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും ഒരു സമയനിഷ്ഠ പാലിക്കാൻ കഴിയുന്നതായി നേരിട്ടുള്ള നിരീക്ഷണത്തിൽ നിന്നും സഹഅധ്യാപകരുടെയും കുട്ടികളുടെയും സാക്ഷ്യപ്പെടുത്തലിൽ നിന്നും ബോധ്യപ്പെട്ടു.

### 3.3.2 വിദ്യാഭ്യാസ ഓഫീസർമാർ

നിരീക്ഷണ പത്രികയിൽ 15 ഓളം നിരീക്ഷണ സൂചകങ്ങൾ നല്കിയിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഫീസ്പ്രവർത്തനങ്ങൾ, സൗഹൃദപരമായ ഓഫീസ് സംവിധാനം, സമയബന്ധിത പ്രവർത്തനങ്ങൾ, നേതൃഗുണം, വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുത്ത മേഖലയിലുള്ള പ്രവർത്തനപുരോഗതി എന്നീ അഞ്ചു സൂചകങ്ങളാണ് നിരീക്ഷണ വിധേയമാക്കിയത്. ഓഫീസ് പ്രവർത്തനങ്ങൾ നിരീക്ഷിച്ചും വിദ്യാഭ്യാസഓഫീസർമാർ, ഹെഡ്മാസ്റ്റർമാർ, ഓഫീസ് സൂപ്രണ്ട് എന്നിവരുമായി സംസാരിച്ചുമാണ് നിരീക്ഷണപത്രികയുമായി ബന്ധപ്പെട്ട വിവരങ്ങൾ കണ്ടെത്തിയത്.

3.3.2.1 വിദ്യാഭ്യാസ ഓഫീസർമാർ കാര്യക്ഷമമായും സമയബന്ധിതമായും ഓഫീസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സമയബന്ധിതമായി ഫയലുകൾ തീർപ്പുകല്പിക്കുവാൻ ഇവർ പരമാവധി ശ്രമിക്കുന്നുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

3.3.2.2 25% വിദ്യാഭ്യാസ ഓഫീസർമാർ കൃത്യമായ ടൈംഷെഡ്യൂൾ തയ്യാറാക്കുകയും അത് പരമാവധി പാലിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മറ്റുള്ളവർ ടൈം ഷെഡ്യൂൾ തയ്യാറാക്കുന്നുണ്ടുവെങ്കിലും പ്രവർത്തനബാഹുല്യം കൊണ്ടും അപ്രതീക്ഷിതമായി ഉയർന്നതലങ്ങളിൽ നിന്നുവരുന്ന ഉത്തരവുകൾ പാലിക്കേണ്ടി വരുന്നതുകൊണ്ടും ടൈം ഷെഡ്യൂൾ കൃത്യമായി പാലിക്കുവാൻ കഴിയുന്നില്ല.

3.3.2.3 25% ഓഫീസുകൾ തീർത്തും സൗഹൃദപരമായി ക്രമീകരിച്ചിട്ടുണ്ട്. ഓഫീസ് ജീവനക്കാർ, പ്രഥമാധ്യാപകർ തുടങ്ങിയവരുടെ പൂർണ്ണസഹകരണം ഇക്കാര്യത്തിൽ തങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ സൂചിപ്പിച്ചു. മറ്റ് വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ ഓഫീസുകൾ സൗഹൃദപരമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3.3.2.4 50% വിദ്യാഭ്യാസ ഓഫീസർമാർ നേതൃശേഷി പ്രകടിപ്പിക്കുന്നുണ്ട്. തങ്ങളുടെ പരിധിയിൽപ്പെട്ട വിദ്യാലയങ്ങളിൽ നടക്കേണ്ട അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടെന്ന് യഥാസമയം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി ഡിജിറ്റൽ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ ഓഫീസർമാരുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ആവശ്യമായ പിന്തുണയും നിർദ്ദേശങ്ങളും കൃത്യസമയത്ത് നൽകാൻ ഇവർക്ക് കഴിയുന്നു. ഹെഡ്മാസ്റ്റർമാരുടെ പൂർണമായ സഹകരണം ഇവർക്ക് ലഭിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർമാരുടെ പ്രതികരണത്തിൽ നിന്ന് വിദ്യാഭ്യാസ ഓഫീസർമാർമാരുടെ പ്രവർത്തനങ്ങൾ വളരെ ഗുണപ്രദമാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

3.3.2.5 പഠനത്തിൽ പങ്കാളികളായ വിദ്യാഭ്യാസ ഓഫീസർമാരിൽ 50% പേർ സമ്പൂർണ ക്ലാസ് ലൈബ്രറി വികസിപ്പിക്കലും 25% വിദ്യാഭ്യാസ ഓഫീസർമാർ ലബോറട്ടറി ശാക്തീകരണവും 25% വിദ്യാഭ്യാസഓഫീസർമാർ ഉച്ചഭക്ഷണം കാര്യക്ഷമമാക്കൽ മേഖലയുമാണ് ഏറ്റെടുത്തിരുന്നത്. എല്ലാ വിദ്യാഭ്യാസഓഫീസർമാരും ഏറ്റെടുത്ത മേഖലയുമായി ബന്ധപ്പെട്ട കൂടിയാലോചനകൾ ഫെബ്രുവരി മാസത്തിൽ തന്നെ നടത്തിയിരുന്നു. എന്നാൽ 25% വിദ്യാഭ്യാസഓഫീസർമാർ മാത്രമേ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോയിരുന്നുള്ളൂ. സംസ്ഥാനതലത്തിൽ കാര്യക്ഷമമായി തുടർനടപടികൾ ഇല്ലാത്തതിനാൽ 75% ഓഫീസർമാരും ഈ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയതായി കാണുന്നില്ല. കൊയിലാണ്ടി ഏ.ഇ.ഒ യുടെ പ്രവർത്തനം ഇത്തരുണത്തിൽ പ്രത്യേക പരാമർശം അർഹിക്കുന്നു. തന്റെ പരിധിയിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും ശാസ്ത്രലബോറട്ടറി സജ്ജീകരിക്കുക എന്ന ദൗത്യമാണ് ഇവർ ഏറ്റെടുത്തത്. ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പരാമർശിക്കുന്ന എല്ലാ ശാസ്ത്രപരീക്ഷണങ്ങളും ക്ലാസ്സിൽ കുട്ടികൾക്ക് ചെയ്തുനോക്കുവാൻ ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും ഓരോ സ്കൂളിലും ഒരുക്കി ശാസ്ത്രലാബ് തയ്യാറാക്കുകയാണ് എല്ലാ വിദ്യാലയങ്ങളിലും നടത്തിയിരിക്കുന്നത്. ഇതിനായി പ്രഥമാധ്യാപകർക്കും സയൻസ് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്കും പരിശീലനം നൽകി. ഇതിനായി ഡയറ്റ്, ശാസ്ത്രക്ലബ്ബ് സെക്രട്ടറിമാർ എന്നിവരുടെ സഹകരണവും സഹായവും ഉറപ്പുവരുത്തിയിരുന്നു. ശാസ്ത്രലാബുകൾ സജ്ജീകരിക്കുവാൻ ആവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

3.3.2.6 വിദ്യാഭ്യാസ ഓഫീസർമാരുമായുള്ള സംഭാഷണങ്ങളിൽ ഉയർന്നുവന്ന മറ്റു ചില കാര്യങ്ങൾ കൂടി ഇവിടെ പരാമർശിക്കുന്നു. ശാക്തീകരണാവശ്യങ്ങൾ, ഉദ്ദേശ്യങ്ങൾ, ഉള്ളടക്കം എന്നിവ തിട്ടപ്പെടുത്തുന്നതിന് മുമ്പായി വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നുകൂടി അഭിപ്രായങ്ങൾ ആരായണം. ലെവൽ-1 ശാക്തീകരണത്തിൽ പല പ്രധാനപ്പെട്ട സെഷനുകൾക്കും വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല. കുറഞ്ഞ ദിവസങ്ങളും കൂടുതൽ ഉള്ളടക്ക മേഖലകൾ അടങ്ങിയ സെഷനുകളും ആകുന്നത് സമ്മർദ്ദം വർദ്ധിപ്പിക്കുന്നു.

3.3.2.7 പല മാനേജ്മെന്റ് സെഷനുകളിലും ഉദാഹരണങ്ങൾ, കേസുകൾ എന്നിവ പലപ്പോഴും വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ടതോ അവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതോ ആയിരുന്നില്ല. ഫിനാൻഷ്യൽ മാനേജ്മെന്റ് പോലുള്ള സെഷനുകളിൽ ഒന്നിലധികം വിദഗ്ദ്ധരുടെ സേവനം ഉപയോഗിക്കുന്നത് നന്നായിരിക്കും. വിദ്യാലയ മികവുകൾ നേരിട്ട് കാണുവാനുള്ള അവസരം ഒരുക്കണം.

# അദ്ധ്യായം 4

# കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ

**4.1 കണ്ടെത്തൽ**

പഠനത്തിലൂടെ കിട്ടിയ വിവരങ്ങളെ അപഗ്രഥിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ താഴെ സംഗ്രഹിക്കാം.

**4.1.1 പ്രൈമറി ഹെഡ്മാസ്റ്ററുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ**

4.1.1.1 ലെവൽ - 1 ശാക്തീകരണ പരിപാടിയിലെ എല്ലാ സെഷനുകളും പ്രയോജനപ്രദമായിരുന്നു.

4.1.1.2 സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സഹപ്രവർത്തകരുടെ കൂട്ടായ്മയിലൂടെയും സാമൂഹ്യപങ്കാളിത്തം ശക്തമാക്കുന്നതിലൂടെയും ഹെഡ്മാസ്റ്റർമാർക്ക് കഴിയുന്നുണ്ട്.

4.1.1.3 അക്കാദമിക മാസ്റ്റർ പ്ലാൻ പരിശോധിച്ച് മെച്ചപ്പെടുത്തയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട അഞ്ച് പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നുണ്ട്.

4.1.1.4 ഹെഡ്മാസ്റ്ററുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് ക്ലാസ് മോണിറ്ററിംഗ്. കാര്യക്ഷമതയോടെ ക്ലാസ് മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല. സമയക്കുറവാണ് കാരണമായി പറയുന്നത്.

4.1.1.5 ടീച്ചിംഗ് മാന്വൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഭൂരിപക്ഷം സ്കൂളിലും അതിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

4.1.1.6 അക്കാദമിക നിലവാരം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് ഹെഡ്മാസ്റ്റർമാർ പ്രാധാന്യം നൽകുന്നുണ്ട്. എസ്.ആർ.ജി. മിനിട്സ് സൂക്ഷിക്കുന്നതിൽ കൃത്യതയില്ല. എസ്.ആർ.ജി. യിൽ പ്രധാനമായും ദിനാചാരണങ്ങളാണ് ചർച്ച ചെയ്യുന്നത്.

4.1.1.7 പഠനപിന്നോക്കാവസ്ഥ പരിഹരിക്കുവാൻ പ്രത്യേക പഠനപോഷണ പരിപാടി നടക്കുന്നുണ്ട്. ചില സ്കൂളുകളിൽ കൃത്യമായ ടൈംഷെഡ്യൂൾ പാലിച്ച് കൊണ്ട് ഈ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാൽ ഭൂരിപക്ഷം സ്കൂളിലും കൃത്യമായ ടൈംഷെഡ്യൂൾ പാലിക്കപ്പെടുന്നില്ല.

4.1.1.8 ടാലന്റ് ലാബ്, ജൈവവൈവിധ്യ പാർക്ക് എന്നിവയെക്കുറിച്ച് ധാരണ ഹെഡ്മാസ്റ്റർമാർക്കുണ്ട്. എന്നാൽ ഇവ നടപ്പാക്കുന്നതിൽ ഹെഡ്മാസ്റ്റർമാർ വ്യത്യസ്തതലത്തിലാണ്. മികച്ചരീതിയിൽ ഇവ നടപ്പാക്കിയ വിദ്യാലയങ്ങൾ വിരളമാണ്.

4.1.1.9 ഓഫീസ് പ്രവർത്തനങ്ങൾ അടുക്കും ചിട്ടയോടും കൂടി നടക്കുന്ന സ്കൂളുകൾ കുറവാണ്. രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഹെഡ്മാസ്റ്റർമാരുടെ ശതമാനം 25 ൽ താഴെയാണ്.

4.1.1.10 ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ലെവൽ-1 ൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന സെഷനുകളായ ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, ഹെഡ്മാസ്റ്റർമാരുടെ ഉത്തരവാദിത്വങ്ങളും കടമകളും, സമയപരിപാലനം കുട്ടികളുടെ അവകാശ സംരക്ഷണനിയമങ്ങൾ, സ്ട്രെസ് മാനേജ്മെന്റ് തുടങ്ങിയവയിൽ ആഴത്തിലുള്ള

ധാരണയും കഴിവും വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് ഭൂരിപക്ഷം ഹെഡ്മാസ്റ്റർമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

4.1.1.11 ലെവൽ-2 ശാക്തീകരണ പരിപാടിയിൽ അക്കാദമിക മാനേജ്മെന്റ്, സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം, ഓഫീസ് മാനേജ്മെന്റ്, വിവരാവകാശനിയമം, ദുരന്തനിവാരണം, പാരന്റിംഗ്, കെ.എസ്.ആർ., കെ.ഇ.ആർ. തുടങ്ങിയ പുതിയ മേഖലകൾ ഉൾപ്പെടുത്തണമെന്നും ഭൂരിപക്ഷം ഹെഡ്മാസ്റ്റർമാർമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

### 4.1.2 ഹൈസ്കൂൾ പ്രഥമാധ്യാപകരുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ

4.1.2.1 ലെവൽ-1 ശാക്തീകരണ പരിപാടി പൊതുവെ ഫലപ്രദമായിരുന്നു. അവയിൽ ഹൈസ്കൂൾ പ്രഥമാധ്യാപകരെ ഏറ്റവും കൂടുതൽ സ്വാധീനിച്ച സെഷനുകൾ ഇവയാണ്. ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, കൗമാര പ്രായക്കാരുടെ പ്രകൃതവും പ്രശ്നങ്ങളും, ബിഹേവിയറൽ മാനേജ്മെന്റ്, നൂതനവിദ്യാലയ മാതൃകകൾ, ഉത്തരവാദിത്വങ്ങളും കടമകളും തിരിച്ചറിയൽ, അക്കാദമിക മാസ്റ്റർ പ്ലാൻ ആന്റ് ഇംപ്ലിമെന്റേഷൻ

4.1.2.2 ക്ലാസ് മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. ചെറിയ ശതമാനം ഹെഡ്മാസ്റ്റർമാർ മാത്രമേ കാര്യക്ഷമമായി ക്ലാസ് മോണിറ്ററിംഗ് നടത്തുന്നുള്ളൂ.

4.1.2.3 എല്ലാ ഹൈസ്കൂളുകളും പ്രതിമാസ കലണ്ടർ തയ്യാറാക്കി പ്രവർത്തിക്കുന്നവയാണ്. എന്നാൽ ഓരോ ദിവസവും കൃത്യമായ ടൈംഷെഡ്യൂൾ തയ്യാറാക്കി പ്രവർത്തിക്കുന്ന ഹെഡ്മാസ്റ്റർമാരില്ല.

4.1.2.4 സഹപ്രവർത്തകരുടെ കൂട്ടായ്മയോടും സാമൂഹ്യപങ്കാളിത്തത്തോടും കൂടി വിദ്യാലയപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രമിക്കുന്നുണ്ട്.

4.1.2.5 അക്കാദമിക നിലവാരം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് ഹെഡ്മാസ്റ്റർമാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. പഠന പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പഠന പോഷണപരിപാടി, വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പ്രത്യേക ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്.

4.1.2.6 സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ പൊതുവെ ഹൈസ്കൂളുകളിൽ വ്യത്യസ്ത തലങ്ങളിൽ നടക്കുന്നുണ്ട്.

4.1.2.7 ക്ലാസ് പി.ടി.എ. യോഗങ്ങൾ എല്ലാ മാസവും ചേരുന്ന സ്കൂളുകളുടെ ശതമാനം 25 ൽ താഴെയാണ്.

4.1.2.8 സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സാമൂഹ്യപങ്കാളിത്തത്തോടെ കൂട്ടായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

4.1.2.9 കൗമാരക്കാരുടെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്ന സ്കൂളുകൾ ചെറിയ ശതമാനം മാത്രമേയുള്ളൂ. എന്നാൽ അവർക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ ഭൂരിപക്ഷം സ്കൂളുകളിലും നടക്കുന്നുണ്ട്.

4.1.2.10 ടാലന്റ് ലാബ്, ജൈവവൈവിധ്യ പാർക്ക് എന്നിവ നടപ്പാക്കുന്നതിൽ ഹൈസ്ക്കൂളുകളിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. ടാലന്റ് ലാബിന്റെ ഭാഗമായി ഒറ്റപ്പെട്ട പ്രവർത്തനങ്ങളും

ജൈവവൈവിധ്യ പാർക്കിന്റെ ഭാഗമായി പച്ചക്കറി കൃഷിയും ചില സ്കൂളുകളിൽ നടക്കുന്നുണ്ട്.

4.1.2.11 ഓഫീസ് പ്രവർത്തനങ്ങൾ ചിട്ടയായി എല്ലാ ഹൈസ്കൂളുകളിലും നടക്കുന്നുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർമാർക്ക് വിവരസാങ്കേതികവിദ്യയിൽ പ്രാവീണ്യമില്ലാത്തതിനാൽ പലപ്പോഴും അത്യാവശ്യ കാര്യങ്ങളിൽ പോലും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നു.

4.1.2.12 ഓഫീസ് രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ ഭൂരിപക്ഷം ഹെഡ്മാസ്റ്റർമാരും വീഴ്ച വരുത്തുന്നുണ്ട്.

4.1.2.13 എസ്.ആർ.ജി., സബ്ജക്ട് കൗൺസിൽ എന്നിവ കൃത്യമായി യോഗം ചേരുന്നില്ല. ഇവയുടെ മിനിട്സും അപൂർണ്ണമാണ്.

4.1.2.14 ലൈബ്രറി, ലബോറട്ടറി എന്നിവ എല്ലാ സ്കൂളുകളിലുമുണ്ട്. ചെറിയ ശതമാനം സ്കൂളുകളിൽ മാത്രമേ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുള്ളൂ. ക്ലാസ് ലൈബ്രറി സംവിധാനം ചില ഹൈസ്കൂളുകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

4.1.2.15 എല്ലാ ഹൈസ്കൂളുകളിലും മികച്ച ഉച്ചഭക്ഷണവും കുടിവെള്ള സൗകര്യവുമുണ്ട്. ശുചിത്വത്തിന്റെ കാര്യത്തിൽ മികച്ച ഹൈസ്കൂളുകൾ ഉണ്ടെങ്കിലും ഭൂരിപക്ഷം സ്കൂളുകളിലും ശുചിത്വം പാലിക്കുന്നതിൽ ശ്രദ്ധക്കുറവാണ്.

4.1.2.16 ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, കൗമാരക്കാരുടെ സ്വഭാവ സവിശേഷതകളും പെരുമാറ്റ പ്രശ്നങ്ങളും, അക്കാദമിക മാസ്റ്റർപ്ലാൻ, ഹെഡ്മാസ്റ്റർമാരുടെ കടമകളും ഉത്തരവാദിത്വങ്ങളും തുടങ്ങിയ മേഖലകളിൽ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ കൂടുതൽ ആഴത്തിലുള്ള ധാരണയും ശേഷിയും വളർത്തിയെടുക്കുവാനുതകുന്ന സെഷനുകൾ ആവശ്യമാണെന്ന് ഭൂരിപക്ഷം ഹെഡ്മാസ്റ്റർമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

4.1.2.17 ലെവൽ-2 ശാക്തീകരണ പരിപാടിയിൽ പുതുതായി അക്കാദമിക മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, സാങ്കേതികവിദ്യയുടെ വിനിയോഗം, കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ, പഠന വിലയിരുത്തൽ, കൗൺസിലിംഗ്, ഉൾച്ചേർന്ന വിദ്യാഭ്യാസം, വിവരാവകാശനിയമം തുടങ്ങിയ വിഷയ മേഖലകൾ ഉൾപ്പെടുത്തണമെന്ന് ഭൂരിപക്ഷം ഹെഡ്മാസ്റ്റർമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

### 4.1.3 ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ

4.1.3.1 ലെവൽ-1 നേതൃത്വശേഷി പോഷണ പരിപാടി പ്രയോജനപ്രദമായിരുന്നു. എന്നാൽ പ്രധാനപ്പെട്ട സെഷനുകളായ ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, കൗമാരക്കാരായ കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങളും സ്വഭാവ സവിശേഷതകളും, കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ, സമയപരിപാലനം, തുടങ്ങിയവയിൽ കൂടുതൽ ആഴത്തിലുള്ള ധാരണ ലഭിച്ചിട്ടില്ല.

4.1.3.2 സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുവാൻ പ്രിൻസിപ്പൽമാർ ശ്രമിക്കുന്നുണ്ട്.

4.1.3.3 അക്കാദമിക മാസ്റ്റർപ്ലാൻ ഹയർ സെക്കന്ററി സ്കൂളുകളിൽ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല.

4.1.3.4 സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്.

4.1.3.5 പഠനനിലവാരം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്കാണ് എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാരും മുൻഗണന നൽകുന്നത്.

4.1.3.6 ജൈവവൈവിധ്യപാർക്ക്, ടാലന്റ്ലാബ് എന്നിവ കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല.

4.1.3.7 ടീച്ചിംഗ് മാന്വൽ രജിസ്റ്റർ, എസ്.ആർ.ജി. മിനുട്സ് എന്നിവ മിക്ക വിദ്യാലയങ്ങളിലും സൂക്ഷിക്കപ്പെടുന്നില്ല.

4.1.3.8 ആവശ്യമായ ഓഫീസ് സംവിധാനം മിക്ക ഹയർ സെക്കന്ററി വിദ്യാലയങ്ങളിലു മില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നില്ല.

4.1.3.9 മികച്ച ലൈബ്രറി, ലബോറട്ടറി സംവിധാനങ്ങൾ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ഉണ്ട്. അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

4.1.3.10 ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാനുള്ള ഇടപെടൽ എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നുണ്ട്. ഇതിനായ് സാമൂഹ്യ ഇടപെടലുകൾ ശക്തമാക്കുന്നുണ്ട്.

4.1.3.11 കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടക്കുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളാണ് അവയിൽ ഏറെ പ്രാധാന്യത്തോടെ നടക്കുന്നത്.

4.1.3.12 ലെവൽ-2 ശാക്തീകരണ പരിപാടിയിൽ അക്കാദമിക മാനേജ്മെന്റ്, സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം, ഓഫീസ് മാനേജ്മെന്റ്, ദുരന്തനിവാരണം, കൗൺസിലിംഗ്, വിവരാവകാശ നിയമം, കെ.എസ്.ആർ., കെ.ഇ.ആർ. നിയമങ്ങൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. അതോടൊപ്പം ലെവൽ-1 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, കൗമാരക്കാരായ കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങളും സ്വഭാവ സവിശേ ഷതകളും, കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ, സമയപരിപാലനം തുടങ്ങിയ മേഖലയിൽ ആഴത്തിലുള്ള ധാരണ ലഭിക്കത്തക്ക വിധമുള്ള സെഷനുകൾ കൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായമുണ്ട്.

### 4.1.4 വിദ്യാഭ്യാസ ഓഫീസർമാരുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ

4.1.4.1 ലെവൽ-1 ശാക്തീകരണ പരിപാടിയിലെ എല്ലാ സെഷനുകളും ഏറെ ഫലപ്രദമായിരിന്നു. എന്നാൽ പല സെഷനുകൾക്കും ആവശ്യമായ സമയം ലഭിച്ചിരുന്നില്ല. ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, ബിഹേവിയർ മാനേജ്മെന്റ് അക്കാദമിക മാനേജ്മെന്റ് എന്നീ മേഖലകളിൽ മികച്ച ധാരണയും കഴിവും വളർത്തുവാൻ കഴിഞ്ഞിട്ടില്ല.

4.1.4.2 പല സെഷനുകളും ഫലപ്രദമായിരുന്നെങ്കിലും വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, പ്രവർത്തന മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ അഡ്രസ് ചെയ്യുന്ന രീതിയിൽ സെഷനുകൾ ക്രമീകരിച്ചിരുന്നില്ല. സെഷനുകളിലെ വിഷയ മേഖലകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച ഉദാഹരണങ്ങൾ ചിലപ്പോഴൊക്കെ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രവർത്തന മേഖലയ്ക്ക് പുറത്തുള്ളവയായിരുന്നു.

4.1.4.3 ശാക്തീകരണ പരിപാടിയിൽ ചർച്ച ചെയ്ത വിഷയങ്ങളിൽ പലകാര്യങ്ങളും നടപ്പിൽ വരുത്തുവാൻ വിദ്യാഭ്യാസ ഓഫീസർമാർ ശ്രമിക്കുന്നുണ്ട്. അക്കാദമിക മാനേജ്മെന്റ്, ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കൽ, ഫിനാൻസ് മാനേജ്മെന്റ് എന്നീ മേഖലകളിൽ കാര്യക്ഷമമായി ഇടപെടുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് കഴിയുന്നുണ്ട്.

4.1.4.4 അക്കാദമിക നിലവാരം ഉയർത്തൽ, പഠനപിന്നോക്കാവസ്ഥ പരിഹരിക്കുവാനുള്ള പ്രത്യേക പദ്ധതി, സ്കൂൾ മോണിറ്ററിംഗ്, അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണം, പ്രഥമാധ്യാപക ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ പ്രാധാന്യത്തോടെ വിദ്യാഭ്യാസ ഓഫീസർ നടപ്പിലാക്കുന്നു.

4.1.4.5 സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹ്യപങ്കാളിത്തം വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

4.1.4.6 ടാലന്റ് ലാബ്, ജൈവവൈവിധ്യപാർക്ക് എന്നിവയെക്കുറിച്ച് ഹെഡ്മാസ്റ്റർമാർക്ക് ധാരണ നൽകിയിട്ടുണ്ടെങ്കിലും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല.

4.1.4.7 വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകമായി ഏറ്റെടുത്ത ലൈബ്രറി ശാക്തീകരണം, ലബോറട്ടറി ശാക്തീകരണം, ഉച്ചഭക്ഷണം കാര്യക്ഷമമാക്കൽ എന്നിവ ഭൂരിപക്ഷം വിദ്യാഭ്യാസ ഓഫീസർമാരും ഫലപ്രദമായി നടപ്പിലാക്കുന്നില്ല. വളരെ ചെറിയ ശതമാനം വിദ്യാഭ്യാസ ഓഫീസർമാർ മാത്രമേ അത് ഗൗരവമായി ഏറ്റെടുത്തിട്ടുള്ളൂ. സംസ്ഥാനതലത്തിലുള്ള മോണിറ്ററിംഗിന്റെ അഭാവം ഈ പരിപാടി ഫലപ്രദമായി നടപ്പിലാക്കപ്പെടാതിരിക്കുവാൻ കാരണമായിട്ടുണ്ട്.

4.1.4.8 ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുവാനുമുള്ള ശ്രമങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ നടത്തുന്നുണ്ട്. സൗഹൃദപരമായ ഓഫീസ് എന്ന ആശയം എല്ലാവരിലും വേണ്ടത്ര എത്തിയതായി തോന്നുന്നില്ല.

4.1.4.9 കൃത്യമായ ടൈംഷെഡ്യൂൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന ശീലം അപൂർവ്വം വിദ്യാഭ്യാസ ഓഫീസർമാരിൽ മാത്രമേ കാണുന്നുള്ളൂ.

4.1.4.10 ലെവൽ-2 ശാക്തീകരണത്തിൽ താഴെപറയുന്ന വിഷയ മേഖലകൾ ഉൾപ്പെടത്തണമെന്ന ആവശ്യമുണ്ടായിട്ടുണ്ട്.

4.1.4.11 ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, സ്ട്രസ് മാനേജ്മെന്റ്, ബിഹേവിയർ മാനേജ്മെന്റ്, റിലേഷൻഷിപ്പ് മാനേജ്മെന്റ്, അക്കാദമിക മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ കൂടുതൽ ധാരണയും കഴിവും ഉണ്ടാകത്തക്ക രീതിയിലുള്ള സെഷനുകൾ വേണമെന്നും ഓഫീസ് മാനേജ്മമെന്റ്, ദുരന്തനിവാരണം, സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം (വിദ്യാഭ്യാസ പ്രക്രിയയിൽ), വിവരാവകാശനിയമം, ഉൾച്ചേർന്നവിദ്യാഭ്യാസം, കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പഠനവിലയിരുത്തൽ, കൗൺസലിംഗ് എന്നീ മേഖലകൾ പുതുതായി ഉൾപ്പെടുത്തണമെന്നും ആവശ്യമുണ്ടായിട്ടുണ്ട്.

## 4.2 നിർദ്ദേശങ്ങൾ

പ്രൈമറി പ്രഥമാധ്യാപകർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ എന്നിവരുടെ ലെവൽ-1 ശാക്തീകരണ പരിപാടിയുടെയും ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ നേതൃത്വശേഷി ശാക്തീകരണ പരിപാടിയുടെയും ഫലപ്രാപ്തി കണ്ടെത്തൽ, ഈ

വിഭാഗത്തിൽപെട്ടവരുടെ ലെവൽ-2 ശാക്തീകരണാവശ്യങ്ങൾ കണ്ടെത്തൽ എന്നിവയ്ക്കായി നടന്ന പഠനത്തിന്റെ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

4.2.1 പ്രൈമറി, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർ സെക്കന്ററി പ്രിൻസിപ്പൽ, വിദ്യാഭ്യാസ ഓഫീസർ എന്നീ തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും പ്രൊമോഷൻ ലഭിക്കുവാൻ സാധ്യതയുള്ള അധ്യാപകർക്ക് 15 ദിവസത്തിൽ കുറയാത്ത ശാക്തീകരണ പരിപാടി നടത്തുന്നത് ഉചിതമായിരിക്കും. അതിൽ പ്രഥമാധ്യാപകർ, പ്രിൻസിപ്പൽ, വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ കടമകൾ ഉത്തരവാദിത്വങ്ങൾ, അവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട വ്യത്യസ്ത മാനേജ്മെന്റ് വിഷയ മേഖലകൾ എന്നിവയിൽ ആഴത്തിലുള്ള ധാരണയും നൈപുണിയും വികസിപ്പിക്കണം.

4.2.2 പ്രൈമറി, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽ, വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അവരിൽ നിന്ന് ശാക്തീകരണാവശ്യങ്ങൾ കണ്ടെത്തുന്നതിനായുള്ള വ്യത്യസ്ത മാർഗ്ഗങ്ങൾ അവലംബിക്കണം.

4.2.3 ശാക്തീകരണ പരിപാടിയിലെ സെഷനുകളിൽ ഉൾപ്പെടുത്തിയ വിഷയമേഖലകളിലെ മൊഡ്യൂളുകൾ തയ്യാറാക്കുമ്പോൾ പ്രഥമാധ്യാപകർ (പ്രൈമറി/ഹൈസ്കൂൾ) പ്രിൻസിപ്പൽ (ഹയർ സെക്കന്ററി) വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കേസുകൾ, അനുഭവങ്ങൾ, മികവുകൾ എന്നിവ പരിഗണിക്കണം.

4.2.4 അക്കാദമിക മാനേജ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സെഷനുകൾ ആസൂത്രണം ചെയ്യണം.

4.2.5 ഓരോ സെഷനിലും ഒന്നിലധികം വിഷയവിദഗ്ദ്ധർ ടീമായി ക്ലാസ് കൈകാര്യം ചെയ്യുന്നരീതി ഫലപ്രദമായിരിക്കും.

4.2.6 പല വിഷയമേഖലയുമായി ബന്ധപ്പെട്ട ധാരണ നേടുന്നതിനും നൈപുണി വികസനത്തിനും പ്രാക്ടിക്കൽ രീതി, വർക്ക്ഷോപ്പ് മോഡൽ എന്നീ തന്ത്രങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. കൂടാതെ ചില വിഷയ മേഖലയുമായി ബന്ധപ്പെട്ട് നേരനുഭവം ലഭ്യമാക്കുവാനുതകുന്ന Hands on Training, വിദ്യാലയ സന്ദർശനം തുടങ്ങിയ തന്ത്രങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

4.2.7 ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നടപ്പിലാക്കുന്ന നൂതനവും മാതൃകാപരവുമായ വിദ്യാഭ്യാസ/വിദ്യാലയ പ്രവർത്തനങ്ങൾ പങ്കുവെക്കുവാനുള്ള അവസരം ഒരുക്കണം. ഇതിനായി വിദ്യാഭ്യാസ വിദഗ്ദ്ധരുമായി അഭിമുഖം, വിദഗ്ദ്ധരുടെ ക്ലാസ്, വീഡിയോ ക്ലിപ്പിംഗ് തുടങ്ങിയ രീതികൾ ഉപയോഗിക്കാവുന്നതാണ്.

4.2.8 പങ്കാളിത്ത പരിശീലന തന്ത്രങ്ങളിലൂടെ തന്നെയാണ് മിക്ക സെഷനുകളും ലെവൽ-1 ശാക്തീകരണ പരിപാടിയിൽ പുരോഗമിച്ചിരുന്നത്. ഗ്രൂപ്പ് പ്രവർത്തനം, ചർച്ച, കേസ് അപഗ്രഥനം തുടങ്ങിയ വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. ഇവ കൂടാതെ സെമിനാർ, പാനൽ ചർച്ച, അഭിമുഖം, പ്രൊജക്ട് രീതി തുടങ്ങിയ തന്ത്രങ്ങളുടെയും സാധ്യതകൾ സെഷനുകളിൽ സ്വീകരിക്കാവുന്നതാണ്.

4.2.9 കുട്ടികളുടെ പഠന മികവിനായും ഓഫീസ് പ്രവർത്തനങ്ങൾ ആയാസരഹിതവും ലളിതവും സുതാര്യവുമാക്കുന്നതിനും സാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിൽ പ്രഥമാധ്യാപകർ, പ്രിൻസിപ്പൽ, വിദ്യാഭ്യാസ ഓഫീസർ എന്നിവരെ പ്രാവീണ്യമുള്ളവരാക്കാനുതകുന്ന സെഷനുകൾക്ക് പ്രാധാന്യം നൽകണം.

4.2.10 ലെവൽ-1 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയ ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് മാനേജ്മെന്റ്, സ്ട്രസ് മാനേജ്മെന്റ്, ബിഹേവിയർ മാനേജ്മെന്റ്, അക്കാദമിക മാനേജ്മെന്റ്, റിലേഷൻഷിപ്പ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ആഴത്തിലുള്ള ധാരണയും നൈപുണിയും നേടുവാനുതകുന്ന രീതിയിലുള്ള സെഷനുകൾ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തണം.

4.2.11 ഓഫീസ് മാനേജ്മെന്റ്, ദുരന്തനിവാരണം, സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം, വിവരാവകാശ നിയമം, ഉൾച്ചേർന്ന വിദ്യാഭ്യാസം, കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പഠനവിലയിരുത്തൽ, കൗൺസലിംഗ് തുടങ്ങിയ മേഖലകൾ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തണം.

4.2.12 ക്ലാസ് മോണിറ്ററിംഗ്, എസ്.ആർ.ജി. പ്രവർത്തനങ്ങൾ, സബ്ജക്ട് കൗൺസലിംഗ്, ക്ലാസ് റൂം ആസൂത്രണവും മാനേജ്മെന്റും, പഠനവിഭവ മാനേജ്മെന്റ്, നിരന്തരമായ പഠന വിലയിരുത്തലും പരിഹാര പ്രവർത്തനങ്ങളും തുടങ്ങിയ അക്കാദമിക മേഖലകളിൽ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ Hands on Training രീതിശാസ്ത്രം പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും.

4.2.13 സ്കൂൾ മാസ്റ്റപ്ലാൻ, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ ശാസ്ത്രീയമായി വികസിപ്പിക്കുവാനുള്ള ശില്പശാലകൾ ഉണ്ടാകേണ്ടതുണ്ട്.

4.2.14 സ്കൂൾ രേഖകൾ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തൽ, അവ സൂക്ഷിക്കൽ, ധനപരമായ വൗച്ചറുകൾ, രേഖകൾ, പർച്ചേസുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ തുടങ്ങിയവ നിയമാനുസരണം തയ്യാറാക്കുവാനും സൂക്ഷിക്കുവാനുമുള്ള ധാരണ വികസിപ്പിക്കണം.

4.2.15 ഭരണപരമായ പ്രശ്നനിർദ്ധാരണം സാധ്യമാക്കുന്നതിന് നിയമപരമായ ധാരണ (കെ.എസ്.ആർ, കെ.ഇ.ആർ.) വളർത്തുന്ന സെഷനുകൾ ഉണ്ടാകണം.

4.2.16 എല്ലാ ക്ലാസുകളിലെയും എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന നേട്ടങ്ങൾ, പ്രധാനാശയങ്ങൾ, ക്ലാസ് റൂം പഠനാനുഭവങ്ങൾ എന്നിവയെക്കുറിച്ച് ഏകദേശ ധാരണ ലഭിക്കത്തക്ക സെഷനുകൾ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തണം.

4.2.17 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ എന്നിവയുടെ ശരിയായ ആസൂത്രണം, മാനേജ്മെന്റ്, പഠനത്തിൽ അവയുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട ധാരണകൾ വളർത്തണം.

4.2.18 ടാലന്റ് ലാബ്, ജൈവവൈവിധ്യ പാർക്ക് എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക സെഷനുകളും പങ്കാളികൾക്ക് നേരനുഭവങ്ങൾ ഒരുക്കുവാൻ പാകത്തിൽ ഇവ മികച്ച രീതിയിൽ ആസൂത്രണം ചെയ്ത വിദ്യാലയങ്ങൾ സന്ദർശിക്കുവാനുള്ള അവസരങ്ങളും ഉണ്ടാകണം.

4.2.19 സൗഹൃദപരമായ ഓഫീസ് എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ധാരണയുണ്ടാകണം.

4.2.20 അധ്യാപനത്തിലെ നൂതനപ്രവണതകൾ, വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ, ക്രിയാഗവേഷണം തുടങ്ങിയവയെക്കുറിച്ച് ധാരണ വളർത്തിയെടുക്കണം.

4.2.21 ഹെഡ്മാസ്റ്റർമാർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് ഫിനാൻസ് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ധാരണ വളർത്തുന്നതോടൊപ്പം ഓഫീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾക്കും ഈ മേഖലയിൽ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കണം.

4.2.22 കോടതി സംബന്ധമായ കാര്യങ്ങൾ, പെൻഷൻ ആനുകൂല്യവ്യവസ്ഥകൾ, അച്ചടക്ക നപടപടികൾ, നിയമന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച സെഷനുകൾ വിദ്യാഭ്യാസ ഓഫീസർമാരുടെ ലെവൽ-2 ശാക്തീകരണപരിപാടികളിൽ ഉൾപ്പെടുത്തണം.

4.2.23 ലെവൽ-1 ശാക്തീകരണപരിപാടിയിൽ പങ്കെടുത്തതിനുശേഷം അവരവരുടെ വിദ്യാലയങ്ങൾ/പ്രവർത്തന മേഖലകളിൽ നടപ്പിലാക്കിയ സവിശേഷ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുവാനുള്ള സെഷനുകൾ ലെവൽ-2 ശാക്തീകരണ പരിപാടിയിൽ ഉണ്ടായിരിക്കണം.

4.2.24 ഓരോ ലെവൽ ശാക്തീകരണ പരിപാടിയുടെയും തുടർച്ചയായി ഫോളോ അപ് പരിപാടികൾ ആസൂത്രണം ചെയ്യണം. ഇതിനായി ഓരോ ജില്ലയിലെയും ഡയറ്റ് പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് ഫാക്കൽറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ശാക്തീകരണ പരിപാടിയിൽ പങ്കെടുത്ത പ്രഥമാധ്യാപകർ, പ്രിൻസിപ്പൽമാർ എന്നിവരുടെ വിദ്യാലയങ്ങൾ സന്ദർശിക്കൽ, പ്രവർത്തന റിപ്പോർട്ട് സീമാറ്റ്-കേരളയിൽ ലഭ്യമാക്കൽ, റിവ്യൂ മീറ്റിംഗുകൾ തുടങ്ങിയ രീതികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

4.2.25 നേരിട്ടുള്ള ശാക്തീകരണ പരിപാടിയോടൊപ്പം ഓൺലൈൻ ശാക്തീകരണ മാർഗ്ഗങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യാവുന്നതാണ്.

4.2.26 ലെവൽ-1 ശാക്തീകരണ പരിപാടിയിൽ പങ്കാളികളായ ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഓഫീസർമാർ, ആർ.പി. മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ, സീമാറ്റ്-കേരളയിലെ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ ഓൺലൈൻ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും ആവശ്യമായ സംശയ നിവാരണം, നിരന്തരമായ റിവ്യൂ, മികച്ച വിദ്യാലയാനുഭവങ്ങൾ പങ്കുവെക്കൽ, നൂതന വിദ്യാഭ്യാസരീതികൾ പങ്കുവെക്കൽ, നൂതന മാനേജ്മെന്റ് രീതികൾ പങ്കുവെക്കൽ, വിദ്യാഭ്യാസപരമായ പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യാവുന്നതാണ്.

4.2.27 ശാക്തീകരണ പരിപാടികളിൽ മികച്ച രീതിയിൽ പങ്കാളികളാകുന്ന ഒരു നിശ്ചിത എണ്ണം ഹെഡ്മാസ്റ്റർമാർ (പ്രൈമറി, ഹൈസ്കൂൾ), പ്രിൻസിപ്പൽമാർ (ഹയർ സെക്കന്ററി) എന്നിവരെ ഓരോ ജില്ലയിൽ നിന്നും കണ്ടെത്തി അവരുടെ വിദ്യാലയങ്ങൾ മാതൃകാവിദ്യാലയങ്ങളായി ഉയർത്തുവാനുള്ള പ്രത്യേക പ്രോജക്ട് സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കാവുന്നതാണ്. അതുപോലെ തന്നെ ഓരോ ജില്ലയിൽ നിന്നും നിശ്ചിത എണ്ണം വിദ്യാഭ്യാസ ഓഫീസർമാരെ കണ്ടെത്തി അവരുടെ ഓഫീസുകൾ മാതൃകാ ഓഫീസുകളായി വികസിപ്പിക്കാവുന്നതാണ്.

# അനുബന്ധം

- ചോദ്യാവലി
- നിരീക്ഷണപത്രിക

## സീമാറ്റ്– കേരള

## ഹെഡ്മാസ്റ്റർ /പ്രിൻസിപ്പൽ/ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്കു വേണ്ടിയുള്ള ലെവൽ – 2 ശാക്തീകരണാവശ്യങ്ങൾ കണ്ടെത്താനുള്ള ഫോർമാറ്റ്

**പേര്** ---------------------------------

**ഔദ്യോഗിക സ്ഥാനം** ---------------------------------

സ്ഥാപനത്തിന്റെ പേര് --------------- ------------------

ഉപജില്ല ---------------------------- ------

ജില്ല ---------------------------------

ഫോണ് നമ്പർ ---------------------------------

1. പരിശീലനത്തിലെ പങ്കാളിയെന്ന നിലയിൽ പരിശീലനത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം

   ഏറെ പ്രയോജനപ്രദം ☐ പ്രായോജനപ്രദം ☐ അത്രതന്നെ പ്രയോജനപ്രദമല്ല ☐

2. പരിശീലനത്തിലൂടെ ലഭിച്ച ധാരണകളിലും ശേഷികളിലും നിങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞവ എന്തൊക്കെ ?

   -
   -
   -

3. പരിശീലനത്തിലൂടെ സ്ഥാപന മോധാവി എന്ന നിലയിൽ താങ്കളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത് ?

   -
   -
   -

4. പരിശീലനത്തിനു ശേഷം അക്കാദമിക നിലവാരം ഉയർത്താൻ നടത്തിയ ഇടപെടലുകൾ എന്തെല്ലാം ?

-
-
-
-

5. ഈ വർഷം നടപ്പാക്കാൻ ആരംഭിച്ച അക്കാദമിക മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ ഏതൊക്കെ ? (ഹെഡ് ്മാസ്റ്റർമാർ മാത്രം പൂരിപ്പിച്ചാൽ മതി.)

-
-
-
-
-

6. പരിശീലനത്തിനു ശേഷം സമൂഹ സമ്പർക്ക പരിപാടികളിൽ ഫലപ്രദമായ മാറ്റം ഉണ്ടാക്കാൻ

കഴിഞ്ഞിട്ടുണ്ടോ ? ഉണ്ട് / ഇല്ല

a) ഉണ്ടെങ്കിൽ അത് ഏതെല്ലാം മേഖലകളിൽ പ്രതിഫലിച്ചിട്ടുണ്ട് ?

7. ടാലന്റ് ലാബ്, ജൈവവൈവിധ്യ പാർക്ക് എന്നിവയെക്കുറിച്ച് ലഭിച്ച ധാരണ താങ്കളുടെ വിദ്യാലയ സാഹചര്യത്തിൽ നടപ്പിലാക്കാൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട് ? / താങ്കളുടെ പരിധിയിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട് ?

8. പരിശീലനത്തിനു ശേഷം താങ്കളുടെ പരിധിയിലുള്ള വിദ്യാലയങ്ങളിൽ നടപ്പിലാക്കുവാൻ ഏറ്റെടുത്ത മേഖല എന്താണ് ?

ഈ മേഖലയിൽ താങ്കൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി കുറിക്കുക

(വിദ്യാഭ്യാസ ഓഫീസർമാർ മാത്രം)

- 
- 
- 
- 

9. ലെവൽ 2 പരിശീലനത്തിൽ കൂടുതൽ ധാരണ വേണമെന്ന് താങ്കൾ കരുതുന്ന മേഖലകൾക്ക് മുൻഗണന ക്രമം നിശ്ചയിക്കുക

| SL.No | Areas of Capacity Enhancement Programme(CEP) | Priority |
|---|---|---|
| 1. | Adolescent Behaviour | |
| 2. | Relationship Management (Communication, listening) | |
| 3. | Legal awareness – POCSO, JJ Act., Child Rights, Child Line | |
| 4. | Behaviour Management | |
| 5. | Time Management& Planning | |
| 6. | Leadership skills and Team Building | |
| 7. | Finance Management & Administrative Management | |
| 8. | Stress Management (Yoga & Meditation) | |
| 9. | Duties and Responsibilities Monitoring , Creating democratic setup etc | |
| 10. | Academic Master Plan and Monitoring | |
| 11. | Innovative/ Best practices | |

10. താഴെകൊടുത്ത മേഖലകളിൽ ലെവൽ 2 പരിശീലനത്തിൽ ഉൾപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നവ അടയാളപ്പെടുത്തുക

| | | |
|---|---|---|
| 1) | അക്കാദമിക മാനേജ്മെന്റ് | |
| 2) | സാമൂഹ്യ ഘടകങ്ങളെ പ്രയോജനപ്പെടുത്തൽ | |
| 3) | സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം | |
| 4) | വിലയിരുത്തൽ (Assessment) | |
| 5) | ഓഫീസ് മാനേജ്മെന്റ് | |
| 6) | ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) | |
| 7) | വിവരാവകാശം | |
| 8) | ദുരന്ത നിവാരണം (Disaster Management) | |
| 9) | കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ (Scholarship and Grants) | |
| 10) | കൗൺസിലിംഗ് | |
| **മറ്റ് മേഖലകൾ** | | |
| 11) | | |
| 12) | | |
| 13) | | |
| 14) | | |
| 15) | | |

## നിരീക്ഷണപത്രിക

വിവരണ ശേഖരണത്തിന് പോകുന്നവർ സ്ഥാപനമേധാവിയുമായുള്ള ചർച്ചയ്ക്ക് ശേഷം വിദ്യാലയ പ്രവർത്തനങ്ങളും പരിസരവും നിരീക്ഷിച്ച് എഴുതേണ്ടത് .

## നിരീക്ഷണ സൂചകങ്ങൾ

1. ഓഫീസ് പ്രവർത്തനങ്ങൾ
2. ടീച്ചിംങ് മാന്വൽ രജിസ്റ്റർ
3. എസ്.ആർ.ജി മിനിട്ട്സ്
4. ക്ലാസ് മോണിറ്ററിംഗ്
5. അക്കാദമിക മാസ്റ്റർ പ്ലാൻ
6. ലാബ്
7. ലാബോറട്ടറി
8. ഉച്ചഭക്ഷണം
9. കുടിവെള്ളം
10. ശുചിത്വം
11. ജൈവ വൈവിധ്യ ഉദ്യാനം / ടാലന്റ് ലാബ്
12. സൗഹൃദപരമായ ഓഫീസ് സംവിധാനം
13. സമയബന്ധിത പ്രവർത്തനങ്ങൾ
14. നേതൃഗുണം
15. വിദ്യാഭ്യാസ ഓഫീസർമാർ ഏറ്റെടുത്ത മേഖലയിലുള്ള പ്രവർത്തന പുരോഗതി.